മുഹമ്മദ് ബ്നുൽ ഹനഫിയ്യ (റ)

- അലിയാരുടെ പുത്രൻ..
- ഹസൻ-ഹുസൈൻ സഹോദരൻ
- അഹ്ലുസ്സുന്നയുടെ രാഷ്ട്രീയ നിലപാടിൽ ഉറച്ചുനിന്ന ജ്ഞാന തേജസ്സ്..
- 'അഹ്ലുൽ ബൈത് രാഷ്ട്രീയ'ത്തിനും 'ആത്മീയത'യ്ക്കും കൂട്ടുനിൽക്കാത്ത ധീരപോരാളി.
- ചരിത്രത്തിലെ ആദ്യ നിർമ്മിത മഹ്ദി..

അനുബന്ധ ലേഖനങ്ങളും..

സ്വാലിഹ് നിസാമി പുതുപൊന്നാനി

മുഹമ്മദ് ബ്നുൽ ഹനഫിയ്യ

അലിയ്യ് ബ്നു അബീത്വാലിബിന്റെ പുത്രന്മാരിൽ പ്രമുഖനാണ് മുഹമ്മദ് ബ്നുൽ ഹനഫിയ്യ. രാഷ്ട്രീയനിലപാടുകളിലും നയങ്ങളിലും സമീപനങ്ങളിലും പിതാവിൽ നിന്നും സഹോദരങ്ങളിൽ നിന്നും വ്യത്യസ്തനായിരുന്നു ഇബ്നുൽഹനഫിയ്യ. സഹോദരങ്ങളെക്കാൾ മികച്ച പണ്ഡിതനും വൈജ്ഞാനിക സേവനത്തിനു സൗഭാഗ്യം ലഭിച്ച മഹാനുമായിരുന്നു. തഫ്സീർ, ഫിഖ്ഹ്, സാഹിത്യം, ചരിത്രം തുടങ്ങിയ വൈജ്ഞാനിക ശാഖകളിൽ ഈ സംഭാവന പരന്നുകിടക്കുന്നു. അലിയുടെ വിജ്ഞാനത്തിലേക്കുള്ള പ്രധാന കവാടമായി വർത്തിച്ചു. വ്യക്തിജീവിതത്തിൽ പരിശുദ്ധനായ അദ്ദേഹത്തെ വിപ്ലവകാരിയായിരുന്ന മുഖ്താറുസ്സഖഫി അദ്ദേഹമറിയാതെയും സമ്മതിക്കാതെയും മഹ്ദിയായി പ്രഖ്യാപിച്ചു. ജനങ്ങൾക്കിടയിൽ അതിനു സ്വീകാര്യത ലഭിക്കുമെന്ന് മുഖ്താർ മനസിലാക്കിയിരുന്നു. മുആവിയ മുതൽ അബ്ദുൽ മലിക്ബ്നു മർവാൻ വരെയുള്ള ഉമവിയ്യ ഖലീഫമാരെ പിന്തുണച്ചു. യസീദിനെതിരെ പടയ്ക്കൊരുങ്ങി കൂഫയിലേക്ക് പുറപ്പെടാൻ തയ്യാറായ സഹോദരൻ ഹുസൈനെ ഗുണദോഷിച്ച് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ഹുസൈന്റെ കൂടെ തന്റെ മക്കളിൽ ആരെയും പറഞ്ഞയച്ചില്ല. കർബലാ ദുരന്തത്തിനു ശേഷം യസീദുമായി നല്ല ബന്ധം തുടർന്നു. യസീദിനെ ബഹിഷ്കരിക്കാൻ മദീനയിൽ ചിലർ സംഘം ചേരുകയും അവരുടെ രാഷ്ട്രീയ താല്പര്യങ്ങൾക്ക് നബികുടുംബത്തെ വലിച്ചിഴക്കാൻ ശ്രമിക്കുകയും ചെയ്തവരിൽ നിന്നും 'അഹ്ലുൽ ബൈത്ത്' പിന്മുറക്കാരെ സംരക്ഷിക്കാൻ നിലകൊണ്ട പക്വമതിയായിരുന്നു ഇബ്നുൽഹനഫിയ്യ. 'അഹ്ലുൽ ബൈത്ത്' ചരിത്രത്തിൽ അർഹിക്കുന്ന സ്ഥാനം ലഭിക്കാതെ പോയ ഇബ്നുൽ ഹനഫിയ്യയെ പരിചയപ്പെടാം.

നബിയുടെ പേരും വിളിപ്പേരുമുള്ള ആദ്യത്തെ ഹാശിമിയും ഖുറൈശിയുമാണ് അബുൽ ഖാസിം മുഹമ്മദ് ഇബ്നുൽ ഹനഫിയ്യ. ഉമ്മ ഖൗല ബിൻത് ജഅഫർ അൽ ഹനഫിയ്യ. 'ഉമ്മയുടെ മകനാ'യാണ് അറിയപ്പെട്ടത്. മതപരിത്യാഗികളുമായുള്ള യുദ്ധത്തിൽ തടവിൽ പിടിക്കപ്പെട്ട സ്ത്രീയാണ് ഖൗല. യമനിലെ സബീദുകാരി ആണെന്നും അംറുബ്നു മഅദിയ്യ് ബ്നു കർബിനോടൊപ്പം ഇസ്‌ലാം ഉപേക്ഷിച്ചതായിരുന്നു ഖൗലയുടെ കുടുംബമെന്നും അവരുമായുള്ള പോരാട്ടത്തിൽ പിടികൂടപ്പെടുകയും അലിയുടെ ഓഹരിയിൽ വരികയായിരുന്നുവെന്നും ദുർബ്ബലമായ ഒരു ചരിത്ര പക്ഷമുണ്ട്.[1]

ബനൂ ഹനീഫക്കാരി തന്നെയാണോ, അവരുടെ കുടുംബത്ത് ജീവിച്ചിരുന്ന 'അടിമ സ്ത്രീ' ആയിരുന്നോ എന്നകാര്യത്തിൽ അഭിപ്രായ വ്യത്യാസം കാണുന്നു. ഇബ്നുൽ ഹനഫിയ്യ പിതാവിനെ ഉദ്ധരിക്കുന്ന ഒരു ഹദീസിൽ, 'അബുൽ ഖാസിം മുഹമ്മദ്' എന്ന നാമകരണത്തിന്റെ ചരിത്രം വെളിപ്പെടുത്തുന്നുണ്ട്. അതിപ്രകാരം വായിക്കാം : "അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ വിയോഗത്തിനു ശേഷം എനിക്കൊരു ആൺകുഞ്ഞ് ജനിച്ചാൽ അവനു ഞാൻ അങ്ങയുടെ പേരും വിളിപ്പേരും വെക്കട്ടെയോ".[2] അലിയുടെ പ്രത്യേക താൽപര്യത്തെ നബി അംഗീകരിച്ചുവെന്നാണ് ചരിത്രം.

ഇബ്നുൽ ഹനഫിയ്യയുടെ ജനനം ഉമർ ബ്നുൽ ഖത്വാബിന്റെ ഖിലാഫത്ത് കാലത്താണെന്നും ഖലീഫയെ കണ്ടിട്ടുണ്ടെന്നും മിയ്ക്ക ചരിത്രകാരന്മാരും രേഖപ്പെടുത്തുന്നു. ഖലീഫ അബൂബക്ർ സ്വിദ്ധീഖിന്റെ കാലത്ത് ജനിച്ചിട്ടുണ്ടെന്ന് വാഖിദിയെ ഉദ്ധരിച്ച് ഇബ്നുസഅദ് ത്വബഖാത്തിലും, രണ്ടാം ഖലീഫയുടെ വിയോഗത്തിന്റെ മൂന്നുവർഷം മുമ്പായിരുന്നുവെന്ന് (ഹി 19 / 20) ഇബ്നു ഹിബ്ബാൻ ഉദ്ധരിച്ച റിപ്പോർട്ടിലും കാണുന്നത് കൃത്യമല്ലെന്ന് മനസ്സിലാക്കാം. 16/ 673 ൽ ജനിച്ചുവെന്ന പക്ഷമാണ് പ്രബലം. ചെറുപ്പത്തിൽ സഹോദരി ഉമ്മു

---

[1] ബലാദുരി/അൻസാബുൽ അഷ്റാഫ്

[2] (അബൂ ദാവൂദ് 4967, തിർമിദി 2843 , അഹ്മദ് 1/ 95. സ്വഹീഹെന്ന് തിർമിദി സാക്ഷ്യപ്പെടുത്തുന്നു).

കുൽസൂമിന്റെ(ഖലീഫ ഉമറിന്റെ ഭാര്യയായ അലിയുടെ പുത്രി) **വീട്ടിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ അവിടേക്ക് കടന്നുവന്ന ഖലീഫ ഉമർ ഇബ്നുൽ ഹനഫിയ്യക്ക് മിഠായി നൽകിയ സംഭവം ഇബ്നു അസാകിർ താരീഖുദിമിശ്ഖ് 54 / 318 ലും ഹാഫിള് ദഹബി സിയറു അഅലാമിന്നുബലാ 6 / 181 ലും രേഖപ്പെടുത്തുന്നുണ്ട്. സംഭവ ബഹുലമായ ജീവിതത്തിനൊടുവിൽ, അറുപത്തി അഞ്ചാം വയസ്സിൽ, 81/ 700 ൽ, ഇബ്നുൽ ഹനഫിയ്യ മരണപ്പെട്ടു. മരണ വർഷവുമായി ബന്ധപ്പെട്ടും അഭിപ്രായ വ്യത്യാസങ്ങൾ കാണുന്നു. ഹിജ്റ എമ്പതിന് ശേഷമാണ് മരണമെന്ന് ഇബ്നുൽ ജൗസി 'അൽ മുന്തളം' 6/ 228 ലും ഹാഫിള് ഇബ്നു ഹജർ 'തഖ്രീബ് 6157 ലും രേഖപ്പെടുത്തിയിരിക്കുന്നു.**

പിതാവ് അലിയുടെ കൂടെയായിരുന്നു ഇബ്നുൽഹനഫിയ്യയുടെ ജീവിതം. അലിയുടെ വീട്ടിൽ മറ്റു സഹോദരങ്ങൾക്കൊപ്പം വളർന്നു. പിതാവിന്റെ ഇഷ്ട പുത്രനായിരുന്നു. പിതാവിൽ നിന്നും ധാരാളം പഠിക്കാൻ അവസരം ലഭിച്ചു. പിതാവിനോടൊപ്പം പ്രധാന സന്ദർഭങ്ങളിലെല്ലാം കൂടെയുണ്ടായിരുന്നു. പ്രക്ഷോഭകാരികൾ മൂന്നാം ഖലീഫ ഉസ്മാനു ബ്നു അഫ്ഫാനെ വീട്ടിൽ കയറി വധിച്ച വാർത്ത ലഭിക്കുമ്പോൾ താൻ പിതാവിന്റെ സമീപത്തുണ്ടായിരുന്നുവെന്ന് ഇബ്നുൽ ഹനഫിയ്യ വെളിപ്പെടുത്തിയിട്ടുണ്ട്.

അലിയുടെ മക്കളിൽ പിതാവിൽനിന്നും കൂടുതൽ ഹദീസുകൾ നിവേദനം ചെയ്തത് ഇബ്നുൽ ഹനഫിയ്യ ആയിരുന്നു.അദ്ദേഹം പറഞ്ഞു: "ഹസനും ഹുസൈനും എന്നെക്കാളും ഉത്തമരായിരുന്നു; എന്നാൽ, പിതാവിന്റെ ഹദീസുകൾ അവരെക്കാൾ എനിക്കാണ് കൂടുതൽ അറിയുക".[3] അലിയിൽ നിന്നുള്ള ഏറ്റവും വിശ്വസ്തമായ നിവേദനങ്ങൾ ഇബ്നുൽ ഹനഫിയ്യ ഉദ്ധരിക്കുന്നവയാണെന്ന് മുഹദ്ദിസുകൾ ഏകോപിച്ചു പറയുന്നു: "അലിയിൽ നിന്നും മുഹമ്മദ് ബ്നുൽ ഹനഫിയ്യ നിവേദനം

---

[3] (താരീഖു ഇബ്നു അബീ ഖൈസമ: 3846, താരീഖു ദിമിശ്ഖ് 54/ 331, ശീറാസി/ ത്വബഖാത്തുൽ ഫുഖഹാ 1/ 62).

ചെയ്തതിനേക്കാൾ പ്രബലമായ ഹദീസുകളെയോ, അലിയിൽ നിന്നും അദ്ദേഹത്തേക്കാൾ കൂടുതലായി നിവേദനം ചെയ്തവരെയോ ഞങ്ങൾക്കറിയില്ല"ന്ന് മുഹദ്ദിസുകൾ പ്രസ്താവിച്ച സംഗതി ഹാഫിള് ഇബ്നു അസാകിർ താരീഖു ദിമിശ്ഖ് 54 / 331 ലും ഹാഫിള് മിസ്സി തഹ്ദീബുൽ കമാൽ 26 / 147 ലും രേഖപ്പെടുത്തുന്നു. ഹസനും ഹുസൈനും നേരത്തെ മരണപ്പെട്ടതിനാൽ വൈജ്ഞാനിക വേദികളിൽ അവരേക്കാൾ കൂടുതൽ പങ്കു വഹിക്കാൻ അവസരം ലഭിച്ചതുകൊണ്ടാണ് ഈ വ്യത്യാസം സംജാതമായതെന്നും പറയാം.

ചെറുപ്പത്തിലേ ആരോഗ്യ ദൃഢഗാത്രനായി വളർന്ന ഇബ്നുൽ ഹനഫിയ്യയെ പലപ്പോഴും പിതാവ് യുദ്ധമുഖത്ത് നിർത്തി. ഒരിക്കൽ പിതാവ് നീളം കൂടിയ ഒരു പടയങ്കി കൊടുത്തിട്ട് അതിൽ നിന്നും ഏതാനും കണ്ണികൾ നീക്കം ചെയ്ത് ചെറുതാക്കാൻ ആവശ്യപ്പെട്ടു. ഇബ്നുൽ ഹനഫിയ്യ ഒരു കയ്യിൽ പടയങ്കി പിടിച്ച് മറ്റേകൈകൊണ്ട്, പിതാവ് അടയാളപ്പെടുത്തിയ അത്രയും കണ്ണികൾ വലിച്ചു പൊട്ടിച്ചു വലുപ്പം പാകമാക്കിക്കൊടുത്തു. മുആവിയ ഭരിക്കുന്ന കാലത്ത്, റോമൻ മല്ലനുമായി മൽപ്പിടുത്തത്തിന് തയ്യാറായ സംഭവം ഇബ്നുൽ ഹനഫിയ്യയുടെ കരുത്ത് തെളിയിക്കുന്ന മറ്റൊരു പ്രധാന രംഗമാണ്. ശാരീരിക കരുത്തിൽ ലോകാത്ഭുതമായ രണ്ടു പേരെ അയക്കാൻ മുആവിയയോട് റോം രാജാവ് ആവശ്യപ്പെട്ടപ്പോൾ ഇബ്നുൽ ഹനഫിയ്യയെ പറഞ്ഞയച്ചു. റോമക്കാരൻ മല്ലൻ കളത്തിലിറങ്ങിയപ്പോൾ ഇബ്നുൽ ഹനഫിയ്യ പറഞ്ഞു: അവിടെ ഇരിക്കാൻ അവനോട് പറയുക, അവന്റെ കൈ എനിക്ക് തരിക, ഞാനവനെ എഴുന്നേല്പിക്കാം; അല്ലെങ്കിൽ എന്നെ അവൻ ഇരുത്തട്ടെ. ഒന്നുകിൽ ഞാനവനെ എഴുന്നേല്പിക്കും; അല്ലെങ്കിൽ എന്നെ അവൻ ഇരുത്തും; നോക്കാം". മല്ലൻ സമ്മതിച്ചു. ഒരു ഭാഗത്ത് ഇരുന്നു. മൽപ്പിടുത്തം നടന്നു. ഇബ്നുൽ ഹനഫിയ്യ അയാളെ നിഷ്പ്രയാസം പൊക്കി നിറുത്തി.[4] 'സമാന കരുത്തായിരുന്നത്രെ അബ്ദുല്ലാഹി ബ്നു സ്സുബൈറിനും. ജമൽ, സ്വിഫ്ഫീൻ, നഹ്റുവാൻ യുദ്ധങ്ങളിൽ പിതാവിനൊപ്പം പങ്കെടുത്ത ഇബ്നുൽ ഹനഫിയ്യയുടെ പോരാട്ട നൈപുണ്യം പല ചരിത്രകാരന്മാരും അനുസ്മരിക്കുന്നുണ്ട്.

---

[4] (ഇബ്നു ഖല്ലിക്കാൻ/ വഫയാത് 4 / 171).

മൂന്നാം ഖലീഫ ഉസ്മാൻ കൊല്ലപ്പെട്ട സന്ദർഭത്തിൽ പിതാവിന്റെ കൂടെ ഉണ്ടായിരുന്ന ഇബ്നുൽ ഹനഫിയ്യ തുടർന്നുണ്ടായ സംഭവം ഓർക്കുന്നു : 'ഞാൻ പിതാവിനൊപ്പം ഇരിക്കുകയായിരുന്നു. അവിടേക്ക് ഒരാൾ വന്നു പറഞ്ഞു: 'വരൂ, ഈ മനുഷ്യൻ (ഉസ്മാൻ)കൊല്ലപ്പെട്ടിരിക്കുന്നു'. പിതാവ് എഴുന്നേൽക്കാൻ ഭാവിച്ചപ്പോൾ ഞാൻ അദ്ദേഹത്തിന്റെ വസ്ത്രത്തിൽ പിടിച്ചു, 'അല്ലാഹുവാണ സത്യം' പോകരുതെന്ന് പറഞ്ഞു. പിതാവിനു വല്ലതും സംഭവിക്കുമോ എന്ന ഭയമായിരുന്നു. പിതാവ് കല്പിച്ചു: 'വിടൂ, എനിക്ക് പോകണം'. അപ്പോഴേക്കും മറ്റൊരാൾ അവിടെയെത്തി. അപ്പോൾ പിതാവ് എഴുന്നേറ്റ് പോവുകയും ഉസ്മാന്റെ വീട്ടിനകത്ത് കടക്കുകയും ചെയ്തു. പിതാവിന്റെ ആൾക്കാർ ചുറ്റും കൂടി. അവർ പറഞ്ഞു: 'കൈ നീട്ടൂ, ഞങ്ങൾ താങ്കൾക്ക് ബൈഅത്ത് ചെയ്യാം'. പിതാവ് പറഞ്ഞു: 'വേണ്ട; ഞാൻ നിങ്ങളുടെ വസീർ (മന്ത്രി) ആകുന്നതാണ് അമീറാകുന്നതിനേക്കാൾ നിങ്ങൾക്ക് ഗുണം'. അവർ സമ്മതിച്ചില്ല. പിതാവ് പറഞ്ഞു: 'നിങ്ങൾ സമ്മതിക്കുന്നില്ലെങ്കിൽ, എനിക്കുള്ള ബൈഅത്ത് സ്വകാര്യമായി ആകരുത്; മസ്ജിദിലേക്ക് നടക്കൂ'. അവർ അങ്ങോട്ട് പുറപ്പെട്ടു.[5]

അലി തന്റെ ഭരണകാലത്ത് ഏർപ്പെട്ട എല്ലാ ആഭ്യന്തര യുദ്ധങ്ങളിലും പുത്രൻ ഇബ്നുൽ ഹനഫിയ്യക്ക് / ഭാരിച്ച ഉത്തരവാദിത്തം നൽകിയിരുന്നു. ഹസനെയും ഹുസൈനെയും അത്ര ഭാരമുള്ള ഉത്തരവാദിത്തങ്ങൾ ഏൽപിച്ചിരുന്നില്ല. ഒരിക്കൽ ഇബ്നുൽ ഹനഫിയ്യയോട് ആരോ ചോദിച്ചു: 'എന്താണ് നിന്റെ പിതാവിന്! ഹസനെയും ഹുസൈനെയും എറിഞ്ഞുകൊടുക്കാത്ത വേദികളിലേക്കെല്ലാം താങ്കളെയാണല്ലോ പിതാവ് എറിയുന്നത്?!' അപ്പോൾ ഇബ്നുൽ ഹനഫിയ്യ പ്രതികരിച്ചു: 'ഹസനും ഹുസൈനും പിതാവിന്റെ കവിളുകളാണ്; ഞാൻ അവിടുത്തെ കൈയും. പിതാവ് കൈ ഉപയോഗിച്ച്

[5] (അഹ്മദ് / ഫളാഇലുസ്സ്വഹാബ 3/ 573, ത്വബ്രി/ താരീഖുർറുസുലി വൽ മുലൂക് 2/ 696, ബലാദുരി/ അൻസാബുൽ അഷ്റാഫ് 2 / 209 , ഇബ്നുൽ ജൗസി / അൽ മുന്തളം 5 / 63, ഇബ്നു ശബ്ബ / താരീഖുൽ മദീനത്തിൽ മുനവ്വറ 4/ 1440)

കവിളുകൾ സംരക്ഷിക്കുകയാണ്'.[6] മറ്റൊരു നിവേദനത്തിൽ ഇങ്ങനെ കാണുന്നു: 'അവർ പിതാവിന്റെ കണ്ണുകളാകുന്നു; ഞാൻ കരങ്ങളും. കൈകൾ കൊണ്ട് കണ്ണുകളെ കാക്കുകയാണ് പിതാവ്".[7]

ഇബ്നുൽ ഹനഫിയ്യയ്ക്ക് ഇരുപത് വയസ്സുള്ളപ്പോൾ, ഹി 36 ലായിരുന്നു ജമൽ എന്ന് പേരുള്ള ആഭ്യന്തര യുദ്ധം നടക്കുന്നത്. ഇതിൽ അലി പക്ഷക്കാരുടെ ശക്തികേന്ദ്രമായിരുന്നു ഇബ്നുൽ ഹനഫിയ്യ. ഇദ്ദേഹം പിതാവിന്റെ കൂടെ പങ്കെടുക്കുന്ന ആദ്യ യുദ്ധവും ഇതായിരുന്നു. ദീഖാർ എന്ന സ്ഥലത്തു നിന്നും ബസ്വറയിലേക്ക് പുറപ്പെട്ട അലി പക്ഷ സൈന്യത്തിന്റെ പതാക അവിടെ എത്തുന്നതുവരെയും ഇബ്നുൽ ഹനഫിയ്യയുടെ കൈകളിലായിരുന്നു. യുദ്ധം തീക്ഷ്ണമായപ്പോൾ പതാക വിട്ട് യുദ്ധക്കളത്തിലിറങ്ങാൻ പിതാവ് ഇബ്നുൽ ഹനഫിയ്യക്ക് നിർദ്ദേശം കൊടുത്തു. ഇബ്നുൽ ഹനഫിയ്യ പറയുന്നു: 'ഞാൻ മുന്നോട്ട് നീങ്ങി; എന്റെ മുന്നിൽ കുന്തമല്ലാതെ ഒരു പ്രതിയോഗിയെയും കണ്ടില്ല. അപ്പോഴും പിതാവ് വിളിച്ചു പറയുന്നുണ്ടായിരുന്നു: 'മുന്നോട്ട്, മുന്നോട്ട്'.[8]

സ്വിഫ്ഫീനിൽ സംഭവിച്ച ആഭ്യന്തര യുദ്ധത്തിലും ഇബ്നുൽ ഹനഫിയ്യയുടെ പങ്കാളിത്തം മികച്ചതായിരുന്നു. മുആവിയയെ നേരിടാൻ ശാമിലേക്ക് പുറപ്പെടുന്ന സജ്ജീകരണങ്ങൾ പൂർത്തിയായപ്പോൾ അലി സൈന്യത്തിന്റെ മുന്നണി പതാക ഇബ്നുൽ ഹനഫിയ്യയുടെ കയ്യിൽ കൊടുത്തു. യുദ്ധത്തിന്റെ ആദ്യാവസാനം ഹസനും ഹുസൈനും ഇബ്നുൽ ഹനഫിയ്യയും പിതാവിന്റെ ചാരത്ത് തന്നെ ഉണ്ടായിരുന്നു. തള്ളയോട് ചുറ്റിപ്പറ്റിക്കഴിയുന്ന, തള്ളയുടെ നേർക്ക് വരുന്നവരെ ആക്രമിക്കുന്ന സിംഹക്കുഞ്ഞുങ്ങൾ എന്നായിരുന്നു യുദ്ധത്തിൽ പങ്കെടുത്ത ഒരാൾ ഹസനെയും ഹുസൈനെയും ഉപമിച്ചത്.[9]

---

[6] (ഇബ്നു അസാകിർ/ താരീഖു ദിമിശ്ഖ് 54 / 334 , ദഹബി/ സിയർ 4 / 117, ദഹബി / താരീഖുൽ ഇസ്‌ലാം 6 / 184,മിസ്സി/ തഹ്ദീബ് 26/ 152).
[7] (ഇബ്നു ഖല്ലിക്കാൻ / വഫയാത്ത് 4/ 172).

[8] (ത്വബ്‌രി 3/ 183)
[9] ത്വബ്‌രി 3 / 86).

സ്വിഫ്ഫീൻ ആഭ്യന്തര യുദ്ധക്കളത്തിൽ വെച്ച് മുആവിയ പക്ഷത്തുണ്ടായിരുന്ന ഉബൈദുല്ലാ(ഉമർ ബ്നുൽ ഖത്വാബിന്റെ മകൻ)യുമായി അങ്കം വെട്ടാൻ ഭാവിച്ച ഇബ്നുൽ ഹനഫിയ്യയെ തടഞ്ഞ രംഗം ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഉമറിന്റെ പുത്രനും തന്റെ മകനും തമ്മിൽ നേർക്കുനേരെ ഒരു പോരാട്ടം അലി ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ, ഇതിന്റെ നിവേദക പരമ്പര തള്ളപ്പെടേ ണ്ടതാണെന്ന് ത്വബ്‌രി പരിശോധിച്ച ബർസഞ്ചി രേഖപ്പെടുത്തിയിരിക്കുന്നു. [10]

സ്വിഫ്ഫീൻ യുദ്ധാനന്തരം 'തഹ്കീം' പ്രശ്നത്തെ തുടർന്ന്, 'അല്ലാഹുവിന്നല്ലാതെ വിധിക്കാൻ അവകാശമില്ല' എന്ന തീവ്ര നിലപാടിലൂടെ തർക്കത്തിൽ മധ്യസ്ഥം വഹിക്കാൻ മനുഷ്യർക്കാർക്കും അർഹതയില്ലെന്നും, അങ്ങനെ ചെയ്യാമെന്നുകരുതുന്നവർ ആരായാലും അവിശ്വാസിയായിത്തീരുമെന്നും പ്രഖ്യാപിച്ച് 'പുറത്തുപോയ' ഖവാരിജുകളുമായി നാലാം ഖലീഫ അലി ഏറ്റുമുട്ടിയപ്പോൾ, ആ സുപ്രധാന സംഭവത്തിലും ഇബ്നുൽ ഹനഫിയ്യ ഭാഗഭാക്കായിരുന്നു. മധ്യസ്ഥം അനുവദനീയമെന്ന് കരുതുന്ന മുഴുവൻ വിശ്വാസികളെയും അവരുടെ സ്ത്രീകളെയും കുഞ്ഞുങ്ങളെയും വകവരുത്തണമെന്ന അതിഭീകരമായ നിലപാടായിരുന്നു ഖവാരിജുകൾ അഥവാ ഹറൂറികൾ എന്നറിയപ്പെട്ട സംഘത്തിന്. ഇപ്പേരിൽ അവർ ധാരാളം സ്വഹാബികളെപോലും വധിച്ചുകളഞ്ഞു.

ഖവാരിജുകളുമായുള്ള യുദ്ധത്തിന് ശേഷം, തന്നെ ബൈഅത്ത് ചെയ്യണമെന്ന ആവശ്യവുമായി മുആവിയയുമായി വീണ്ടും യുദ്ധം ചെയ്യാനൊരുങ്ങുകയായിരുന്നു അലി. മുആവിയയുടെ അടുത്തേക്ക് പോകുവാൻ അലി പതാക തയ്യാറാക്കിക്കഴിഞ്ഞു. ലക്ഷ്യം കണ്ടല്ലാതെ പിന്മാറില്ലെന്ന് ശപഥം ചെയ്യുകയും ചെയ്തു. പക്ഷേ, അണികൾ വിസമ്മതിച്ചു. അവർ തങ്ങളുടെ ഭീരുത്വം തുറന്നറിയിച്ചു. അങ്ങനെ ശപഥം നടപ്പിലാക്കാതെ അതിനുള്ള പ്രായശ്ചിത്തം ചെയ്തു അലി പിന്മാറി. ഇങ്ങനെ നാലുതവണ ആവർത്തിച്ചു.

---

10 (അല്ലഈഫു വൽ മസ്കൂത്തു അൻഹു താരീഖു ത്വബ്‌രി 8 / 763).

യുദ്ധസന്നദ്ധനായി അലി രംഗത്തുവരുമ്പോഴെല്ലാം അണികൾ അതിനു താല്പര്യം കാണിക്കാതെ പിന്മാറി. സ്വപുത്രൻ ഇബ്നുൽ ഹനഫിയ്യയും യുദ്ധത്തോടുള്ള നീരസം പ്രകടിപ്പിച്ചു.

പിതാവിനു വേണ്ടി അണിനിരക്കുന്ന സൈന്യത്തിന്റെ സ്ഥിതി മനസിലാക്കിയ ഇബ്നുൽ ഹനഫിയ്യ പറയാറുണ്ട്: 'ഞാനവരുടെ സ്ഥിതി കണ്ടുമനസ്സിലാക്കിയതാണ്. എന്നെ ഒട്ടും സന്തോഷിപ്പിക്കാത്ത കാര്യങ്ങളാണ് ഞാൻ കണ്ടത്. മിസ് വറു ബ്നു മുഖ് രിമയുമായി ഇക്കാര്യം ഞാൻ അന്നുതന്നെ സംസാരിച്ചു. നിങ്ങൾക്ക് അദ്ദേഹത്തോട് (പിതാവിനോട്/ അലിയോട്)സംസാരിച്ചു കൂടേ, അല്ലാഹുവാണേ യാതൊരു കാര്യവും ഞാൻ കാണാത്ത ഈ ആളുകളുമായി അദ്ദേഹം എങ്ങോട്ടാണ് പോകുന്നതെന്ന്?!'

അപ്പോൾ മിസ് വർ പറഞ്ഞു: 'അബുൽ ഖാസിം, ഞാൻ അദ്ദേഹവുമായി ഇക്കാര്യം സംസാരിച്ചിരുന്നു; യുദ്ധത്തിനു പുറപ്പെടുന്നതിൽ നിന്നും പിന്മാറാൻ അദ്ദേഹം ഒരുനിലയ്ക്കും തയ്യാറാകുന്നില്ല'.

ഇബ്നുൽ ഹനഫിയ്യ തുടരുന്നു: 'അങ്ങനെ ആ സൈന്യത്തെക്കുറിച്ച് ഞാൻ മനസ്സിലാക്കിയ കാര്യം പിതാവും കണ്ടറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവേ, നിശ്ചയം ഞാൻ അവരെ മടുപ്പിച്ചു; അപ്പോൾ അവർ എന്നോടും മടുപ്പു കാണിച്ചിരിക്കുന്നു;ഞാൻ അവരെ കോപിഷ്ഠരാക്കി; പകരം അവരെന്നെയും ചൂടാക്കിയിരിക്കുന്നു. അതിനാൽ, അവരെക്കാൾ ഉത്തമരായ അണികളെ നീ പകരം തരണേ, അവർക്ക് എന്നേക്കാൾ ദുഷ്ടനായ ഒരാളെയും പകരം നൽകണേ".[11]

ഇരുപത്-മുപ്പത് വയസ്സുള്ള യുവാവായിരിക്കുമ്പോൾ തന്നെ സ്വായത്തമാക്കിയ ഇബ്നുൽ ഹനഫിയ്യയുടെ തുളഞ്ഞ കാഴ്ചപ്പാട് കാണിക്കുന്ന സംഭവമായി ഇതിനെ കാണാവുന്നതാണ്. ജമൽ, സ്വിഫ്ഫീൻ യുദ്ധങ്ങളിൽ അല്ലാഹുവിന്നിഷ്ടമില്ലാത്ത എന്തൊക്കെയോ തന്റെ ഭാഗത്തുനിന്നും സംഭവിച്ചിരിക്കുന്നു എന്നൊരു ആശങ്ക മഹാനായ അലിയ്യ് ബ്നു അബീ ത്വാലിബിനുണ്ടായിരുന്നു.

---

[11] (ദഹബി/ താരീഖുൽ ഇസ്‌ലാം 3/ 606).

അദ്ദേഹം അതേക്കുറിച്ച് ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി: 'നാം ചില കാര്യങ്ങൾ ചെയ്തുവെച്ചു. അല്ലാഹു അവയിൽ താൻ ഉദ്ദേശിച്ചപോലെ ചെയ്യുമായിരിക്കും".[12]

പിതാവ് അലി കൂഫയിൽ കൊല്ലപ്പെടുമ്പോൾ ഇബ്നുൽ ഹനഫിയ്യ കൂഫ മസ്ജിദിലുണ്ടായിരുന്നു. "അല്ലാഹുവാണ, പിതാവ് കൊല്ലപ്പെടുന്ന ആ രാത്രിയിൽ, കൂഫയിലെ മസ്ജിദിൽ ഖിയാമിലും റുകൂഇലും സുജൂദിലുമായി കഴിഞ്ഞിരുന്ന ധാരാളം ആളുകൾക്കിടയിൽ ഞാനുമുണ്ടായിരുന്നു. അപ്പോൾ അവിടേക്ക് സുബ്ഹ് നിസ്കാരത്തിനായി അലി പുറപ്പെട്ടു. "ജനങ്ങളേ, നിസ്കാരം, നിസ്കാരം!' എന്നിങ്ങനെ അദ്ദേഹം വിളിച്ചു പറയുന്നുണ്ട്. പെട്ടെന്ന് ഞാനൊരു വാളിന്റെ മിന്നൽപിണർ കണ്ടു. 'വിധി പ്രഖ്യാപിക്കാനുള്ള അവകാശം അല്ലാഹുവിന്നാണ്; നിനയ്ക്കല്ല; നിന്റെ സഹചരർക്കുമല്ല' എന്ന ശബ്ദവും ഞാൻ കേട്ടു. ശ്രദ്ധിച്ചപ്പോൾ ഒരു വാൾ തന്നെ കണ്ടു; പിതാവിന്റെ ശബ്ദവും: 'നിങ്ങളിവിനെ വിടരുത്'. [13]

അന്ത്യശ്വാസത്തിനുമുമ്പ് മക്കൾക്ക് അലി അന്ത്യോപദേശം നൽകി. ആദ്യം ഹസൻ, ഹുസൈൻ എന്നിവരോട് പറഞ്ഞു: 'നിങ്ങൾ രണ്ടുപേരോടും അല്ലാഹുവിനെ ഭയന്നു ജീവിക്കാൻ ഞാൻ ഒസ്യത്ത് ചെയ്യുന്നു. ദുൻയാവ് നിങ്ങളെ തേടിവന്നാൽ പോലും നിങ്ങൾ ദുൻയാവ് തിരഞ്ഞു അങ്ങോട്ടു പോകരുത്. നിങ്ങൾക്ക് ലഭിക്കാതെപോയ ഒരു കാര്യത്തിനു വേണ്ടിയും കരയരുത്. നിങ്ങൾ പരലോകത്തേക്ക് വേണ്ടി പണിതുകൊണ്ടിരിക്കുക. നിങ്ങൾ അക്രമികളുടെ പ്രതിയോഗിയും പീഡിതരുടെ സഹായിയും ആകുക. വിശുദ്ധ വേദത്തിലുള്ള പ്രകാരം പ്രവർത്തിക്കുക. അല്ലാഹുവിന് തൃപ്തിയുള്ള കാര്യങ്ങളിൽ ഒരാക്ഷേപകന്റെയും ആക്ഷേപം നിങ്ങളെ പിടികൂടരരുത് ". ശേഷം ഇബ്നുൽ ഹനഫിയ്യയെ നോക്കിക്കൊണ്ട് ചോദിച്ചു: 'സഹോദരങ്ങളെ ഞാൻ ഉപദേശിച്ച സംഗതികൾ നീ ഓർക്കുന്നില്ലേ?', 'അതെ'. 'അക്കാര്യം ഞാൻ നിന്നെയും ഒസ്യത്ത് ചെയ്യുന്നു.

---

[12] (ഇബ്നു ഹജർ / ഫത്ഹുൽ ബാരി 3/ 33).

[13] (ഇബ്നു സഅദ്/ത്വബഖാത്തുൽ കുബ്റാ 3/37, ഇബ്നുഅസാകിർ/താരീഖുദിമിശ്ഖ് 42/ 559).

നിന്റെ ഈ സഹോദരന്മാരെ ബഹുമാനിക്കാനും അവരുടെ നിർദ്ദേശങ്ങൾ പിൻപറ്റാനും ഞാൻ നിന്നെ ഉപദേശിക്കുന്നു. നിനയ്ക്കവരോട് വലിയ കടമകൾ ഉണ്ട്. അവരുടെ അനുവാദമില്ലാതെ ഒരു കാര്യത്തിലും നീ തീരുമാനത്തിലെത്തരുത്".

ശേഷം ഹസനോടും ഹുസൈനോടും പറഞ്ഞു: 'നിങ്ങളുടെ ഈ സഹോദരനോട് നല്ലനിലയിൽ വർത്തിക്കാൻ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. ഇവൻ നിങ്ങളുടെ ഉടപ്പിറപ്പാണ്. നിങ്ങളുടെ ഉപ്പയുടെ മകനാണ്;നിങ്ങളുടെ പിതാവ് ഇവനെ സ്നേഹിക്കുന്നുവെന്ന സംഗതി നിങ്ങൾക്കറിയാമല്ലോ". [14]

ഇബ്നുൽ ഹനഫിയ്യയ്ക്ക് പിതാവിന്റെ അടുക്കലുണ്ടായിരുന്ന സ്ഥാനം മനസിലാക്കാൻ ഈ സംഭവം സഹായിക്കും. പിതാവ് മരണപ്പെട്ടപ്പോൾ ഹസനും ഹുസൈനും ഇബ്നുൽ ഹനഫിയ്യയും പിതൃ സഹോദരൻ അബ്ദുല്ലാഹി ബ്നു ജഅ്ഫറും ചേർന്ന് ജനാസ കുളിപ്പിക്കുകയും കഫൻ ചെയ്യുകയും ചെയ്തു.

പിതാവിന്റെ വിയോഗാനന്തരം ഇബ്നുൽ ഹനഫിയ്യ സഹോദരന്മാരോടൊപ്പം ജീവിച്ചു. പിതാവിൽ നിന്നും ഹസനും ഹുസൈനും സമ്പാദിച്ച അറിവുകൾ ഇബ്നുൽ ഹനഫിയ്യ പകർന്നെടുത്തു. അദ്ദേഹം സഹോദരന്മാരോട് അഭ്യർത്ഥിച്ചു: ' നിങ്ങളാണ് എന്റെ പിതാവിൽ നിന്നും അറിവ് അനന്തരമായി ഏറ്റെടുത്തത്. എന്നെ അല്ലാഹുവിന്റെ ദൂതർ ജന്മം നൽകിയിട്ടില്ലെങ്കിലും (=ഞാൻ നബിയുടെ രക്തത്തിൽ പിറന്ന വ്യക്തി അല്ലെങ്കിലും), നിങ്ങളുടെ പിതാവാണല്ലോ എനിക്ക് ജന്മം നൽകിയത്. സത്യമായിട്ടും നിങ്ങൾക്ക് എന്നേക്കാൾ മഹത്വമുണ്ട്. പിതാവിന് എന്നോടുള്ള ഇഷ്ടം കണക്കിലെടുത്ത് എനിക്കും അണിഞ്ഞുഭംഗിയാകാൻ കൊള്ളുന്ന അറിവുകൾ കുറച്ച് പറഞ്ഞുതരൂ".[15] ഇബ്നുൽ ഹനഫിയ്യയുടെ വിജ്ഞാന ദാഹം ഈ സംഭാഷണത്തിൽ നിന്നും മനസിലാക്കാം.

---

[14] (ത്വബ്രി/ താരീഖുറുസുൽ 3/ 157).

[15] (അഖ്ബാറു ദൗലത്തിൽ അബ്ബാസിയ്യ/ 184).

പിതാവിനെ അതിയായി സ്നേഹിക്കുകയും ബഹുമാനിക്കുകയും മറ്റുള്ളവരേക്കാൾ പിതാവിനുള്ള മഹത്വം മനസ്സിലാക്കുകയും ചെയ്തിരുന്ന ഇബ്നുൽ ഹനഫിയ്യ, പക്ഷേ, മുഹമ്മദീയ സമുദായത്തിലെ പ്രഥമ പുരുഷൻ അബൂബക്കറിനേക്കാളും രണ്ടാമൻ ഉമറിനേക്കാളും പിതാവ് മഹാനാണെന്ന് വിശ്വസിച്ചിരുന്നില്ല.

ഒരിക്കൽ പിതാവിനോട് തന്നെ ഇക്കാര്യം ചോദിച്ചു കൃത്യമായ ധാരണ വരുത്തിയിരുന്നു. "അല്ലാഹുവിന്റെ റസൂലിന് ശേഷം ആരാണ് ജനങ്ങളിൽ ഏറ്റവും ഉത്തമൻ?' അലി പറഞ്ഞു: 'അബൂബകർ'. 'പിന്നെയാരാണ്?' 'ഉമർ'. ഇബ്നുൽ ഹനഫിയ്യ പറയുന്നു: അടുത്ത ആളാരാണെന്ന് ചോദിച്ചാൽ ഉസ്മാൻ എന്ന് മറുപടി പറഞ്ഞേക്കുമോ എന്ന ഭയത്താൽ ഞാനങ്ങോട്ട് പറഞ്ഞു: 'അടുത്തത് അങ്ങും'. അപ്പോൾ അലി പ്രതിവചിച്ചു: 'മുസ്ലിംകളിൽ പെട്ട ഒരു മനുഷ്യനല്ലാതെ ഞാൻ ഒന്നുമല്ല'.[16] നഹ്റുവാൻ യുദ്ധത്തിന് ശേഷം, ഹി.38 ലായിരുന്നു പിതാവും പുത്രനും തമ്മിലുള്ള ഈ സംഭാഷണം.[17]

ഇബ്നുൽ ഹനഫിയ്യയുടെ രാഷ്ട്രീയ നിലപാടിൽ വളരെ സ്വാധീനം ചെലുത്തിയ അനുഭവങ്ങളായിരുന്നു സ്വിഫ്ഫീനിൽ അദ്ദേഹത്തിനുണ്ടായത്. യുദ്ധക്കളത്തിൽ ഒരാൾ വിളിച്ചുപറയുന്നത് അദ്ദേഹം കേട്ടു: 'മുസ്‌ലിം സമൂഹമേ , അല്ലാഹുവിനെ സൂക്ഷിക്കൂ; സ്ത്രീകൾക്കും കുട്ടികൾക്കും രക്ഷയായി ആരാണുള്ളത്?! തുർക്കികളുമായി, റോമക്കാരുമായി, ദൈലം വാസികളുമായി ഇസ്ലാമിനുവേണ്ടി അടരാടാൻ ഇനി ഇവിടെ ആരുണ്ട്?! അവശേഷിക്കുന്ന ജീവന്റെ കാര്യത്തിലെങ്കിലും അല്ലാഹുവെ ഭയക്കൂ".

ഇസ്‌ലാമിന്റെ ശത്രുക്കളെ നേരിടാൻ ത്യജിക്കേണ്ട മുസ്‌ലിം ജീവിതങ്ങൾ പരസ്പരം കൊന്നു നശിക്കുന്ന ഭീകരരംഗം കണ്ടാണ് അദ്ദേഹം ഇങ്ങനെ വിളിച്ചുപറയുന്നത്. പരസ്പരം വാളെടുത്ത ഇരുപക്ഷത്തുള്ള ആർക്കും യാതൊരു ഗുണവും ചെയ്യാത്ത ഈ ഭീകരയുദ്ധത്തോട് ഇബ്നുൽ ഹനഫിയ്യക്ക് മനം മടുത്തത് അങ്ങനെയാണ്.

---

[16] (സ്വഹീഹുൽ ബുഖാരി 3671).

[17] (ഇബ്നുഹജർ/ഫത്ഹുൽബാരി 3/33)

പരമാവധി വാശിയും സ്വാർത്ഥതയും വെടിഞ്ഞ് പരസ്പര ധാരണയിലെത്താനുള്ള ശ്രമങ്ങളാണ്, കരുത്തുതെളിയിക്കാനുള്ള യുദ്ധവെറിയേക്കാൾ മുഖ്യമായി കാണേണ്ടതെന്ന് അദ്ദേഹത്തിന് തിരിച്ചറിവുണ്ടായി. രാഷ്ട്രീയ താല്പര്യങ്ങൾ ഉണ്ടാക്കിയ പരസ്പര വിദ്വേഷത്തോടുള്ള പ്രതിഷേധമെന്നോണം ഇബ്നുൽ ഹനഫിയ്യ ഒരിക്കൽ പറഞ്ഞു: 'നബി സ്വ യ്ക്ക് ശേഷം സ്വർഗ്ഗത്തിൽ പോകുമെന്നോ രക്ഷപ്പെടുമെന്നോ ഏതെങ്കിലും ഒരു വ്യക്തിയെക്കുറിച്ച് സാക്ഷ്യം വഹിക്കാൻ എനിക്കാവില്ല; എനിക്ക് ജന്മം നൽകിയ പിതാവിനെ കുറിച്ച് പോലും". [18]

 സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന് നബിയും 'തൃപ്തിപ്പെട്ടിരിക്കുന്നു'വെന്ന് അല്ലാഹുവും സാക്ഷ്യപ്പെടുത്തിയ ആരും രക്ഷപ്പെടില്ലെന്നോ സ്വർഗ്ഗത്തിൽ പ്രവേശിക്കില്ലെന്നോ അല്ല ഈ പ്രതിഷേധത്തിലടങ്ങിയ വികാരം; രാഷ്ട്രീയ വടംവലികൾ അത്രയ്ക്കും രൂക്ഷമായിരുന്നതിലുള്ള മനോവേദനയാണ് ഇബ്നുൽ ഹനഫിയ്യ പ്രകടിപ്പിച്ചത്; ആരുടേയും പക്ഷംചേരാതെ.

ഉസ്മാൻ ബ്നു അഫ്ഫാൻ കൊല്ലപ്പെട്ടതു മുതൽ ദൗർഭാഗ്യകരമായി സംഭവിച്ച എല്ലാ രാഷ്ട്രീയ യുദ്ധങ്ങളിൽ നിന്നും ആർജ്ജിച്ച പക്വതയും വീണ്ടുവിചാരവും ഇബ്നുൽഹനഫിയ്യയുടെ തുടർന്നുള്ള ജീവിതത്തിൽ പ്രകടമാവുകയുണ്ടായി. രക്തച്ചൊരിച്ചിലിനോട് അദ്ദേഹം ഒരു നിലക്കും രാജിയായില്ല. പിതാവിന്റെ വിയോഗാനന്തരം ഖിലാഫത്തിന് വേണ്ടിയോ മറ്റു അധികാരപദവികൾക്ക് വേണ്ടിയോ അദ്ദേഹം ആഗ്രഹിക്കുകയോ അതിനു കൂട്ടുനിൽക്കുകയോ ചെയ്തില്ല.

ഹസൻ ബ്നു അലിയ്യ് തന്റെ ഖിലാഫത്ത് മുആവിയയ്ക്ക് വിട്ടുകൊടുത്തപ്പോൾ 'അലിയുടെ സംഘം' അതിൽ പ്രതിഷേധിക്കുകയും ഹസനെ ആക്ഷേപിക്കുകയും ചെയ്തിരുന്നു. അവർ രഹസ്യമായി യോഗം ചേർന്ന് അധികാരം അഹ്ലുൽബൈത്തിന് തിരിച്ചുപിടിക്കണമെന്ന തീരുമാനത്തിൽ ചില നീക്കങ്ങൾ ആരംഭിച്ചു. അവർ ഹുസൈനെ അധികാരത്തിൽ വാഴ്ത്താമെന്ന് പറഞ്ഞു കത്തെഴുതി. മുആവിയ

---

[18] (ഇബ്നു സഅദ് / ത്വബഖാത്തുൽ കുബ്റാ 5/ 93).

മരിക്കുന്നതുവരെ കാത്തിരിക്കാൻ ആവശ്യപ്പെട്ട് ഹുസൈൻ മറുപടി എഴുതി. അതിൽ സംതൃപ്തരാകാതെ 'അലി സംഘം' മുഹമ്മദ് ബ്നുൽ ഹനഫിയ്യയെ സമീപിച്ചുവെന്നും അദ്ദേഹം സമ്മതിച്ചപ്പോൾ അദ്ദേഹത്തെ അവർ നിയുക്ത ഇമാമായി ബൈഅത്ത് ചെയ്തുവെന്നും സാധ്യമാകുന്ന രാഷ്ട്രീയ സാഹചര്യത്തിൽ പ്രത്യക്ഷപ്പെടാമെന്ന് പ്രതീക്ഷിച്ച് എല്ലാനാടുകളിലും തന്റെ പ്രതിനിധിയെ നിയമിച്ചുവെന്നും ഇബ്നു ഖൽദൂൻ രേഖപ്പെടുത്തുന്നുണ്ട്. [19]

പക്ഷേ, മറ്റു ചരിത്രകാരന്മാരാരും ഈ വർത്തമാനം പറയുന്നില്ല. ഇബ്നുൽ ഹനഫിയ്യയുടെ തുടർന്നുള്ള നിലപാട് വിശകലനം ചെയ്യുമ്പോൾ, ഇങ്ങനെയൊരു സ്വകാര്യ നടപടി ഉണ്ടാകുമെന്ന് കരുതാൻ പ്രയാസമുണ്ട്.

മുആവിയയുമായും മകൻ യസീദുമായും നല്ല ബന്ധം നിലനിർത്തിയ അഹ്‌ലുൽ ബൈത്ത് പ്രമുഖനാണ് ഇബ്നുൽ ഹനഫിയ്യ. സഹോദരൻ ഹുസൈന്റെ ഒറ്റയാൾ വിപ്ലവത്തെ പിന്തുണച്ചില്ലെന്നു മാത്രമല്ല ; അബ്ദുല്ലാഹി ബ്നു സുബൈ റിനെ ബൈഅത്ത് ചെയ്യാൻ വിസമ്മതിക്കുകയും ചെയ്തു. സഹോദരൻ ഹുസൈനെ വധിച്ച പ്രതികാരം തീർക്കാനെങ്കിലും ഇബ്നുസുബൈറിനൊപ്പം ചേർന്ന് യസീദിനെതിരെ പടയൊരുക്കാമായിരുന്നു. പക്ഷേ, ഇബ്നുൽ ഹനഫിയ്യ അതിനു തയ്യാറായിട്ടില്ല.

സഹോദരൻ ഹസനുമായി ആഴത്തിലുള്ള ബന്ധമായിരുന്നു ഇബ്നുൽ ഹനഫിയ്യക്ക്. ഒരിക്കൽ ഹസനുമായി സൗന്ദര്യ പിണക്കം ഉണ്ടായപ്പോൾ, പിടിച്ചുനിൽക്കാനാകാതെ ഇബ്നുൽ ഹനഫിയ്യ മൂത്ത സഹോദരൻ ഹസനെഴുതിയ കത്ത് അറബി സാഹിത്യകാരന്മാർ എടുത്തുവെച്ചിട്ടുണ്ട്.

"നിശ്ചയം അല്ലാഹു താങ്കളെ എന്നേക്കാൾ മഹത്വപ്പെടുത്തിയിട്ടുണ്ട്. മുഹമ്മദ് നബി യുടെ മകൾ ഫാഥിമയാണ് അങ്ങയുടെ മാതാവ്. എന്റെ ഉമ്മയോ, ബനൂ ഹനീഫക്കാരിപ്പെണ്ണ്. മാതാവ് വഴിയിൽ അങ്ങയുടെ പിതാമഹൻ റസൂലുല്ലാഹി യാണ്; അല്ലാഹുവിന്റെ പടപ്പുകളുടെ കാമ്പ്;

---

[19] (ഇബ്നു ഖൽദൂൻ/ കിതാബുൽ ഇബർ 3/171).

എന്റെ ഉമ്മയുടെ ബാപ്പ ജാഫർ ബ്നു വൈസ് . അതിനാൽ, എന്റെ ഈ എഴുത്ത് അവിടെ എത്തിയാൽ, താങ്കൾ എന്റെയരികിലേക്ക് വരണം; എന്നോട് മിണ്ടണം. അങ്ങനെ താങ്കൾ എല്ലാ കാര്യത്തിലും എന്നെക്കാൾ മഹാനാകണം". എഴുത്തു വായിച്ച ഉടനെ മഹാനായ ഹസൻ പുറപ്പെട്ടു, അനുജൻ ഇബ്നുൽ ഹനഫിയ്യയെ വീട്ടിൽ പോയി കാണുകയും പിണക്കം അവസാനിപ്പിക്കുകയും ചെയ്തു. [20]

ഇബ്നുൽ ഹനഫിയ്യയും സഹോദരന്മാരും മദീനയിലായിരുന്നു താമസിച്ചിരുന്നത്, ഹി50 ൽ ഹസൻ മരണപ്പെടുന്നതുവരെയും. ഹസൻ മരണപ്പെട്ടതോടനുബന്ധിച്ചുണ്ടായ ചെറിയ അസ്വാരസ്യങ്ങൾ പരിഹരിക്കുന്നതിലും അടക്കിയൊതുക്കുന്നതിലും ഇബ്നുൽ ഹനഫിയ്യ നേതൃപരമായ പങ്കാണ് വഹിച്ചത്. തന്റെ അന്ത്യ വിശ്രമം പിതാമഹനോടൊപ്പം ആയിരിക്കണമെന്ന് ഹസൻ അന്ത്യാഭിലാഷം പ്രകടിപ്പിച്ചുവെന്ന് പറഞ്ഞായിരുന്നു ബന്ധുക്കളും 'അലി സംഘ' വും പ്രശ്നമുണ്ടാക്കിയത്. മർവാൻ ബ്നുൽ ഹകം അതിനു സമ്മതിച്ചില്ല. ഉമ്മയുടെ കൂടെ ബഖീഇൽ അടക്കം ചെയ്യാമെന്ന് മർവാൻ. റൗള യിൽ തന്നെ അടക്കം ചെയ്യണമെന്ന ആവശ്യത്തിലുറച്ച് ആയുധമെടുത്ത ബനൂ ഹാശിം സംഘത്തോടൊപ്പം ഹുസൈനുമുണ്ടായിരുന്നു.

രംഗം ശാന്തമാക്കാൻ ഇബ്നുൽ ഹനഫിയ്യ ചാടിവീണു. ബഖീഇൽ അടക്കം ചെയ്യണമെന്ന് ഹസൻ ഒസ്യത്ത് ചെയ്ത കാര്യം വെളിപ്പെടുത്തി ഒരു വിഭാഗം. അതുശരിയല്ല, നബിയോടൊപ്പം അടക്കം ചെയ്യണമെന്നാണ് ഒസ്യത്തെന്ന് മറുപക്ഷവും. ഇബ്നുൽ ഹനഫിയ്യ ഹാശിമികളോട് തന്നെ ചോദിച്ചു, എന്താണ് 'ഇക്ക' ഒസ്യത്ത് ചെയ്തിരുന്നത്? ആ വാക്കുകൾ കേൾക്കട്ടെ. അവർ ഹസന്റെ ഒസ്യത്ത് ഉദ്ധരിച്ചു: 'നിങ്ങൾ എന്നെ റസൂലുല്ലാഹി യുടെ ചാരത്ത് അടക്കം ചെയ്യുക; അക്കാരണത്താൽ ഒരു നാശം/ പ്രശ്നം ഉണ്ടാകുന്നത് നിങ്ങൾ ഭയക്കുന്നില്ലെങ്കിൽ'.

മധ്യസ്ഥ റോളിൽ നിലകൊണ്ട ഇബ്നുൽ ഹനഫിയ്യ ആ വാക്കുകളിൽ തന്നെ രമ്യതയുടെ പക്ഷം കണ്ടെത്തി. ഹുസൈനോട് ഇബ്നുൽ ഹനഫിയ്യ

---

[20] (ഇബ്നുഅസാകിർ / താരീഖു ദിമിശ്ഖ് 54/ 333, അൽഹിസ്രി/ സഹ്റുൽ ആദാബ് 4/ 100).

പറഞ്ഞു: 'എന്റെ സഹോദരാ, ഇക്ക അങ്ങനെ കട്ടായം ഒസ്യത്ത് ചെയ്തിട്ടുണ്ടായിരുന്നെങ്കിൽ നാമപ്രകാരം ചെയ്തേ പിന്മാറൂ. അതിനു വേണ്ടി നമുക്ക് മരിക്കാം. പക്ഷേ, അദ്ദേഹം സാഹചര്യം അനുകൂലമാണെങ്കിൽ എന്ന നിബന്ധന വെച്ചത് കണ്ടില്ലേ? നാശം/ കച്ചറ ഭയക്കുന്നില്ലെങ്കിൽ എന്ന്. ഇപ്പോൾ നാം തമ്മിൽ എത്തിനിൽക്കുന്ന ഈ യുദ്ധ പ്രതീതിയേക്കാൾ വലിയ നാശം എന്താണ്?' ഹുസൈൻ അടങ്ങി; കൂടെ ഉണ്ടായിരുന്നവരും. അങ്ങനെ വലിയൊരു പ്രശ്നം ശാന്തമായി. ഹസനെ ഉമ്മയുടെ ചാരത്ത് അടക്കം ചെയ്തു.

ഖബറടക്കം കഴിഞ്ഞ് ഇബ്നുൽ ഹനഫിയ്യ തന്റെ ഇഷ്ട സഹോദരന്റെ സമീപത്തിരുന്ന് സങ്കടപ്പെട്ടു: 'അബൂ മുഹമ്മദ്, അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ. താങ്കളുടെ ജീവിതം അന്തസ്സിലായിരുന്നെങ്കിൽ വിയോഗം വിഷമത്തിലാക്കിയിരിക്കുന്നു. താങ്കളുടെ ശരീരം ഉൾക്കൊണ്ട ആത്മാവ് എത്ര നല്ല ആത്മാവ്! താങ്കളുടെ മരണപ്പുടവയ്ക്കകത്തുള്ള ശരീരം എത്രമേൽ നല്ല ശരീരം! എങ്ങനെ അങ്ങനെ അല്ലാതിരിക്കും, താങ്കൾ സന്മാർഗ്ഗദൂതന്റെ രക്തത്തിൽ പിറന്ന വ്യക്തിയല്ലേ? ഭക്ത ജനങ്ങളുടെ കൂട്ടുകാരനല്ലേ? 'പുതപ്പിനകത്ത് ഒന്നിച്ച ഐവരിൽ ഒരാളല്ലേ? സത്യത്തിന്റെ കാര്യങ്ങളാണ് താങ്കളെ അന്നമൂട്ടി വളർത്തിയത്; ഇസ്ലാമിന്റെ മടിത്തട്ടിലാണ് താങ്കൾ വളർന്നുവലുതായത്; സത്യവിശ്വാസത്തിന്റെ സ്തനങ്ങളാണ് താങ്കൾക്ക് പാലൂട്ടിയത്; താങ്കൾ ജീവിതകാലത്തും മരണത്തിലും സുഗന്ധ പൂരിതനായിരിക്കുന്നു; താങ്കളുടെ വിയോഗത്താൽ ഞങ്ങളുടെ മനസ്സുകളുടെ സുഗന്ധം നഷ്ടപ്പെട്ടെങ്കിലും. താങ്കൾക്ക് ലഭിക്കാനുള്ള ക്ഷേമ ലോകത്തെക്കുറിച്ച് ഞങ്ങൾക്കൊട്ടും ശങ്കയില്ല. അല്ലാഹു താങ്കളെ സദാ അനുഗ്രഹിക്കട്ടെ". അനുശോചന പ്രകീർത്തനങ്ങൾക്ക് ശേഷം ഇബ്നുൽഹനഫിയ്യ ഖബർസ്ഥാൻ വിട്ടു. [21]

[21] (ഇബ്നു അസാകിർ/ താരീഖു ദിമിശ്ഖ് 13/ 269, മിസ്സി/ തഹ്ദീബുൽ കമാൽ 6/ 255).

മുആവിയയുടെ ഭരണം പകുതികാലം പിന്നിട്ട സമയത്തായിരുന്നു ഹസൻ ബ്നു അലിയുടെ വിയോഗം. ഹസൻ ഖിലാഫത്ത് മുആവിയക്ക് വിട്ടുകൊടുത്തപ്പോൾ മുതൽ ഹുസൈനും ഇബ്നുൽ ഹനഫിയ്യയും മുആവിയക്ക് അനുസരണ പ്രതിജ്ഞ ചെയ്തു നല്ല പ്രജകളായി ജീവിക്കുകയായിരുന്നു. ഹസന്റെ വിയോഗാനന്തരം, ഹി 50 ൽ , സഅദ് ബ്നു അബീവഖ്വാസ് മുആവിയയോട് പുത്രൻ യസീദിനെ അടുത്ത ഖലീഫയായി പ്രഖ്യാപിക്കാൻ ആവശ്യപ്പെടുന്നു. [22]

 യസീദിനെ ഖലീഫയായി വാഴിക്കാനുള്ള നീക്കത്തെ ഹുസൈൻ വിസമ്മതിച്ചെങ്കിലും ഇബ്നുൽ ഹനഫിയ്യ പിന്തുണച്ചു. മുആവിയ പ്രതിനന്ദിയായി അദ്ദേഹത്തെ വാഴ്ത്തുകയും ചെയ്തു. "മുഹമ്മദ് ബ്നുൽ ഹനഫിയ്യയേക്കാൾ സഹനശേഷി കൂടുതലുള്ള, ജ്ഞാനത്താൽ ഏറ്റവും ശ്രേഷ്ഠവാനായ, പക്വതയും ഒതുക്കവുമുള്ള, അഹങ്കാരം- വൃത്തികേട്- അവിവേകം എന്നിത്യാദികളിൽ നിന്നെല്ലാം വിദൂരത്തായ ഒരാളും ഖുറൈശികൾക്കിടയിൽ ഇല്ലതന്നെ". [23]

കൂഫക്കാരുടെ സ്വകാര്യ സന്ദേശത്തിൽ പ്രതീക്ഷയർപ്പിച്ച് മുആവിയക്ക് ശേഷം ഖിലാഫത്തിന് വേണ്ടി പ്രക്ഷോഭം നയിക്കാമെന്ന തീരുമാനത്തിൽ ഹുസൈൻ മുന്നോട്ടുപോയി.

ഹുസൈന് കത്തയച്ചതുപോലെ ഇബ്നുൽ ഹനഫിയ്യക്കും അവർ കത്തയച്ചിരുന്നു, ഹുസൈനെ പിന്തുണച്ച് കൂടെ പ്രക്ഷോഭത്തിൽ അണിനിരക്കാൻ ആവശ്യപ്പെട്ടുകൊണ്ട്. പക്ഷേ അദ്ദേഹം സമ്മതിച്ചില്ല. മാത്രമല്ല, കൂഫക്കാരുടെ താല്പര്യത്തെക്കുറിച്ച് ഹുസൈനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. അദ്ദേഹം ഒരിക്കൽ ഹുസൈനോട് പറഞ്ഞു: 'നിശ്ചയമായും, ആ ആളുകൾ നമ്മുടെ രക്തം ചൂടാക്കി അവരുടെ അന്നം വേവിക്കാമെന്നാണ് കരുതുന്നത്".

---

[22] (ഇബ്നു അബ്ദിൽ ബർറ്/ അൽ ഇസ്തീആബ് 1 / 391, ദിയാറു ബകരി/ താരീഖുൽ ഖമീസ് 2/ 297, ഇബ്നു കസീർ / അൽ ബിദായ 9 / 83 , ത്വബ്‌രി / താരീഖുർ റസൂൽ 3/ 248 , ഇബ്നുൽ ജൗസി / അൽ മുന്തളം 5 / 285).
[23] (ബലാദുരി/അൻസാബുൽ അശ്റാഫ് 3 / 276).

കൂഫക്കാരുടെ പ്രലോഭനങ്ങളും ബന്ധുമിത്രങ്ങളുടെ സാരോപദേശങ്ങളും ഒരുമിച്ചു വന്നപ്പോൾ ഉറച്ച തീരുമാനമെടുക്കാനാകാതെ ഹുസൈൻ കുറച്ചുകാലം പരിഭ്രാന്തിയിലായി. എന്തായാലും 'സ്നേഹജനങ്ങൾക്കിടയിൽ ജീവിക്കാൻ' കൂഫയിലേക്ക് പോകാമെന്നും, വേണമെങ്കിൽ ഭരണകാര്യങ്ങൾ ഉപേക്ഷിക്കാമെന്നും അദ്ദേഹം ആലോചിച്ചു. ആ സന്ദർഭത്തിലാണ് പ്രമുഖ സ്വഹാബി വര്യൻ അബൂ സഈദ് അൽ ഖുദ്രി ഹുസൈനെ സന്ദർശിക്കുന്നത്. അദ്ദേഹം ഹുസൈനെ ഉപദേശിച്ചു: 'അബൂഅബ്ദില്ലാഹ്, ഞാൻ താങ്കളുടെ ഗുണകാംക്ഷിയാണ്; താങ്കളുടെ നീക്കത്തിൽ വേദനിക്കുന്നയാളാണ്. കൂഫയിലെ താങ്കളുടെ 'ശീഅത്ത്'(= പിന്തുണക്കുന്ന ആൾക്കാർ) അവിടേക്ക് താങ്കൾ പുറപ്പെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തുകളയച്ച കാര്യം അറിഞ്ഞു. ഞാൻ പറയട്ടെ: 'താങ്കൾ അങ്ങോട്ടു പോകരുത്. നിശ്ചയമായും താങ്കളുടെ പിതാവ് കൂഫയിൽവെച്ച് ഇപ്രകാരം പറയുന്നത് ഞാൻ കേട്ടതാണ്: 'അല്ലാഹുവാണ, ഞാൻ ഇവരെ വെറുപ്പിക്കുകയും രോഷാകുലരാക്കുകയും ചെയ്തുപോയി; അവർ എന്നെയും വെറുപ്പിച്ചു; ദേഷ്യത്തിലാക്കി. അവർ വാക്കുപാലിക്കുമെന്ന് ഞാൻ പരീക്ഷിക്കാനില്ല. അവരുടെപിന്തുണ ലഭിച്ച് വിജയം വരിക്കുമെന്ന് കരുതുന്നത് ഉന്നം തെറ്റി എങ്ങോട്ടോ തിരിച്ചുപോയ അസ്ത്രം ലക്ഷ്യസ്ഥാനത്ത് എത്തുമെന്ന് കരുതുന്ന പോലെ വ്യർത്ഥമാണ്. അല്ലാഹുവാണ, അവർക്ക് സ്ഥിരതയില്ല; മനക്കരുത്തുമില്ല. വാളിന്റെ മുന്നിൽ ഒട്ടും ക്ഷമയുമില്ലാത്തവരാണവർ"[24]

വിലപ്പെട്ട ഈ ഉപദേശം കൂടി ആയപ്പോൾ ഹുസൈൻ കൂഫയിലേക്ക് പോകുന്നില്ലെന്ന് തീരുമാനിച്ചു. കൂഫക്കാരുടെ ക്ഷണവും പ്രേരണയും മുആവിയ അറിഞ്ഞപ്പോൾ, 'അല്ലാഹുവിനെ സൂക്ഷിക്കാനും മുസ്ലിംകളുടെ ഐക്യം തകർക്കാൻ കൂട്ടു നിൽക്കരുതെന്നും ഉപദേശിച്ചുകൊണ്ട് മുആവിയ

---

[24] (ഇബ്നു സഅദ് / ത്വബഖാത്തുൽ കുബ്റാ 5/ 356, ഇബ്നു അസാകിർ / താരീഖു ദിമിശ്ഖ് 14 / 206, മിസ്സി/ തഹ്ദീബുൽ കമാൽ 6 / 414, ദഹബി/ താരീഖുൽ ഇസ്‌ലാം 5 / 6 , സിയർ 3 / 293 , ഇബ്നു കസീർ / അൽ ബിദായ 8 / 265).

യുടെ സന്ദേശം വന്നതും ഹുസൈനെ പുനർവിചിന്തനത്തിനു പ്രേരിപ്പിച്ചു. [25]

ഇബ്നുൽ ഹനഫിയ്യയുടെ നിലപാടുകൾ പ്രസക്തവും പക്വവുമായിരുന്നു എന്നാണ് ഹുസൈന്റെ പുറപ്പാടുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ നിലപാടിൽ നിന്നും മനസ്സിലാവുന്നത്.

ഹി. അറുപതിൽ മുആവിയ മരണപ്പെട്ടു. പിൻഗാമിയായി യസീദ് ഖിലാഫത്ത് പദവിയിൽ അവരോധിതനായി. അന്ന് ജീവിച്ചിരിപ്പുള്ള ഭൂരിഭാഗം സ്വഹാബികളും യസീദിനെ ബൈഅത്ത് ചെയ്തു. അഹ്‌ലുൽ ബൈത്ത് പ്രമുഖനായ ഇബ്നു അബ്ബാസ് അക്കൂട്ടത്തിലുണ്ടായിരുന്നു; താബിഈ ഗണത്തിൽ പെട്ട അഹ്‌ലുൽബൈത്ത് പ്രമുഖൻ ഇബ്നുൽ ഹനഫിയ്യയും യസീദിനുള്ള ബൈഅത്ത് പുതുക്കി. എന്നാൽ പ്രമുഖരായ മൂന്നുപേര് വിട്ടുനിന്നു: അബ്ദുല്ലാഹി ബ്നു ഉമർ, അബ്ദുല്ലാഹി ബ്നു സുബൈർ, ഹുസൈൻ ബ്നു അലി എന്നിവർ.

എന്നാൽ ജനങ്ങളെല്ലാം യസീദിന് ബൈഅത്ത് ചെയ്യുന്നതിൽ ഏകോപിച്ചപ്പോൾ വിഘടിച്ചു നിൽക്കാതെ, ഇബ്നു ഉമർ ബൈഅത്ത് ചെയ്തു സമാധാന രീതി കൈകൊണ്ടു. മറ്റു രണ്ടുപേരും ബൈഅത്ത് ചെയ്യാൻ വിസമ്മതിച്ചപ്പോൾ, ഖലീഫ യസീദ് മദീനയിലെ തന്റെ പ്രതിനിധി അൽ വലീദ് ബ്നു ഉത്ബത് ബ്നു അബീ സുഫ്‌യാനെ അവരിൽ നിന്നും ബൈഅത്ത് വാങ്ങാൻ ചുമതലപ്പെടുത്തി. ഇതറിഞ്ഞപ്പോൾ ഇരുവരും മക്കയിലേക്ക് സ്ഥലം വിട്ടു. വഴിമധ്യേ ഇബ്നു ഉമറും ഇബ്നു അബ്ബാസും ഇബ്നുൽ ഹനഫിയ്യയും ഇവരെ കണ്ടുമുട്ടി. ഇബ്നുൽ ഹനഫിയ്യ ഹുസൈനോട് പറഞ്ഞു: 'സഹോദരാ, താങ്കൾ മറ്റാരേക്കാളും എനിക്കേറ്റം ഇഷ്ടനും എന്റെ അഭിമാനവുമാണ്; വല്ലവരെയും ഉപദേശിക്കാൻ ഞാൻ കരുതി വെച്ചിട്ടുള്ള ഉപദേശത്തിന് താങ്കളേക്കാൾ കടപ്പെട്ട മറ്റാരും ഇല്ലെന്ന് ഞാൻ മനസിലാക്കുന്നു".[26]

ഹുസൈൻ ഉപദേശങ്ങൾ ഒട്ടും വകവെക്കുന്നില്ലെന്ന് കണ്ടപ്പോൾ ഇബ്നുൽ ഹനഫിയ്യ ഇങ്ങനെയും ഉപദേശിച്ചു: 'ശരി, യസീദിന് ബൈഅത്ത് ചെയ്യാതെ മാറിനിന്നോളൂ; പറ്റാവുന്നിടത്തോളം നാടുകൾ തോറും കറങ്ങാതെ ഇവിടെത്തന്നെ ജീവിക്കുക; എന്നിട്ട് നിന്റെ ദൂതന്മാരെ വിവിധ നാടുകളിലേക്ക്

---

[25] (ശീഈ പണ്ഡിതൻ കശ്ശിയുടെ രിജാൽ).
[26] (ത്വബ്‌രി/താരീഖ് 3 /271).

/ ജനങ്ങളിലേക്ക് അയക്കുക; താങ്കൾക്ക് ബൈഅത്ത് ചെയ്യാൻ അവരോട് ആവശ്യപ്പെടുക; അവരെല്ലാം താങ്കളെ ബൈഅത്ത് ചെയ്യുന്നുവെങ്കിൽ അല്ലാഹുവിനെ സ്തുതിക്കാം. എന്നാൽ ജനം ഭൂരിഭാഗവും താങ്കളല്ലാത്ത ഒരാളെ ബൈഅത്ത് ചെയ്യുന്നുവെന്ന് വന്നാൽ പോലും, അക്കാരണത്താൽ താങ്കളുടെ ദീനിലും ബുദ്ധിയിലും അല്ലാഹു യാതൊരു കുറവും വരുത്തുകയില്ല. അക്കാരണത്താൽ താങ്കളുടെ 'ബഹുമാന്യത' യോ മഹത്വമോ പോകുന്നുമില്ല. തീർച്ചയായും താങ്കളിങ്ങനെ നാടുതോറും സഞ്ചരിക്കുന്നത് ഞാൻ ഭയത്തോടെയാണ് കാണുന്നത്. അവിടത്തെ ഒരു സംഘം ആളുകളെ താങ്കൾ കണ്ടുമുട്ടുന്നതും അന്നാട്ടിലെ മുസ്ലിംകൾക്കിടയിൽ ഭിന്നത ഉണ്ടാകുന്നതും കുറച്ചാളുകൾ താങ്കൾക്കൊപ്പവും മറ്റുള്ളവർ താങ്കൾക്ക് എതിരെ നിലകൊള്ളുന്നതും അങ്ങനെ അവർ തമ്മിൽ യുദ്ധം ചെയ്യുന്നതും താങ്കൾ വാളിന്റെ ആദ്യ ഇരയാകുന്നതും എത്ര ഭീകരമാണ്! അങ്ങനെ വ്യക്തിത്വം കൊണ്ടും മാതൃ പിതൃ പാരമ്പര്യം കൊണ്ടും ഈ സമുദായത്തിലെ ഏറ്റവും ഉത്തമനായ ഒരാൾ, ഏറ്റവും പാഴായ രക്തമായിത്തീരുന്നതും ഏറ്റവും നിന്ദ്യരായ അണികളുടെ ആളായി ഭവിക്കുന്നതും എത്ര ഭീതി ജനകമാണ്?!' [27]

ചരിത്ര പ്രസിദ്ധവും പരിപക്വവുമായ ഈ ഉപദേശം ഇബ്നുൽ ഹനഫിയ്യ നൽകുന്നത് മക്കയിലേക്കുള്ള വഴിമധ്യേ അല്ലെന്നും, മക്കയിൽ നിന്നും കൂഫയിലേക്ക് പുറപ്പെടുന്ന സമയത്താണെന്നും ഇബ്നു ഖൽദൂൻ അഭിപ്രായപ്പെടുന്നു.

ഉപദേശം കേട്ട ഹുസൈൻ സഹോദരനോട് ചോദിച്ചു: 'പിന്നെ ഞാൻ എങ്ങോട്ടുപോകും , സഹോദരാ?'.

കൃത്യമായ ആസൂത്രണമൊന്നുമില്ലാത്ത ഒരിറങ്ങിത്തിരിക്കൽ ആയിരുന്നു ഹുസൈന്റേത്. അപ്പോൾ ഇബ്നുൽ ഹനഫിയ്യ പറഞ്ഞു: 'താൽക്കാലം മക്കയിൽ താമസിക്കുക. അന്യബന്ധങ്ങളില്ലാതെ വീട്ടിൽ സമാധാനപൂർവ്വം കഴിയുകയാണ് ഏക പോംവഴി. ഞങ്ങൾ താങ്കൾക്ക് വിവരം എത്തിച്ചാൽ മാത്രം, വിജനമായ മരുഭൂമിയും കുന്നുകളും കടന്ന്

---

[27] (ത്വബ്രി / താരീഖ് 3 / 271).

ഒരോരോ നാടുകൾ മാറിത്താമസിക്കുക. ജനങ്ങളുടെ അവസ്ഥയെന്താണെന്ന് അറിയാൻ ശ്രമിക്കുക. തീരുമാനം കൃത്യമായിരിക്കണം; വീണ്ടുവിചാരത്തോടെ ആയിരിക്കണം. അപ്പോൾ തീർച്ചയായും താങ്കളുടെ തീരുമാനം പൂർണ്ണമായും ശരിയാകുന്നതും അതിന്റെ പ്രത്യാഘാതങ്ങൾ നേരിടാൻ സാധിക്കുന്ന വിധം പ്രവർത്തിക്കാൻ താങ്കൾക്ക് കഴിയുന്നതുമാണ്. കാര്യങ്ങൾ വിചാരിച്ചപോലെസംഭവിക്കാതിരുന്നാൽ അത് താങ്കളെ കൂടുതൽ പ്രയാസപ്പെടുത്തുകയുമില്ല".

സഹോദരന്റെ വിലപ്പെട്ട ഉപദേശം കേട്ട ഹുസൈൻ പ്രതികരിച്ചു: 'സഹോദരാ, താങ്കൾ കൃത്യമായി ഉപദേശിച്ചിരുന്നു; എന്നോട് അനുകമ്പ കാട്ടിയിരിക്കുന്നു. താങ്കളുടെ നിലപാട് ശരിയും കൃത്യവുമാണെന്ന് ഞാൻ കരുതുന്നു"[28]

ഹുസൈനുമായി സന്ധിക്കാനിടയായ ഇബ്നു അബ്ബാസും ഇത്തരം കാര്യങ്ങൾ ഒന്നിലേറെ തവണ ഉപദേശിക്കുകയുണ്ടായി. 'കുടുംബം നോക്കി നിൽക്കേ, ഉസ്മാൻ കൊല്ലപ്പെട്ടപോലെ നീയും വധിക്കപ്പെട്ടേക്കാമെന്ന് ഇബ്നു അബ്ബാസ് ഹുസൈനെ ഓർമ്മിപ്പിച്ചു.

പക്ഷേ, കൂഫയിലേക്ക് പോകാമെന്നുതന്നെ ഹുസൈൻ ഉറച്ചു; തന്റെ ദൂതനായി മുസ്ലിമുബ്നു അഖീലിനെ അങ്ങോട്ടു പറഞ്ഞയച്ചു. കൂഫയിലെ സ്ഥിതിഗതികൾ അനുകൂലമാണെന്നും വിജയം വില്ലിന്റെ രണ്ടറ്റം പോലെ, അതിലേറെ അടുത്താണെന്നും മുസ്ലിം അറിയിച്ചതനുസരിച്ച് ഹുസൈനും കുടുംബവും പുറപ്പെടുക തന്നെ ചെയ്തു.

യാത്ര തിരിക്കുന്ന സമയത്തും വഴിയിലും ഗുണകാംക്ഷികൾ പലരും പിന്തിരിയാൻ ഹുസൈനെ ഉപദേശിച്ചു നോക്കി. എത്തിപ്പെടാൻ കഴിയുന്ന അകലങ്ങളിൽ താമസിക്കുന്ന ജാബിർ ബ്നു അബ്ദില്ലാഹ് തുടങ്ങിയ സ്വഹാബികൾ എല്ലാവരും വന്നു, ഹുസൈനെ ഉപദേശിക്കാൻ. അമ്മാവന്റെ പുത്രൻമാർ ഇബ്നുഅബ്ബാസ്, അബ്ദുല്ലാഹി ബ്നു ജഅഫർ വീണ്ടും ഉപദേശിച്ചു നോക്കി. കാഴ്ചപ്പാടും ദീർഘവീക്ഷണവും ഉള്ള

---

[28] (ത്വബ്രി/ താരീഖ് 3/ 271, ബലാദുരി/ അൻസാബുൽ അഷ്റാഫ് 15, 16)

പരിചയ പ്രജ്ഞരായ സ്വഹാബികൾ അല്ലാത്തവരും സ്ഥലത്തെത്തി. പക്ഷേ, ഹുസൈൻ ഉറച്ച തീരുമാനത്തിലാണ്.

കൂടെ പോകാൻ അബ്ദുൽ മുത്വലിബിന്റെ സന്താന പരമ്പരയിൽ പെട്ട പത്തൊമ്പത് യുവാക്കൾ തയ്യാറായി; അവരുടെ സ്ത്രീകളും കുട്ടികളും.

മുഹമ്മദ് ഇബ്നുൽ ഹനഫിയ്യ മദീനയിലേക്ക് മടങ്ങി. മക്കയിലേക്ക് പുറപ്പെടാൻ മദീനയിലെ ബന്ധുക്കൾക്ക് ഹുസൈൻ കത്തെഴുതിയ കാര്യം അറിഞ്ഞ ഇബ്നുൽ ഹനഫിയ്യ അവർ പുറപ്പെടുന്നതിനു മുമ്പേ മക്കയിലെത്തി അവരുമായി സംസാരിച്ചു. പോകരുതെന്ന് അവരെ ഉപദേശിച്ചു ബോധ്യപ്പെടുത്തി. ഇബ്നുൽ ഹനഫിയ്യ തന്റെ മക്കളെയും സ്ത്രീകളെയും പറഞ്ഞയച്ചില്ല. ഹുസൈന് അതൊന്നും ഇഷ്ടപ്പെടാത്ത പോലെ ചോദിച്ചു: 'എനിക്ക് സംഭവിച്ചാലും മകനൊന്നും പറ്റരുതെന്നാണോ നീ ആഗ്രഹിക്കുന്നത്?' ഇബ്നുൽ ഹനഫിയ്യ പറഞ്ഞു: 'താങ്കൾക്ക് വല്ലതും സംഭവിക്കണമെന്ന് എനിക്ക് ഒരാവശ്യവുമില്ല; താങ്കളോടൊപ്പം അവർക്കും. താങ്കൾക്ക് സംഭവിക്കുന്നതാണ് ഞങ്ങൾക്ക് ഏറ്റവും പ്രയാസം"[29]

ഹുസൈനെ ഉപദേശിച്ചവർ മുഖ്യമായും ഉണർത്തിയത് കൂഫക്കാരുടെ വഞ്ചനയെ ക്കുറിച്ചായിരുന്നു. കൂഫക്കാർ പിതാവിനെയും സഹോദരനെയും വഞ്ചിച്ചതും അവരോടു പെരുമാറിയ രീതിയുമാണ് അവർ എടുത്തു കാട്ടിയത്. ഇബ്നു ഖൽദൂൻ രേഖപ്പെടുത്തിയ പ്രകാരം, ഒരുതരത്തിലുള്ള ഉപദേശവും ഫലിക്കുന്നില്ലെന്ന് കണ്ടപ്പോഴായിരുന്നു, ഇബ്നുൽ ഹനഫിയ്യ മുകളിൽ പരാമർശിച്ച കിടിലൻ ഉപദേശം നൽകിയത്. 'ശരി, യസീദിന് ബൈഅത്ത് ചെയ്യാതെ മാറിനിന്നോളൂ; പറ്റാവുന്നിടത്തോളം നാടുകൾ തോറും കറങ്ങാതെ ഇവിടെത്തന്നെ ജീവിക്കുക; എന്നിട്ട് നിന്റെ ദൂതന്മാരെ വിവിധ നാടുകളിലേക്ക് / ജനങ്ങളിലേക്ക് അയക്കുക; താങ്കൾക്ക് ബൈഅത്ത് ചെയ്യാൻ അവരോട് ആവശ്യപ്പെടുക; അവരെല്ലാം താങ്കളെ ബൈഅത്ത് ചെയ്യുന്നുവെങ്കിൽ അല്ലാഹുവിനെ സ്തുതിക്കാം. എന്നാൽ ജനം ഭൂരിഭാഗവും താങ്കളല്ലാത്ത ഒരാളെ ബൈഅത്ത് ചെയ്യുന്നുവെന്ന്

---

[29] (ഇബ്നു അസാകിർ/ താരീഖു ദിമിശ്ഖ്/ 14/ 211, മിസ്സി / തഹ്ദീബ് 6 / 421 , ദഹബി/ താരീഖുൽ ഇസ്‌ലാം 5 / 96)

വന്നാൽ പോലും, അക്കാരണത്താൽ താങ്കളുടെ ദീനിലും ബുദ്ധിയിലും അല്ലാഹു യാതൊരു കുറവും വരുത്തുകയില്ല. അക്കാരണത്താൽ താങ്കളുടെ 'ബഹുമാന്യത' യോ മഹത്വമോ പോകുന്നുമില്ല. തീർച്ചയായും താങ്കളിങ്ങനെ നാടുതോറും സഞ്ചരിക്കുന്നത് ഞാൻ ഭയത്തോടെയാണ് കാണുന്നത്. അവിടത്തെ ഒരു സംഘം ആളുകളെ താങ്കൾ കണ്ടുമുട്ടുന്നതും അന്നാട്ടിലെ മുസ്ലിംകൾക്കിടയിൽ ഭിന്നത ഉണ്ടാകുന്നതും കുറച്ചാളുകൾ താങ്കൾക്കൊപ്പവും മറ്റുള്ളവർ താങ്കൾക്ക് എതിരെ നിലകൊള്ളുന്നതും അങ്ങനെ അവർ തമ്മിൽ യുദ്ധം ചെയ്യുന്നതും താങ്കൾ വാളിന്റെ ആദ്യ ഇരയാകുന്നതും എത്ര ഭീകരമാണ്! അങ്ങനെ വ്യക്തിത്വം കൊണ്ടും മാതൃ പിതൃ പാരമ്പര്യം കൊണ്ടും ഈ സമുദായത്തിലെ ഏറ്റവും ഉത്തമനായ ഒരാൾ, ഏറ്റവും പാഴായ രക്തമായിത്തീരുന്നതും ഏറ്റവും നിന്ദ്യരായ അണികളുടെ ആളായി ഭവിക്കുന്നതും എത്ര ഭീതി ജനകമാണ്?!'

ഹുസൈൻ കർബലായിലേക്ക് പുറപ്പെട്ട രംഗം ഓർക്കുമ്പോഴെല്ലാം ഇബ്നുൽ ഹനഫിയ്യ കരയുമായിരുന്നു. ആ പോക്കും തുടർന്ന് സംഭവിച്ചതും നന്നായി അറിയുമായിരുന്നല്ലോ അദ്ദേഹത്തിന്. ഉപദേശങ്ങളെല്ലാം കേട്ടിട്ടും 'ഞാൻ പോകുന്നു' എന്ന ഉറച്ച നിലപാടായിരുന്നല്ലോ ഹുസൈൻ എടുത്തത്. ഹി. 61 ൽ ത്വഫ് അല്ലെങ്കിൽ കർബല എന്ന സ്ഥലത്തുവെച്ച് ഹുസൈനും കൂടെയുണ്ടായിരുന്ന ഭൂരിഭാഗം പുരുഷന്മാരും കൊല്ലപ്പെടുകയായായിരുന്നു.

ഇബ്നുൽ ഹനഫിയ്യ മദീനയിൽ ഇബ്നു അബ്ബാസിനോടൊപ്പം ഇരിക്കുമ്പോഴാണ് ആ ദുരന്തവാർത്ത അവിടെയെത്തിയത്. വാർത്തകേട്ട ഇബ്നു അബ്ബാസ് പറഞ്ഞു: 'അബുൽ ഖാസിം, ഹുസൈൻ മക്കയിൽ നിന്നും പുറപ്പെടുമ്പോൾ ഞാൻ പ്രതീക്ഷിച്ചതായിരുന്നു ഇത്".

ഉടനെ ഇബ്നുൽ ഹനഫിയ്യയും പറഞ്ഞു: ഞാനും, അല്ലാഹുവാണ. അല്ലാഹുവിങ്കൽ അദ്ദേഹത്തിന് പകരം ലഭിക്കുമെന്ന് നാം പ്രത്യാശിക്കുന്നു; പ്രതിഫലവും സുന്ദരമായ അനന്തരവും

അദ്ദേഹത്തിന് ലഭിക്കട്ടെയെന്നു നാം പ്രാർത്ഥിക്കുന്നു" [30]

മദീനയിൽ താമസിച്ചിരുന്ന ഇബ്നുൽ ഹനഫിയ്യ, കർബലാ ദുരന്തത്തിന് ശേഷം ശാമിലേക്ക് പുറപ്പെടുകയും ഒരു മാസക്കാലം യസീദിനോടൊപ്പം തങ്ങുകയും ചെയ്തു. അബ്ദുല്ലാഹിബ്നു സുബൈറിന്റെ ചലനങ്ങൾ അറിഞ്ഞപ്പോൾ, യസീദ് ഇബ്നുൽ ഹനഫിയ്യക്ക് കത്തെഴുതുകയും ശാം സന്ദർശിക്കാൻ താല്പര്യപ്പെടുകയും ചെയ്തുവെന്നും ഇബ്നുൽ ഹനഫിയ്യയുടെ മകൻ അബ്ദുല്ലാഹ് പിതാവിനോട് യസീദിന്റെ ചതിയാണെന്ന് പറഞ്ഞു താക്കീതു ചെയ്തെങ്കിലും അദ്ദേഹം ശാമിലേക്ക് പുറപ്പെടുകയായിരുന്നു. യസീദ് ഇബ്നുൽ ഹനഫിയ്യയെ ആദരപൂർവ്വം സ്വീകരിച്ചു. അർഹിക്കുന്ന മെച്ചപ്പെട്ട വാസസ്ഥലത്ത് പാർപ്പിച്ചു. രാജ മജ്ലിസിൽ കൂടെ ഇരുത്തി ആദരിച്ചു. ഹുസൈന് സംഭവിച്ച ദുരന്തത്തിൽ സഹോദരനെ സാന്ത്വനപ്പെടുത്തി സംസാരിച്ചു.

ഇബ്നുൽ ഹനഫിയ്യ യസീദിനോട് പറഞ്ഞു: 'അല്ലാഹു താങ്കളെ സ്വീകരിക്കട്ടെ; ഹുസൈന് കരുണ ചെയ്യട്ടെ; അദ്ദേഹത്തിന് പൊറുത്തുകൊടുക്കട്ടെ; എനിക്ക് സംഭവിച്ച കുറവ് താങ്കളുടെ കൂടി കുറവാണെന്ന് ഞാൻ മനസിലാക്കുന്നു; എനിക്ക് വരുത്തിയ ബന്ധുനഷ്ടം താങ്കളുടെയും ബന്ധു നഷ്ടമാണല്ലോ. ഹുസൈനെ ചർച്ചയിൽ വലിച്ചിടേണ്ട ആവശ്യമില്ല; അമീറുൽ മുഅമിനീൻ, ഹുസൈനെക്കുറിച്ച് എനിക്കിഷ്ടമില്ലാത്തതൊന്നും എന്നെ കേൾപ്പിക്കരുതെന്ന് ഞാൻ താങ്കളോട് അഭ്യർത്ഥിക്കുന്നു".

യസീദ് പ്രതികരിച്ചു: 'പിതൃവ്യ പുത്രാ, ഞാൻ അങ്ങേയ്ക്ക് ഇഷ്ടപ്പെടാത്ത ഒരു കാര്യവും ഹുസൈനെക്കുറിച്ച് പറയുന്നില്ല".

തന്റെ ഭരണത്തിലും വ്യക്തി ജീവിതത്തിലും അരുതാത്തതുകണ്ടാൽ ഉപദേശിക്കാൻ അഭ്യർത്ഥിച്ചു കൊണ്ട്, ധാരാളം പാരിതോഷികങ്ങൾ നൽകി യസീദ് ഇബ്നുൽ ഹനഫിയ്യയെ ആദരിച്ചു. പിന്നീട് അദ്ദേഹം മദീനയിലേക്ക് തിരിച്ചു. ബലാദുരി പോലും ഈ

[30] (ഇബ്നു അസാകിർ/ താരീഖു ദിമിശ്ഖ് 29 / 214).

സംഭവം ഉദ്ദരിച്ചിരിക്കുന്നു.[31] ഒട്ടുമിക്ക ചരിത്രകാരന്മാരും ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.

ഹി 63 ൽ മദീന നിവാസികളിൽ ചിലർ യസീദിന്റെ മദീനാ ഗവർണർക്കെതിരെ പ്രക്ഷോഭം ആരംഭിച്ചു. അവർ യസീദുമായുള്ള ഉടമ്പടി പിൻവലിച്ചു. അബ്ദുല്ലാഹി ബ്നു സുബൈറിന്റെ പ്രേരണ, യസീദ് വ്യക്തി ജീവിതത്തിൽ മോശമാണെന്ന ആരോപണം എന്നീ കാരണങ്ങളാണ് ഇതിനുപിന്നിൽ. യസീദ് മത കല്പനകൾ ഒട്ടും പാലിക്കുന്നില്ലെന്നും മദ്യം കുടിക്കാറുണ്ടെന്നും ചിലർ പറഞ്ഞു പരത്തിയിരുന്നു.

മദീനയിലെ പ്രക്ഷോഭകരിൽ പ്രമുഖ സ്വഹാബികളുടെ മക്കളുമുണ്ടായിരുന്നു. മലക്കുകൾ മയ്യിത്ത് കുളിപ്പിച്ച ഹൻളലയുടെ മകൻ അബ്ദുല്ലാഹ്, മുത്തീഇന്റെ മകൻ അബ്ദുല്ലാഹ് തുടങ്ങിയവർ പ്രക്ഷോഭത്തിന് നേതൃത്വം വഹിച്ചു. അവർ പ്രക്ഷോഭത്തിലേക്ക് ഇറങ്ങാൻ മദീനക്കാരെ പ്രേരിപ്പിച്ചു. അഹ്ലുൽ ബൈത്ത് പിന്മുറക്കാരുടെ വീടുകളിലെല്ലാം അവരെത്തി; പ്രമുഖരെക്കണ്ട് പ്രക്ഷോഭത്തിലേക്ക് ക്ഷണിച്ചു. ഹുസൈനീ പിമുറക്കാരുടെ പിതാവ് അലി സൈനുൽ ആബിദീനെ അവർ സമ്മർദ്ദം ചെലുത്തിയെങ്കിലും അദ്ദേഹം അവരെ പിന്തുണച്ചില്ല. മുഹമ്മദ് ബ്നുൽ ഹനഫിയ്യയെയും അവർ സമീപിച്ചു. പിന്തുണ നൽകിയില്ല. യസീദ് കള്ളുകുടിയനാണെന്ന് പ്രസ്താവിച്ചാൽ മതിയെന്നായി പ്രക്ഷോഭകർ. പക്ഷേ, അവർ യസീദിനെതിരെ ഉന്നയിച്ച ദുരാരോപണങ്ങൾ അദ്ദേഹം നിഷേധിച്ചു; "നിങ്ങൾക്ക് അല്ലാഹുവിനെ ഭയമില്ലേ? നിങ്ങളീ ആരോപിക്കുന്ന ഏതെങ്കിലും പ്രവൃത്തി യസീദ് ചെയ്യുന്നത് നിങ്ങളിലാരെങ്കിലും കണ്ടിട്ടുണ്ടോ? നിങ്ങൾ അദ്ദേഹവുമായി സഹവസിച്ചതിലേറെ ഞാൻ സഹവസിച്ചിട്ടുണ്ട്. ഞാൻ അദ്ദേഹത്തിൽ അരുതാത്തതൊന്നും കണ്ടിട്ടില്ല".

"നിങ്ങൾ കാണാഞ്ഞിട്ടാകും' എന്നായിരുന്നു പ്രക്ഷോഭകരുടെ ഇളിഞ്ഞ പ്രതികരണം. "എന്നാൽ നിങ്ങളിലാരാണ് കണ്ടത്? അദ്ദേഹം അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങളും പങ്കെടുത്തുകാണും. നിങ്ങൾ കണ്ടിട്ടില്ലെങ്കിൽ പിന്നെ, അറിയാത്ത കാര്യത്തെക്കുറിച്ചാണോ നിങ്ങൾ കണ്ടമട്ടിൽ പറഞ്ഞുനടക്കുന്നത്", ഇബ്നുൽ ഹനഫിയ്യ തിരിച്ചു

---

[31] (അൻസാബുൽ അശ്റാഫ് 3 /278)

ചോദിച്ചു. ഒരു മാസം യസീദിന്റെ കൂടെ ജീവിച്ച ഇബ്നുൽ ഹനഫിയ്യ കാണാത്ത കാര്യങ്ങളാണ് യസീദുമായി അകലങ്ങളിൽ കഴിയുന്ന ആരോപകർ ഉന്നയിച്ചിരുന്നത്. അവരെ ഇബ്നുൽ ഹനഫിയ്യ തിരിച്ചയച്ചു. [32]

മുഹമ്മദ് ഇബ്നുൽ ഹനഫിയ്യ യുടെ ഉറച്ചതും സത്യസന്ധവുമായ നിലപാട് പ്രക്ഷോഭത്തെ തളർത്തിക്കളയുമോ എന്ന് പ്രക്ഷോഭ നേതാക്കൾ ഭയന്നു. അവർ അടവ് മാറ്റി. 'ഒന്നുകിൽ ഇബ്നു സുബൈറിനെ ബൈഅത്ത് ചെയ്യുക; അല്ലെങ്കിൽ ഞങ്ങൾ താങ്കൾക്ക് ബൈഅത്ത് ചെയ്യാം'.

ഇബ്നുൽ ഹനഫിയ്യ ആ പ്രകോപനത്തിലും പ്രലോഭനത്തിലും വീണില്ല. അദ്ദേഹം പറഞ്ഞു: "ഒരാളുടെ പിന്നിലോ എല്ലാവർക്കും മുന്നിലോ നിന്ന് യുദ്ധം ചെയ്യാൻ ഞാനില്ല".

പ്രക്ഷോഭകാരികൾ ന്യായം പറയാൻ തുടങ്ങി: 'താങ്കൾ പിതാവിനോടൊപ്പം യുദ്ധത്തിൽ പങ്കെടുത്തിയയുണ്ടല്ലോ?!'.

ഇബ്നുൽ ഹനഫിയ്യ പ്രതികരിച്ചു: 'എന്റെ പിതാവിനെപ്പോലെ ഒരാളെവിടെ?!'.

ഒടുവിൽ പ്രക്ഷോഭ നേതാക്കൾ സായുധരായി വന്ന് അദ്ദേഹത്തെയും മക്കളെയും വീട്ടിൽ നിന്നും പുറത്താക്കുകയായിരുന്നു. വീട്ടിലണിയുന്ന ഒറ്റയുടുപ്പും ചെരിപ്പും മാത്രമായിരുന്നു അദ്ദേഹം അണിഞ്ഞിരുന്നത്. അതേനിലയിൽ അവർ അദ്ദേഹത്തെ പിടിച്ചു പുറത്തേക്കയച്ചു. അപ്പോൾ അദ്ദേഹം പറയുന്നുണ്ടായിരുന്നു: 'എന്റെ ജനങ്ങളേ, അല്ലാഹുവിനെ സൂക്ഷിക്കുക; നിങ്ങൾ പരസ്പരം രക്തം ചിന്തരുതേ".[33]

യസീദ് മക്കയിലെ പ്രക്ഷോഭകാരികളെ അടിച്ചമർത്താൻ മുസ്‌രിഫ് ബ്നു ഉഖ്ബ യുടെ നേതൃത്വത്തിലയച്ച സൈന്യം മദീനയിലേക്ക് എത്താനായെന്നറിഞ്ഞപ്പോൾ ഇബ്നുൽ ഹനഫിയ്യയും കുടുംബവും മക്കയിലേക്ക് വിട്ടു; മക്കയിൽ പിതൃവ്യ പുത്രൻ ഇബ്നു അബ്ബാസിന്റെ

---

[32] (ബലാദുരി / അൻസാബുൽ അഷ്‌റാഫ് 3 / 278, ദഹബി/ താരീഖുൽ ഇസ്‌ലാം 5 / 247 , ഇബ്നു കസീർ / അൽബിദായ 8 / 255).
[33] (ബലാദുരി / അൻസാബുൽ അഷ്‌റാഫ് 3 / 278)

കൂടെ ജീവിച്ചു. യസീദ് മരണപ്പെടുന്നതുവരെയും മക്കയിൽ നിന്നും പുറത്തുപോയില്ല.

ഇബ്നുൽ ഹനഫിയ്യയുടെ പക്വമായ ഈ രാഷ്ട്രീയ നിലപാടിൽ തന്നെയായിരുന്നു, അഹ്‌ലുൽ ബൈത്ത് കുടുംബത്തിലെ മറ്റു പിന്മുറക്കാരെല്ലാവരും. അവർ ശാമും ഇറാഖും തമ്മിലുള്ള, ശാമും ഹിജാസും തമ്മിലുള്ള രാഷ്ട്രീയ പോർ വിളികളിൽ തലവെച്ചുകൊടുക്കാൻ നിന്നില്ല. ഇബ്നുൽ ഹനഫിയ്യയ്ക്ക് ശേഷം, സൈദ് ബ്നു അലി സൈനുൽ ആബിദീൻ (സൈദിയ്യ പ്രസ്ഥാനം ഇദ്ദേഹത്തിന്റെ പേരിലാണ് നിലകൊള്ളുന്നത്) **ഹി 95 ൽ കൂഫയിൽ വിപ്ലവസംഘവുമായി രംഗത്തുവരികയും അതിലദ്ദേഹം കൊല്ലപ്പെടുകയും ചെയ്യുന്നതുവരെ, കർബലയ്ക്ക് ശേഷം അഹ്‌ലുൽ ബൈത്ത് പിന്മുറക്കാരാരും പ്രക്ഷോഭ പരിപാടികളിൽ പങ്കെടുത്തില്ല.**

കർബലയിലെ നഷ്ടങ്ങൾക്ക് പ്രതികാരമായി ഹി. 64 ൽ കൈസാൻ എന്നുപേരുള്ള ഒരു പോരാളി രംഗത്തുവന്നിരുന്നു. അദ്ദേഹം അഹ്‌ലുൽ ബൈത്ത് പിന്മുറക്കാരനോ പ്രതികാരം ചോദിക്കാൻ അവകാശപ്പെട്ട ബന്ധുവോ ആയിരുന്നില്ല. ഹസനുൽ മുജ്തബായുടെ അടിമയായിരുന്നു കൈസാൻ. യജമാനന്റെ വിയോഗാനന്തരം ഇബ്നുൽ ഹനഫിയ്യയുടെ കൂടെയായിരുന്നു ജീവിച്ചിരുന്നത്. അദ്ദേഹത്തിൽ നിന്നും ദീനീ വിജ്ഞാനം പഠിച്ചു. കർബലയിൽ ഹുസൈനുൽ മുർത്തദായും സഹപോരാളികളും വധിക്കപ്പെട്ടപ്പോൾ അതിന് പ്രതികാരം ചെയ്യണമെന്നുറച്ച് ആദ്യമായി രംഗത്തുവരുന്നത് കൈസാൻ ആയിരുന്നു.

ഹുസൈൻ വധത്തിൽ പങ്കാളിയായ അക്രമികളെ വകവരുത്തേണ്ടത് ഒരാവശ്യമാണെന്ന് മനസിലാക്കിയ കുറെ പോരാളികൾ കൈസാന്റെ പിന്നിൽ അണിനിരന്നു. സുലൈമാൻ ബ്നു സ്വർദ് അൽഖുസാഈ, രിഫാഅഃ തുടങ്ങിയ 'അലി പക്ഷ'ക്കാരും, കുറച്ച് സബ്ബികളും (സ്വഹാബികളെ പഴിപറയുന്ന തീവ്ര അലി പക്ഷക്കാർ) **കൈസാന്റെ മുഖ്യ സഹായികളായി പോരാട്ടം ആരംഭിച്ചു. ഇബ്നു സിയാദുമായും അയാളുടെ സൈനിക ഉദ്യോഗസ്ഥരുമായും ഒന്നുരണ്ടു തവണ പോരാടിയെങ്കിലും എല്ലാവരും കൊല്ലപ്പെടുകയും**

കൈസാനിയ്യ പ്രക്ഷോഭം അവസാനിക്കുകയും ചെയ്തു.

ഇബ്നുൽ ഹനഫിയ്യയുടെ പിന്തുണയോ സമ്മതമോ ഇല്ലാതെയായിരുന്നു കൈസാൻ പ്രക്ഷോഭം നടത്തിയത്; ഹുസൈൻ കുടുംബത്തിലെ ആരും കൈസാന്റെ കൂടെ പ്രതികാര പോരാട്ടത്തിൽ പങ്കെടുത്തിട്ടുമില്ല.

മദീനയിൽ യസീദിന്റെ സൈന്യം നരനായാട്ട് നടത്തിയ ഹർറ സംഭവത്തിന് മുമ്പായി മക്കയിൽ താമസമാക്കിയ ഇബ്നുൽ ഹനഫിയ്യ അഭിമുഖീകരിച്ച മറ്റൊരു പ്രതിസന്ധിയായിരുന്നു യസീദ് ഭരണകൂടത്തിനെതിരെ ഇബ്നു സുബൈറിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭം. ഖലീഫയാകാൻ യോഗ്യൻ താനാണെന്ന് വ്യക്തമായും അവകാശപ്പെട്ടാണ് ഇബ്നു സുബൈർ യസീദി നെതിരെ രംഗത്തുവന്നത്. യസീദ് മരണപ്പെടുന്നതു വരെ ഇബ്നു സുബൈർ നേരിട്ടൊരു യുദ്ധത്തിന് നിൽക്കാതെ ഒളിഞ്ഞും തെളിഞ്ഞും തന്റെ അനുയായികളുമായി മുന്നോട്ടുപോയി. ഇതേനിൽപ് ഹുസൈൻ ബ്നു അലിക്കും സാധ്യമായിരുന്നു. അതായിരുന്നു, ഇബ്നുൽ ഹനഫിയ്യ ഉപദേശിച്ചതും. യസീദ് മരണപ്പെട്ടപ്പോൾ ചില പ്രദേശങ്ങളിൽ ഉള്ളവർ ഇബ്നു സുബൈറുമായി ബൈഅത്ത് ചെയ്തു. ഇതേ സന്ദർഭത്തിലായിരുന്നു, മുഖ്താറുബ്നു ഉബൈദത്തുസ്സഖഫി എന്നൊരു പോരാളിയുടെ ചുവടുമാറ്റവും വിപ്ലവവും കുഴപ്പമുണ്ടാക്കലും തുടങ്ങിയത്.

മുഖ്താറിന്റെ കുടുംബം ആദ്യം ഇറാഖിലായിരുന്നു താമസിച്ചിരുന്നത്. മുഖ്താർ ആദ്യം അലി വിരുദ്ധ പക്ഷത്തായിരുന്നു. പിന്നീടെപ്പോഴോ അലിയുടെ ആളായി കടന്നുവന്നു കൂഫയിൽ താമസമാക്കി. കേവല അലി പക്ഷമായിരുന്നില്ല; സ്വഹാബികളെ പഴി പറയുന്ന കൂട്ടത്തിലായിരുന്നു മുഖ്താർ. ശീഅത്ത് അലിയുടെ പ്രധാനിയായി അറിയപ്പെട്ടു.

കൂഫക്കാരുടെ സ്ഥിതിഗതികൾ അറിയാൻ ഹുസൈൻ മുസ്‌ലിം ബ്നു അഖീലിനെ അങ്ങോട്ടയച്ചപ്പോൾ, മുസ്‌ലിം താമസിച്ചിരുന്നത് മുഖ്താറിന്റെ വീട്ടിലായിരുന്നു. മുസ്‌ലിം വന്നയുടൻ ആദ്യമായി ബൈഅത്ത് ചെയ്തതും മുഖ്താർ തന്നെ. ഇക്കാരണത്താൽ, ഉബൈദുല്ലാഹിബ്നു സിയാദ് മുഖ്താറിനെ പിടികൂടി അടിക്കുകയും തടവിലിടുകയും ചെയ്തു. അബ്ദുല്ലാഹിബ്നു ഉമറിന്റെ

ഭാര്യ സ്വഫിയ്യയുടെ സഹോദരിയുടെ ശിപാർശ യിൽ മുഖ്താർ തടവിൽ നിന്നും മോചിപ്പിക്ക പ്പെടുകയായിരുന്നു. ഹുസൈൻ പുറപ്പെട്ട ശേഷം ബൈഅത്ത് പിൻവലിച്ചതിലും, ഹുസൈൻ സംഘത്തെ സഹായിക്കാതെ മുങ്ങിയതിലും മുഖ്താർ മുന്നിലുണ്ടായിരുന്നു. ഹുസൈൻ കൊല്ലപ്പെട്ട ശേഷം മുഖ്താറിനെ ഭരണകൂടം കൂഫയിൽ നിന്നും പുറത്താക്കി. യസീദ് മരണപ്പെടുന്നതുവരെയും ത്വാഇഫ് തുടങ്ങിയ ഹിജാസ് പരിസരങ്ങളിൽ നിന്നും പുറത്തുപോകാതെ മുഖ്താർ കഴിഞ്ഞുകൂടി. ഈ സമയത്ത്, ഇബ്നു സുബൈറുമായി കണ്ടുമുട്ടു കയുണ്ടായി.

മുഖ്താർ ഇടയ്ക്കിടെ മദീനയിൽ പോയി അഹ്ലുൽ ബൈത്ത് പിന്മുറക്കാരുമായി സ്വകാര്യ സംഭാഷണം ചെയ്തിരുന്നു; അവരെ ബൈഅത്ത് ചെയ്തു പ്രക്ഷോഭം ആരംഭിക്കാനുള്ള തീരുമാനത്തിന് അംഗീകാരം നേടാൻ ശ്രമിച്ചെങ്കിലും അവരെല്ലാം മുഖ്താറിനെ നിരാകരിച്ചു. എന്നാൽ അഹ്ലുൽ ബൈത്തിലെ ചിലരെങ്കിലും പ്രതികാര നടപടി വേണ്ടതാണെന്ന അഭിപ്രായത്തിൽ മുഖ്താറിനെ പിന്തുണച്ചിരുന്ന തായി ദൈനൂരി 'അൽ അഖ്ബാറുത്വിവാൽ' 1/ 307 ൽ രേഖപ്പെടുത്തുന്നു.

മക്കയിൽ താമസിക്കുന്ന മുഹമ്മദ് ഇബ്നുൽ ഹനഫിയ്യയുടെ പിന്തുണ നേടുവാനും ശ്രമമുണ്ടായി. മുഖ്താറിന്റെ ചില വികല വാദങ്ങൾ കേട്ടറിഞ്ഞ ഇബ്നുൽ ഹനഫിയ്യ അക്കാര്യം ചോദ്യം ചെയ്തുവെന്ന് ചരിത്ര രചനകളിൽ കാണുന്നു വെങ്കിലും എന്തായിരുന്നു ആ വികല വാദങ്ങളെന്ന് വ്യക്തമല്ല. സന്ദർഭത്തിൽ നിന്നും മനസ്സിലാകുന്നത്, ഹുസൈൻ വധത്തിൽ പ്രതികാരം ചോദിക്കുന്ന സായുധ വിപ്ലവത്തിന് അഹ്ലുൽ ബൈത്ത് പിന്മുറക്കാരനെ മുന്നിലിടാനുള്ള പദ്ധതിയാ യിരിക്കണം ഇബ്നുൽ ഹനഫിയ്യ നിഷേധിച്ചത്. [34]

കൈസാൻ തുടങ്ങിവെച്ച പ്രതികാര പോരാട്ടം തുടരുന്നു എന്നവകാശപ്പെട്ടായിരുന്നു ഹർറ സംഭവത്തിനു ശേഷം, ഹി 66 ൽ, യുദ്ധനിപുണനായ മുഖ്താർ രംഗത്തുവരുന്നത്. ഹുസൈന്റെ വധത്തിൽ അദ്ദേഹത്തെ വിളിച്ചുവരുത്തിയ കൂഫക്കാരുടെ പങ്ക് വലുതാണെന്നും അവരെല്ലാം തൗബ ചെയ്യണമെന്നും/ പശ്ചാത്താപിക്കണമെന്നും

---

[34] (ഇബ്നു അസാകിർ / താരീഖു ദിമിശ്ഖ് 58 / 235, ദഹബി/ താരീഖുൽ ഇസ്‌ലാം 5 / 21).

ഘാതകരോട് പ്രതികാരം വീട്ടി പാപപരിഹാരം തേടണമെന്നും ചിന്തിക്കുന്ന ധാരാളം ആളുകൾ കൂഫയിൽ ഉണ്ടായിരുന്നു; കർബലയ്ക്ക് ശേഷം ഉടനെത്തന്നെ ആരംഭിച്ച 'തവ്വാബൂൻ പ്രസ്ഥാനം' പക്ഷേ, ശക്തരായി പുറത്തുവരാൻ ഉബൈദുല്ലാഹി ബ്നു സിയാദും അധികാര കേന്ദ്രങ്ങളും അനുവദിച്ചില്ല. താനും പശ്ചാത്തപിക്കേണ്ടവൻ ആണെന്ന് പറഞ്ഞു, പശ്ചാത്താപ/ വിലാപ സംഘത്തെ തന്റെ പ്രക്ഷോഭത്തിലേക്ക് ചേർക്കാനായിരുന്നു മുഖ്താർ ശ്രമിച്ചത്. മുഖ്താറിന് ആദ്യ ഘട്ടത്തിൽ ആളുകളെ സംഘടിപ്പിക്കാനും 'ശീഅത്ത് അലി'യുടെ പിന്തുണ നേടാനും കഴിഞ്ഞില്ല; കാരണം, സുലൈമാന് ബ്നു സ്വർദ് ആയിരുന്നു ശീഅത്തു അലി യുടെ നായകൻ.

പ്രക്ഷോഭം അദ്ദേഹം നയിക്കട്ടെയെന്ന നിലപാടിലായിരുന്നു അവർ. യുദ്ധപാടവം കുറവാണെന്നും അർഹിക്കുന്ന നേതൃത്വം നൽകുന്നതാണെന്നും മുഖ്താർ പ്രസ്താവിച്ചപ്പോൾ സുലൈമാനും അണികൾക്കും അത് സമ്മതിക്കാതെ വയ്യെന്നായി. മുഖ്താർ പ്രക്ഷോഭകാരികളുടെ നായക സ്ഥാനം ഉറപ്പിച്ചു. മുഹറം പത്തിന് വിലാപ പ്രകടനങ്ങൾ, നെഞ്ചത്തടിച്ചുള്ള കുമ്പസാരക്കരച്ചിലുകൾ മുഖ്താറിന്റെ ആവിഷ്കാരമായിരുന്നു. മുഖ്താറിന്റെ കാലശേഷം അത് നിലച്ചുപോയെങ്കിലും.

യസീദിന്റെ മരണശേഷം ഹിജാസും ഇറാഖും മറ്റും പിടിച്ചെടുത്ത് ഇബ്നു സുബൈർ അധികാരസ്ഥനായി രംഗത്തു വന്നിട്ടുണ്ടായിരുന്നു. ഈ സന്ദർഭത്തിൽ, മക്കയിൽ ജീവിച്ചിരുന്ന ഇബ്നുൽ ഹനഫിയ്യ ഇറാഖിലേക്ക് താമസം മാറാൻ ഇബ്നു സുബൈറിനോട് സമ്മതം ചോദിച്ചുവാങ്ങി. തുടർന്ന്, ഇബ്നു സുബൈറിന്റെ കൂഫ ഗവർണർ അബ്ദുല്ലാഹിബ്നു മുത്തീഇന്റെ അനുവാദത്തോടെ കൂഫയിൽ താമസമാക്കി. അപ്പോൾ കൂഫയിൽ മുഖ്താർ തന്റെ വിവിധോദ്ദേശ്യ പ്രസ്ഥാനം പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇബ്നു സുബൈറിനെയും കൂഫാ ഗവർണരെയും തള്ളിപ്പറയുകയും ഇബ്നുൽ ഹനഫിയ്യയെ 'അവതാര'മാക്കുകയും ചെയ്തുകൊണ്ടായിരുന്നു മുഖ്താർ നീങ്ങിയിരുന്നത്.

ഹുസൈനെ വധിച്ചവരോട് പ്രതികാരം ചെയ്യാൻ ഇറങ്ങിത്തിരിച്ച ഭീകര സംഘത്തെ ഭയന്ന് ഗവർണർ ഇബ്നു മുത്തീഅ് കൂഫ വിട്ടുപോവുകയും മുഖ്താർ പ്രദേശം പിടിച്ചെടുക്കുകയും ചെയ്തു. ഇബ്നു സുബൈറിനോട് ഇബ്നുൽ ഹനഫിയ്യയെ ഖലീഫയായി ബൈഅത്ത് ചെയ്യാൻ ആവശ്യപ്പെട്ടു കത്തയച്ചു. ഇബ്നുൽ ഹനഫിയ്യയുടെ കൂഫയിലെ സാന്നിധ്യത്തെ ഇബ്നു സുബൈർ ഭയക്കാൻ തുടങ്ങി. ഇബ്നു സുബൈർ തന്നെ ബൈഅത്ത് ചെയ്യാൻ ഇബ്നു അബ്ബാസ്, ഇബ്നുൽ ഹനഫിയ്യ തുടങ്ങിയ മുഴുവൻ ഹാശിമികളോടും ആവശ്യപ്പെട്ടു രംഗത്തുവന്നു. അവരത് വിസമ്മതിച്ചു. വിശിഷ്യാ, ഇബ്നു അബ്ബാസും ഇബ്നുൽ ഹനഫിയ്യയും അത് ശക്തമായി നിരാകരിച്ചു.

അവരുടെ നിലപാട് ഇതായിരുന്നു: യസീദിന്റെ തുടർച്ചയായുള്ള ഖലീഫ ഉണ്ടായിരിക്കേ, ഇപ്പോൾ ഇബ്നു സുബൈറും ഖലീഫയായി സ്വയം പ്രഖ്യാപിച്ചതിനാൽ, മുസ്ലിംകൾക്ക് രണ്ടു ഖലീഫമാർ എന്ന അരക്ഷിത സ്ഥിതി സംജാതമായിരിയ്ക്കുന്നു; മൂന്നാമതൊരു അഹ്ലുൽ ബൈത്ത്' ഖലീഫയെ വാഴിക്കാനുള്ള പ്രക്ഷോഭം മുഖ്താർ തുടങ്ങി വെച്ചിരിക്കുന്നു. വിവിധ നാടുകളിലെ മുസ്ലിംകൾ ഇബ്നു സുബൈറിനെ പിന്തുണക്കുകയും ഭരണം സുസ്ഥിരമായി മുന്നോട്ടുപോകുമെന്ന് കാണുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായാൽ മാത്രമേ തങ്ങൾ ഇബ്നു സുബൈറിന്റെ ഖിലാഫത്ത് അംഗീകരിക്കൂ. അല്ലാത്ത പക്ഷം, അരക്ഷിതാവസ്ഥ സൃഷ്ടിക്കലായിരിക്കും.

ഇബ്നു സുബൈർ അവരുടെ നിലപാട് അംഗീകരിച്ചു, തന്നെ ബൈഅത്ത് ചെയ്യണമെന്ന ആവശ്യം പ്രഥമ ഘട്ടത്തിൽ ഉപേക്ഷിച്ചുവെങ്കിലും, പിന്നെ അനുനയത്തിലും തുടർന്ന് കടുപ്പത്തിലും ഈ ആവശ്യം ഉന്നയിച്ചുകൊണ്ടിരുന്നു; അവർ തമ്മിൽ രൂക്ഷമായ സംസാരങ്ങൾ നടന്നു. ഇബ്നു അബ്ബാസും ഇബ്നുൽ ഹനഫിയ്യയും തങ്ങളുടെയും കൂടെയുള്ള ഭാര്യ സന്താനങ്ങളുടെയും ബന്ധുക്കളുടെയും നേരെ ഇബ്നു സുബൈറിൽ നിന്നും വല്ല ആക്രമണവും ഉണ്ടാകുമോയെന്ന ഭയത്തിലായി. എന്നാൽ, മുഖ്താർ മുന്നോട്ടുവെച്ച 'അഹ്ലുൽ ബൈത്ത് അധികാരം' എന്ന ആവശ്യത്തെ ഇതുവഴി നിഷ്പ്രഭമാക്കാൻ ഇബ്നു സുബൈറിന് സാധിച്ചു.

ഹുസൈനെ വധിച്ചുവെന്ന കാരണത്താൽ ബനൂ ഉമയ്യയോട് പ്രതികാരം ചെയ്യാൻ തയ്യാറായിരിക്കുന്ന കൂഫക്കാരോട് തന്നെ ബൈഅത്ത് ചെയ്യാൻ ഇബ്നു സുബൈർ ആവശ്യപ്പെട്ടു. ഞങ്ങൾ കുഴപ്പത്തിനൊന്നുമില്ലാതെ ജനസമ്പർക്കമില്ലാതെ ജീവിക്കാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞ് അവരത് നിരാകരിച്ചു. അപ്പോൾ ഇബ്നു സുബൈർ കണിശമായ ഭാഷയിൽ ആവശ്യം തുടർന്നു. കൂഫക്കാർ ഇബ്നു സുബൈറിനെ പരാതിയുമായി സമീപിച്ചു. ഹറമിൽ നിന്നും തിരിച്ചുവരുന്ന ഇബ്നു സുബൈറിനെ ചതിയിൽ വധിക്കാനും തന്നെ പിന്തുണയ്ക്കാനുമുള്ള അവരുടെ പദ്ധതി ഇബ്നുൽ ഹനഫിയ്യഅംഗീകരിച്ചില്ല. "മുഴുവൻ അറബികളുടെയും അധികാരം എനിക്കുതരാൻ, മുഖം വികൃതമായ ഒരു കാപ്പിരിയെ വധിക്കുന്നതു പോലും എന്നെ സന്തോഷിപ്പിക്കില്ല", ഇബ്നുൽ ഹനഫിയ്യ ഖണ്ഡിതമായി തന്റെ നിലപാട് വ്യക്തമാക്കി.[35] ഇബ്നു സുബൈറുമായി സഹകരിക്കാതെ നിശ്ശബ്ദം ജീവിക്കാൻ പരാതിക്കാരെ ഇബ്നുൽ ഹനഫിയ്യ പ്രേരിപ്പിച്ചു.

പക്ഷേ, ഇബ്നുസുബൈർ ഹാശിമികളെ നാട്ടുതടങ്കലിലാക്കാൻ തീരുമാനിച്ചു. ഹാശിമികളെ മുഴുവൻ മക്കയിൽ, അബൂ ത്വാലിബ് താഴ്വരയിൽ തടഞ്ഞുവെച്ചു. കാഴ്ചനഷ്ടപ്പെട്ട ഇബ്നുഅബ്ബാസിനെ മാത്രം അതിൽ നിന്നും ഒഴിവാക്കി. പുറത്തെവിടെയും പോകാൻ പാടില്ല. രാഷ്ട്രീയ ബന്ധങ്ങൾ പാടില്ല. ഏതാനും പാറാവുകളെ നിയമിച്ചു. ഇബ്നു സുബൈർ അവരോട് "അല്ലാഹുവാണ നിങ്ങൾ ബൈഅത്ത് ചെയ്യുക; അല്ലെങ്കിൽ സകലതിനെയും ഞാൻ ചുട്ടെരിക്കും" എന്ന് ഭീഷണിപ്പെടുത്തിയതായി ശീഈ പക്ഷ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. [36] താഴ്വരയിൽ തടഞ്ഞുവെക്കുകയും അപൂർവ്വം സന്ദർശകരെ മാത്രം കടത്തിവിടുകയും, ബൈഅത്ത് ചെയ്യാതെ പുറത്തുപോകാൻ അനുവദിക്കില്ലെന്ന ഭീഷണി മുഴക്കുകയും ചെയ്ത അനുഭവം ഇബ്നുൽ ഹനഫിയ്യ ഇബ്നു അബ്ബാസിനെ

---

[35] (ബലാദുരി/അൻസാബുൽ അഷ്റാഫ് 3/ 281).
[36] (ഇബ്നുസഅദ്/ ത്വബഖാത്തുൽ കുബ്റാ 5/101, ബലാദുരി അൻസാബുൽ അഷ്റാഫ് 3 / 280).

അറിയിച്ചപ്പോൾ, അദ്ദേഹം വീണ്ടും ഉറക്കെപ്പറഞ്ഞു: 'ഇബ്നു സുബൈറിന് ബൈഅത്ത് ചെയ്യരുത്'.[37]

ഈ സന്ദർഭത്തിൽ, മുഖ്താർ കൂഫയിൽ, ഇബ്നുൽ ഹനഫിയ്യ തന്നെ പ്രതികാര നടപടികൾക്ക് നിയോഗിച്ചിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് പ്രക്ഷോഭം ആളിക്കത്തിച്ചു. ഇബ്നുൽ ഹനഫിയ്യയെ എല്ലാവരും ബൈഅത്ത് ചെയ്യാൻ അദ്ദേഹം സ്വകാര്യമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും മുഖ്താർ വിളംബരപ്പെടുത്തി. സംശയം ജനിച്ച കൂഫക്കാരെ ഇബ്നുൽ ഹനഫിയ്യയിൽ നിന്നുള്ള കൃത്രിമ എഴുത്തുകൾ വായിച്ചു ഒതുക്കി.

എന്നാൽ വളരെക്കുറഞ്ഞ ചിലർക്ക് അതത്ര ബോധ്യമായില്ല. 'മുഹമ്മദ് ബ്നു അലി മക്കയിലുണ്ട്; ഒളിവിലൊന്നുമല്ല; നമുക്കവരോട് നേരിട്ട് ചോദിക്കാവുന്നതേയുള്ളൂ. ഇയാൾ പറയുന്നത് സത്യമാണോ എന്ന് ഉറപ്പുവരുത്താം' എന്നായി അവർ. അവർ മക്കയിലെത്തി, ഇബ്നുൽ ഹനഫിയ്യയുമായി നേരിൽ സംസാരിച്ചു. ഇബ്നുൽ ഹനഫിയ്യ തന്റെ നയം അസന്നിഗ്ദ്ധമായി തുറന്നു പറഞ്ഞു: 'നോക്കൂ, നിങ്ങളീ കാണുന്ന പോലെ ഞങ്ങൾ ഇവിടെ തടവറയിലാണ്. ഒരു സത്യവിശ്വാസിയെ അനർഹമായി കൊന്നിട്ട് എനിക്ക് ഈ ദുൻയാവിലെ അധികാരം നേടാൻ താല്പര്യമില്ല. അല്ലാഹു തന്റെ പടപ്പുകളിൽ ആരെയെങ്കിലും ഞങ്ങളുടെ സഹായത്തിനു നിയോഗിക്കുമെന്നാണ് എന്റെ ആഗ്രഹം; അതിനാൽ, പെരുങ്കള്ളം പറയുന്നവരെ നിങ്ങൾ സൂക്ഷിക്കുക; നിങ്ങൾ നിങ്ങളുടെ ശരീരവും ദീനും സംരക്ഷിക്കുക. ഇതാണെനിക്ക് പറയാനുള്ളത്; തിരിച്ചു പൊയ്ക്കോളൂ"[38]

ഇബ്നുൽ ഹനഫിയ്യയുടെ അനുമതിയുണ്ടെന്ന് കള്ളം പറയുകയാണെന്ന് പലരും മനസ്സിലാക്കിയെങ്കിലും മുഖ്താറിന്റെ പ്രക്ഷോഭം മുന്നോട്ടുപോയി; ഹുസൈൻ ഘാതകരോട് പ്രതികാരം ചെയ്യുന്നുണ്ടല്ലോ എന്നാണ് ജനങ്ങൾ ആശ്വസിച്ചത്; അതിനോട് എതിർപ്പുള്ളതായി ഇബ്നുൽ ഹനഫിയ്യയുടെ പ്രതികരണത്തിലും കാണുന്നില്ല. മുഖ്താറിന്റെ സൈന്യത്തിലെ പ്രമുഖൻ ഇബ്റാഹീം ബ്നുൽ അശ്ത്തർ നേരിട്ട് ഉബൈദല്ലാഹി ബ്നു

---

[37] (ഇബ്നു അസാകിർ/താരീഖു ദിമിശ്ഖ് 58/ 235, ദഹബി/ താരീഖുൽ ഇസ്‌ലാം 5/ 21).

[38] (ഇബ്നു സഅദ്/ ത്വബഖാത്തുൽ കുബ്റാ 5/99).

സിയാദിനെ വധിച്ചു തലയറുത്ത് മദീനയിലേക്കയച്ചു. ഹാശിമികളെ അതുവല്ലാതെ സന്തോഷിപ്പിച്ചു. അബ്ദുല്ലാഹി ബ്നു അബ്ബാസ് മുഖ്താറിനെ പ്രശംസിച്ചു. [39]

ഇറാഖും ഹിജാസും ഭരിക്കുന്ന ഇബ്നു സുബൈറും, ശാമും മിസ്റും മറ്റു നാടുകളും ഭരിക്കുന്ന മർവാൻ ബ്നുൽ ഹകമും, കൂഫയിലെ മുഖ്താറിന്റെ പ്രക്ഷോഭങ്ങളെ നിരീക്ഷിക്കുന്നുണ്ടായിരുന്നു. ഇതിനുപിന്നിൽ ഹാശിമികളുടെ സ്വകാര്യ കരങ്ങളുണ്ടെന്നു ഇരു ഖലീഫമാരും ധരിച്ചു; വിശിഷ്യാ മുഹമ്മദ് ബ്നുൽ ഹനഫിയ്യയുടെ. കാരണം, അദ്ദേഹത്തിന്റെ എഴുത്തുകൾ വായിച്ചാണ് മുഖ്താർ ജനങ്ങളോട് സംസാരിച്ചിരുന്നത്. ഇതോടെ, ഇബ്നു സുബൈർചേരി തടവിൽകഴിഞ്ഞിരുന്ന ഇബ്നുൽ ഹനഫിയ്യക്ക് കൂടുതൽ കടുത്ത വിലക്കുകൾ ഏർപ്പെടുത്തി. ഇബ്നു സുബൈർ ഞങ്ങളെ ചുട്ടുകൊല്ലുമെന്ന് സങ്കടപ്പെട്ടുകൊണ്ട് ചില ഹാശിമികൾ മുഖ്താറിന് കത്തയക്കുകയും ചെയ്തു.[40]

ഇബ്നുൽ ഹനഫിയ്യ തന്നെ മുഖ്താറിന് കത്തെഴുതിയിട്ടുണ്ടെന്നു ത്വബ്രി രേഖപ്പെടുത്തുന്നു. യഅ്ഖൂബി ഒരു കത്തിലെ വരികൾ പോലും ഉദ്ധരിക്കുന്നു:

'അല്ലാഹുവിന്റെ നാമത്തിൽ, മുഹമ്മദ് ബ്നു അലിയും മറ്റു ഹാശിമികളും മുഖ്താറു ബ്നു അബീ ഉബൈദിനെഴുതുന്നത്: നിശ്ചയം, അബ്ദുല്ലാഹിബ്നു സുബൈർ ഞങ്ങളെ പിടിച്ചു വെച്ച് സംസം മുറിയിൽ തടവിലിട്ടിരിക്കുകയാണ്. 'ഏക ഇലാഹായ അല്ലാഹുവാണ എനിക്ക് ബൈഅത്ത് ചെയ്തേ പറ്റൂ, അല്ലെങ്കിൽ നിങ്ങളെ തീയിലിട്ടു കരിക്കുന്നതാണ് ' എന്നദ്ദേഹം ശപഥം ചെയ്തിരിക്കുന്നു; സഹായിക്കണേ", എന്നായിരുന്നു ആ കത്ത്. [41]

മറ്റൊരു കത്ത് ബലാദുരി ഉദ്ധരിച്ചു. അതിലിത്രയേ ഉള്ളൂ : 'അല്ലാഹുവിന്റെ തുണയാൽ ഞങ്ങളെ സഹായിക്കുന്നവരേ, അല്ലാഹുവിന്റെ തുണയാൽ ഞങ്ങളെ സഹായിക്കുന്നവരേ (യാ ഗൗസനാ ബില്ലാഹ്!).

---

[39] (ഇബ്നു സഅദ്/ ത്വബഖാത്തുൽ കുബ്റാ 5 / 100, ഇബ്നു അസാകിർ/ താരീഖു ദിമിശ്ഖ് 54 / 343).
[40] (ഇബ്നു കസീർ/ അൽബിദായ 8 / 306).
[41] (താരീഖുൽ യഅഖൂബി 1 / 214)

സഹായം അഭ്യർത്ഥിക്കുന്ന കത്തുകൾ ആരാണയച്ചതെന്ന കാര്യം തർക്കത്തിലാണ്. ആരായാലും ശരി, ഹാശിമികൾ കഠിന തടവിലാണെന്ന വാർത്ത അറിഞ്ഞപ്പോൾ, മുഖ്താർ തന്റെ പോരാളികളിൽ നാലായിരം പേരെ അബൂ അബ്ദില്ലാഹിൽ ജദലി യുടെ നേതൃത്വത്തിൽ മക്കയിലേക്കയച്ചു. മുഖ്താറിന് കൂഫയിൽ കൂടുതൽ സ്വീകാര്യതയും വിശ്വസ്ഥതയും ഇതുവഴി ലഭിക്കുകയുണ്ടായി. മുഖ്താർ പോരാളികൾക്ക് നൽകിയ ഉപദേശം ഇങ്ങനെയായിരുന്നു: 'ഹാശിമികൾ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അവരുടെ കാവലായി നിലകൊള്ളുക; അവർ കൊല്ലപ്പെട്ടിട്ടുണ്ടെങ്കിൽ ഇബ്നു സുബൈർ കുടുംബത്തെ മുഴുവൻ കൊന്നുകളയുക. നിങ്ങളുടെ ഈ പ്രവൃത്തിക്ക് പത്ത് ഉംറയുടെയും ഹജ്ജിന്റെയും പ്രതിഫലം ഉണ്ടാകുന്നതാണ്".[42] കർമ്മങ്ങൾക്ക് പരലോക പ്രതിഫലം ഓഫർ ചെയ്യുന്ന സമ്പ്രദായം തുടങ്ങിയത് മുഖ്താർ ആയിരിക്കണം.

ഇപ്പോൾ ഹിജ്റ വർഷം 66.

മക്കയിലെത്തിയ 'ഹാശിമീ സംരക്ഷണ സേന' കാണുന്നത്, തനിക്ക് ബൈഅത്ത് ചെയ്യുന്നില്ലെങ്കിൽ തടവിലുള്ള ഹാശിമികളെ ചുട്ടുകൊല്ലാനുള്ള ഇബ്നു സുബൈറിന്റെ പുറപ്പാടാണത്രെ. പോരാളികളുടെ നേതാവ് ജദലി ഇബ്നു സുബൈറിന്റെ തടവിൽ നിന്നും ഹാശിമികളെ മോചിപ്പിക്കാനുള്ള നീക്കം ആരംഭിച്ചു. ഇബ്നു സുബൈറിനെ വധിക്കാനുള്ള കൽപന ഇബ്നുൽ ഹനഫിയ്യയിൽ നിന്നും സമ്പാദിക്കാൻ ജദലി ഒരു ശ്രമം നടത്തിനോക്കി. ഇബ്നുൽ ഹനഫിയ്യ പ്രതികരിച്ചതിങ്ങനെ: 'മസ്ജിദുൽ ഹറാമിൽ വെച്ച് ഒരു യുദ്ധം വേണ്ടെന്നാണ് എന്റെ നിലപാട്"[43]

ബലാദുരിയുടെ എഴുത്തനുസരിച്ച്, ഇബ്നുൽ ഹനഫിയ്യയും ഹാശിമികളും മാത്രമല്ല, കൂഫയിൽ നിന്നും അവരുടെ സംരക്ഷണത്തിനെത്തിയ പോരാളികളും തന്നെ ബൈഅത്ത് ചെയ്തേ

---

[42] (ഇബ്നു സഅദ്/ ത്വബഖാത്തുൽ കുബ്റാ 5 / 101, ഇബ്നു അസാകിർ/ താരീഖു ദിമിശ്ഖ് 54/ 338).
[43] (ഇബ്നുൽ ജൗസി / അൽ മുന്തളം 6 / 61, ഇബ്നു കസീർ/ അൽബിദായ 8/ 306 , ഇബ്നു ഖൽദൂൻ 3 / 27).

നിർവാഹമുള്ളൂ എന്ന ഉറച്ച നിലപാടിലായിരുന്നു ഇബ്നു സുബൈർ. ആദ്യത്തിൽ കുറച്ചുപോരാളികൾ മാത്രമേ വന്നിട്ടുണ്ടായിരുന്നുള്ളൂവെന്നും അവരെ യുദ്ധം ചെയ്ത് തുരത്തുക എളുപ്പമാണെന്നും ഇബ്നു സുബൈർ മനസ്സിലാക്കിയിരുന്നുവെന്നും, അപ്പോഴേക്കും നാലായിരം പേരടങ്ങുന്ന പോരാളി സംഘത്തെ മുഖ്താർ അയച്ചുവെന്നും അവരുടെ പക്കൽ മുഹമ്മദ് ബ്നു അലിക്ക് നൽകാൻ വലിയൊരു തുക ഉണ്ടായിരുന്നെന്നും ബലാദുരി കുറിക്കുന്നു. തന്നെ സംരക്ഷിക്കാൻ വന്ന പോരാളികളെ ഹറമിൽ നാശമുണ്ടാക്കരുതെന്നും പരസ്പരം യുദ്ധം ചെയ്യരുതെന്നും ഇബ്നുൽ ഹനഫിയ്യ ശക്തമായി വിലക്കിയെന്നാണ്ത്വബ്രിയുടെ ചരിത്രത്തിൽ കാണുന്നത്. "നിങ്ങളോട് യുദ്ധം വരുന്നവരോ ടല്ലാതെ നിങ്ങൾ യുദ്ധത്തിനൊരുങ്ങരുത്' എന്ന് ഇബ്നുൽ ഹനഫിയ്യ ഉപദേശിച്ചതായി മസ്ഊദിയും കുറിക്കുന്നു.

ഏതായാലും ഇബ്നു സുബൈർ ഒടുവിൽ സമാധാന വഴി തെരഞ്ഞെടുത്തു. ഇബ്നുൽ ഹനഫിയ്യയെയും കുടുംബത്തെയും സ്വതന്ത്രരാക്കി. ഹജ്ജിന്റെ സമയം അടുത്തിരുന്നുവെന്നതും ഈ തീരുമാന മാറ്റത്തിനു പിന്നിലെ പ്രധാന കാരണമാണ്. ഇബ്നുൽ ഹനഫിയ്യ പുറത്തിറങ്ങിയ ശേഷം, അദ്ദേഹവും ഇബ്നു സുബൈറും തമ്മിൽ നടന്ന വാഗ്വാദത്തെ ക്കുറിച്ച് യഅഖൂബി രേഖപ്പെടുത്തുന്നു. ഹാശിമീ പക്ഷക്കാരനായ യഅഖൂബിയുടെ മാത്രം ചരിത്ര കഥനമായതിനാൽ അതാരും തെളിവായി എടുത്തിട്ടില്ല.

സംഭവം ഇങ്ങനെ:

ഇബ്നുൽ ഹനഫിയ്യ പുറത്തിറങ്ങിയ ശേഷം, ഇബ്നു സുബൈർ മസ്ജിദുൽ ഹറാമിൽ ഒരു പ്രഭാഷണം ചെയ്തു. അതിൽ സയ്യിദുനാ അലിയെ കുറ്റപ്പെടുത്തി സംസാരിച്ചു. ഇതുകേട്ട ഇബ്നുൽ ഹനഫിയ്യ അപ്പോൾ തന്നെ പ്രതികരിച്ചു: 'മുഖങ്ങൾ കെട്ടുപോകട്ടെ. ഏയ് ഖുറൈശീ സമൂഹമേ, നിങ്ങളുടെ മുന്നിലാണല്ലോ ഇതെല്ലാം പറയുന്നത്, അലിയെ പറയുന്നത് നിങ്ങൾ കേൾക്കുന്നു, എന്നിട്ടും നിങ്ങൾക്ക് പ്രതിഷേധമില്ല?! അറിയുക, തന്റെ ശത്രുക്കളെ എറിയാനുള്ള അല്ലാഹുവിന്റെ ഉന്നം തെറ്റാത്ത വസ്ത്രമാണ് അലി. അദ്ദേഹം ശത്രുക്കളുടെ മുഖത്ത് പ്രഹരിക്കുന്നു; അവരുടെ തീറ്റ സ്ഥലത്തു നിന്നും ആട്ടിയോടിക്കുന്നു; അവരുടെ കഴുത്തിന് പിടിക്കുന്നു. അദ്ദേഹത്തിന്റെ പാതയിലും

ചര്യയിലുമാണ് ഈ ഞങ്ങൾ. എന്നാൽ, അല്ലാഹുവിന്റെ വിധിയെ തടുക്കാൻ ഞങ്ങൾക്ക് സൂത്രമൊന്നുമില്ല. അക്രമികൾ താമസിയാതെ അവരുടെ ഗതി എന്താണെന്ന് അറിയാൻ പോകുന്നു".

തുടർന്ന് അവർ തമ്മിൽ നടന്ന വാദ പ്രതിവാദങ്ങളും യഅ്ഖൂബി ഉദ്ധരിക്കുന്നു. വേറെയും അനുബന്ധ കാര്യങ്ങൾ ത്വബ്രി രേഖപ്പെടുത്തുന്നുണ്ടെങ്കിലും, അവയെല്ലാം പുനഃപരിശോധന ചെയ്തേ എടുക്കാവൂ എന്ന് ചരിത്ര സംശോധകൻ ഇബ്നു കസീർ രേഖപ്പെടുത്തുന്നു.[44]

ഈ വർഷത്തെ ഹജ്ജ് പ്രധാനമായും നാല് സംഘങ്ങളുടെ നേതൃത്വത്തിലായിരുന്നു. 1. ഇബ്നുൽ ഹനഫിയ്യയും മുഖ്താറിന്റെ പോരാളികളും. 2. ഇബ്നു സുബൈറും സൈന്യവും. 3. ഖവാരിജ് നേതാവ് നജ്ദത്ത് ബ്നു ആമിർ അൽഹനഫിയും സംഘവും 4. ഔദ്യാഗിക ഖലീഫയുടെ പതാകയേന്തി ശാമിൽ നിന്നും വന്ന സംഘം.

ഹജ്ജ് കർമ്മങ്ങളെല്ലാം സമാധാനപൂർവ്വം നടന്നു. ഓരോ സംഘവും മറ്റു സംഘങ്ങളെ ഭയന്നാണ് കർമ്മങ്ങൾ നിർവ്വഹിച്ചിരുന്നത്. മുഹമ്മദ് ബ്നു ജുബൈർ ബ്നു മുത്ഇം അടങ്ങുന്ന കുറച്ചാളുകൾ വന്ന് വന്ന് കലാപം ഉണ്ടാക്കാൻ ശ്രമിക്കരുതെന്ന്   ഇബ്നുൽ ഹനഫിയ്യയെ താക്കീതു ചെയ്തു. അവരോട് അദ്ദേഹം പറഞ്ഞു: "അല്ലാഹുവാണ, നാം കലാപം ആഗ്രഹിക്കുന്നില്ല. ഈ വിശുദ്ധ ഗേഹത്തിൽ നിന്നും ആരെയും തടയുന്നുമില്ല. എന്റെ ഭാഗത്തുനിന്നും പങ്കെടുപ്പിച്ച ഒരു ഹാജിയും ഇവിടെ ഇല്ല. എന്നാൽ, ഇബ്നു സുബൈറിൽ നിന്നും എന്റെ ദേഹത്തേയും എന്നിൽ നിന്നും അദ്ദേഹം ആഗ്രഹിക്കുന്ന കാര്യത്തെയും പ്രതിരോധിക്കുക മാത്രമാണ് എനിക്ക് ചെയ്യാനുള്ളത്. ഞാൻ ഒരിക്കലും അധികാരം ആഗ്രഹിക്കുന്നില്ല; അക്കാര്യത്തിൽ ഒരാൾ മറ്റൊരാളുമായി ഭിന്നിക്കുന്ന കാലത്തോളം. കുഴപ്പം ഉണ്ടാക്കരുതെന്ന് നിങ്ങൾ പോയി ഇബ്നു സുബൈറിനോട് പറ. അതുപോലെ ഖാരിജി നേതാവ് നജ്ദത്തിനോടും പറയൂ"[45]

അധികാര രാഷ്ട്രീയത്തോടും അതിനുവേണ്ടി രക്തം ചിന്തുന്നതിനോടും ഇബ്നുൽ ഹനഫിയ്യയുടെ നിലപാട് തെളിയുന്ന വാക്കുകളാണിത്.

---

[44] (അൽ ബിദായ 8 / 306).
[45] (ഇബ്നു സഅദ് / ത്വബഖാത്ത് 5 /100 , ഇബ്നു അസാകിർ / താരീഖു ദിമിശ്ഖ് 54/ 340).

മുഖ്താറിന്റെ പ്രതികാര ദൗത്യം പിന്നീട് ഇമാമിനെ സ്ഥാപിക്കുന്നിടത്തേക്ക് പുരോഗമിച്ചു. ഹസനും ഹുസൈനും ഇമാമാകാൻ അർഹരല്ലെന്നായിരുന്നു മുഖ്താർ വാദിച്ചത്. മുആവിയയ്ക്ക് ഖിലാഫത്ത് വിട്ടുകൊടുത്തുവെന്നതാണ് ഹസന്റെ അയോഗ്യത; അത് അസംതൃപ്തിയോടെ യാണെങ്കിലും പിന്തുണച്ച ഹുസൈനും പുറത്ത്. മുഹമ്മദ് ബ്നുൽ ഹനഫിയ്യയുടെ കൃത്രിമ എഴുത്തുകൾ കൂഫക്കാർക്ക് വായിച്ചു കേൾപ്പിച്ചു ജനപിന്തുണനേടാൻ മുഖ്താർ മറ്റൊരു കളവുകൂടി പൊട്ടിച്ചു: 'ഇബ്നുൽ ഹനഫിയ്യയെ ബൈഅത്ത് ചെയ്യണമെന്ന് നിങ്ങളെ അറിയിക്കാൻ ഇബ്നു സുബൈർ തന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു'! ഭക്തനും കറാമത്തുകളുടെ ഉടമയുമായ ഇബ്നുൽ ഹനഫിയ്യ സയ്യിദുനാ അലിയുടെ യഥാർത്ഥ പാരമ്പര്യമുള്ള ഇമാമാണെന്നും അസ്റാറുക (നിഗൂഢ വിജ്ഞാനീയങ്ങൾ)ളുടെ ഖജനാവിന്റെ താക്കോൽ ഇബ്നുൽ ഹനഫിയ്യയുടെ പക്കലുണ്ടെന്നും മുഖ്താർ ഘോരഘോരം പ്രസംഗിച്ചു നടന്നു. ബസ്വ്വറ/ ജമൽ പോരാട്ടത്തിൽ അലിയുടെ സൈന്യത്തിന്റെ പതാകവാഹകൻ ഹസനോ ഹുസൈനോ ആയിരുന്നില്ലെന്നും പിതാവ് പതാക ഏല്പിച്ച പുത്രനാണ് യഥാർത്ഥ അലി യുടെ അനന്തരാവ കാശി എന്നുമായിരുന്നു ജനങ്ങളെ വിശ്വസിപ്പിച്ച ന്യായം.

നബി സ്വ ചില ഘട്ടങ്ങളിൽ നേതൃസ്ഥാനം അലിക്ക് നൽകിയെന്നും പറഞ്ഞാണല്ലോ , നബിയുടെ ശരിയായ പിൻഗാമി അലിയാണെന്നും അതിനു മുമ്പുവന്ന മൂന്നുപേരും അല്ലെന്നും ശിഈകൾ വാദിച്ചത്. അതുകൊണ്ടുതന്നെ, പതാക നല്കപ്പെട്ടവൻ പിൻഗാമി എന്ന ന്യായം അവർക്ക് ബോധ്യമായിക്കാണും. ആദ്യത്തെ ശീഈ സംഘത്തിന് ഹസനും ഹുസൈനും ആരുമല്ലായിരുന്നു എന്നർത്ഥം.

ചരിത്രത്തിലെ ആദ്യത്തെ ശീഈ ആദർശ സംഘമായി കൈസാനിയ്യയുടെ പേരാണ് ഉൾപ്പാർട്ടി ചരിത്ര ഗ്രന്ഥങ്ങളിൽ കാണുക; കൈസാൻ തുടങ്ങി വെച്ച പ്രതികാര പോരാട്ടത്തെ വികല ആദർശങ്ങളും വാദങ്ങളും കൂട്ടിച്ചേർത്ത് വഴികേടി ലേക്ക് കൊണ്ടുപോയത് മുഖ്താർ ആയിരുന്നു. മഹ്ദി വാദം ആരംഭിക്കുന്ന ആദ്യത്തെ പാർട്ടിയും മുഖ്താരിയ്യ എന്നറിയപ്പെട്ട കൈസാനിയ്യ ഗ്രൂപ്പാണ്.

പിന്നീട് കൈസാനിയ്യയും മുഖ്താരിയ്യയും വിവിധ കഷ്ണങ്ങളായി പൊട്ടിച്ചിതറി. സായുധ നീക്കങ്ങൾ ഉണ്ടായിട്ടില്ലെങ്കിലും അവർ ജനങ്ങളെ വിവിധ അന്ധവിശ്വാസങ്ങളിലേക്ക് സ്വകാര്യമായി പിടിച്ചുകൊണ്ടുപോയി.

തന്നെക്കുറിച്ചു പ്രചരിപ്പിക്കുന്ന കാര്യങ്ങൾ ഇബ്നുൽ ഹനഫിയ്യ നിഷേധിച്ചു. തന്നെ അറിയുന്ന കൂഫ വാസികൾക്ക് അദ്ദേഹം കത്തയച്ചു:

'കൂഫയിലുള്ള ഞങ്ങളുടെ ശീഅത്ത് അറിയാൻ മുഹമ്മദ് ബ്നു അലി എഴുതുന്നത്: വിജ്ഞാന സദസ്സുകളിലും മസ്ജിദുകളിലെ ജമാഅത്തുകളിലും നിങ്ങൾ പങ്കെടുക്കുക. രഹസ്യത്തിലും പരസ്യത്തിലും അല്ലാഹുവിനെ സ്മരിക്കുക. സത്യവിശ്വാസികൾ അല്ലാത്ത സ്വകാര്യ സൂക്ഷിപ്പു കാരെ നിയമിക്കരുത്. നിങ്ങൾക്ക് സ്വന്തം കാര്യത്തിൽ ജാഗ്രത ഉണ്ടെങ്കിൽ നിങ്ങളുടെ ദീനീ വിഷയങ്ങളിൽ കൊടും കളവ് പറയുന്നവരെ സൂക്ഷിക്കുക. നിസ്കാരവും നോമ്പും പ്രാർത്ഥനയും വർദ്ധിപ്പിക്കുക. അല്ലാഹു ഉദ്ദേശിച്ചതല്ലാതെ, പടപ്പുകളിൽ ഒരാളും മറ്റൊരാൾക്ക് ഉപകാരമോ ഉപദ്രവമോ സ്വന്തമായി ചെയ്യുന്നില്ല. ഓരോ ആത്മാവും / ശരീരവും അവ സമ്പാദിച്ച കാര്യത്തിൽ പണയപ്പെടുത്തപ്പെടുന്നു. ഒരു കുറ്റവാളിയും മറ്റൊരു കുറ്റവാളിയുടെ കുറ്റം വഹിക്കില്ല. എല്ലാ ഓരോ ആത്മാവും സമ്പാദിച്ച തെന്തോ അതുപ്രകാരം അതിനുള്ളത് നല്കുന്നവ നാണ് അല്ലാഹു. അതിനാൽ, സൽകർമ്മം ചെയ്യു വീൻ, സ്വന്തം ആത്മാവിന്റെ രക്ഷയ്ക്ക് നല്ലതു ചെയ്തുവെക്കുവീൻ. നിങ്ങൾ അശ്രദ്ധവാൻ മാരാകരുത്. അസ്സലാമു അലൈകും".[46]

മുഖ്താർ മുന്നോട്ടുപോയി. ഇബ്നുൽ ഹനഫിയ്യയെ കുറിച്ച് പറയുന്ന കാര്യങ്ങൾ ഓരോന്നും ഇബ്നുൽ ഹനഫിയ്യ പരസ്യമായി നിഷേധിക്കുമ്പോഴും മുഖ്താറിന്റെ നിൽനിൽപിന് അതുവലിയ പ്രതിസന്ധിയുണ്ടാക്കിയില്ല. അതിനുമതിയായ കാരണമുണ്ട്. ശീഈ ആത്മീയ രാഷ്ട്രീയത്തിന്റെ വളർച്ചയുടെയും നിലനില്പിന്റെയും അടിസ്ഥാനം അതാണ്. തഖിയ്യ എന്ന സാങ്കേതിക ശബ്ദത്തിൽ അറിയപ്പെടുന്ന 'ഒളിച്ചുകളി'. ഇബ്നുൽ ഹനഫിയ്യ കുറച്ചാളുകളോട് സത്യം വെളിപ്പെടുത്തിയാലും

---

[46] (ത്വബ്രി / താരീഖ് 3 / 480).

ശിഈകൾ അത് തെളിവായി എടുക്കില്ല. ഇബ്നുൽ ഹനഫിയ്യയുടെ സ്വന്തം ആളെന്നു പരിചയപ്പെടുത്തുന്ന ഏതൊരു വ്യക്തിക്കും തഖിയ്യ പ്രയോഗിച്ച് അതിനെ നിഷ്പ്രയാസം മറികടക്കാൻ സാധിക്കും. "നിങ്ങളോടങ്ങനെ പറഞ്ഞത് തഖിയ്യ യുടെ ഭാഗമാണ്; എന്നോട് രഹസ്യമായി മറ്റൊന്ന് പറഞ്ഞിട്ടുണ്ട്" എന്നങ്ങ് പ്രചരിപ്പിക്കുകയേ വേണ്ടൂ. ശിഈകൾ വളർന്നതും നിലനിൽക്കുന്നതും ഈ ഒരൊറ്റ സിദ്ധാന്തത്തിന്റെ ബലത്തിലാണ്. മുഖ്താർ ആയിരുന്നു ഇതിന്റെയും തുടക്കക്കാരൻ. ഇബ്നുൽ ഹനഫിയ്യയെ വാഗ്ദത്ത മഹ്ദിയായി പ്രഖ്യാപിക്കാൻ മുഖ്താറിന് ഒട്ടും ഭയമില്ലായിരുന്നു. ഇബ്നുൽ ഹനഫിയ്യ നിഷേധിച്ചിട്ടും കാര്യമില്ല. "നിങ്ങളോടിങ്ങനെയേ പറയൂ; അതിലെ അസ്റാറും അകമിയവും നിങ്ങൾക്കിപ്പോൾ മനസ്സിലാകില്ല" എന്നൊരു പ്രസ്താവന കൊണ്ട് മറികടക്കാവുന്നതേ ഉള്ളൂ. സയ്യിദുനാ അലി ചെയ്തപോലെ, ദുരാരോപകർക്കും മുഖസ്തുതിക്കാർക്കും ചുട്ട അടി വെച്ചുകൊടുക്കു വാൻ പിന്മുറക്കാർക്ക് സാധിച്ചുമില്ല. കൈസാനിയ്യ എന്നറിയപ്പെട്ട ശീഈ വിഭാഗം മഹ്ദിയായ ഇബ്നുൽ ഹനഫിയ്യ മരണപ്പെട്ടിട്ടില്ലെന്നും അജ്ഞാത ലോകത്ത് ജീവിച്ചിരിക്കുന്നുവെന്നും അന്ത്യനാളിൽ മഹ്ദിയായി അവതരിക്കുമെന്നും വിശ്വസിച്ചു പോന്നു. ഈ വിഭാഗം ഇപ്പോൾ ഇല്ലെന്ന് മനസിലാക്കുന്നു.

കൂഫക്കാർ പതിവുപോലെ പിന്തുണ പ്രഖ്യാപിച്ചു. ഇറാഖിലെ ദിയാറുൽ ബികാർ , അഹ്വാസ്, അദർബീജാൻ തുടങ്ങിയ പ്രദേശങ്ങളിൽ നിയുക്ത ഇമാം 'മുഹമ്മദ് ബ്നു അലി'യുടെ 'പ്രതിനിധി' വേഷത്തിൽ മുഖ്താർ അധികാരസ്ഥനായി; തുടർന്ന് മുഖ്താർ സ്വയം നബിയാണെന്ന് വാദിക്കാൻ തുടങ്ങി. പ്രതികാര രാഷ്ട്രീയത്തിൽ നിന്നും അതിവാദ ങ്ങളിലേക്ക് പുരോഗമിച്ചപ്പോൾ മുഖ്താറിനെതിരെ സൈനിക ആക്രമണം ആവശ്യമാണെന്ന് ഇബ്നു സുബൈർ മനസ്സിലാക്കി. സഹോദരൻ മിസ്അബ് ബ്നു സുബൈറിന്റെ നേതൃത്വത്തിലുള്ള സൈന്യം മുഖ്താറിനെ വകവരുത്തിയതോടെ ആ പ്രക്ഷോഭ വും കെട്ടടങ്ങി. ഹുസൈനുൽ മുർത്തദായുടെ മകൾ സുകൈനയുടെ ഭർത്താവാണ് മിസ്അബ് ബ്നു സുബൈർ.

മുഖ്താർ ഒടുങ്ങിയപ്പോൾ സ്വാഭാവികമായും ഹാശിമികൾ 'നിസ്സഹായരായി'. ഇബ്നു സുബൈർ ബൈഅത്ത് ആവശ്യം ആവർത്തിച്ചു. മദീനയിലായിരുന്നു ഇബ്നുൽ ഹനഫിയ്യയും

ബന്ധുക്കളും അപ്പോൾ താമസിച്ചിരുന്നത്. മദീനയിലെ പ്രമുഖ പണ്ഡിതനായിരുന്ന ഉർവത്ത് ബ്നു സുബൈറിനെ അയച്ചു, ഇബ്നുൽ ഹനഫിയ്യ യുമായി സംസാരിക്കാൻ. പക്ഷേ, ഇബ്നുൽ ഹനഫിയ്യ ബൈഅത്തിന് വഴങ്ങിയില്ല. തന്റെ കാര്യം മാത്രമല്ല, തന്റെ കൂടെയുള്ള അഹ്ലുൽ ബൈത്ത് ബന്ധുക്കളുടെ കാരണവപദവിയും ചുമലിൽ ഉള്ളതിനാൽ, അവരുടെ നിലപാടിനു കൂടി ഉത്തരം പറയേണ്ടിവരുന്നതൊഴിവാക്കാൻ, അവർക്ക് ഇഷ്ടമുള്ള നിലപാട് സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ട് ഒരിക്കൽ അവരുമായി ഇബ്നുൽ ഹനഫിയ്യ സംസാരിച്ചു. കർബലയിൽ അവശേഷിച്ച ഹുസൈൻ പുത്രൻ അലി സൈനുൽ ആബിദീൻ അപ്പോൾ പക്വതയുള്ള യുവാവായിരിക്കുന്നു. പക്ഷേ, അവർ ഇബ്നുൽ ഹനഫിയ്യയെ വിട്ടുപോകാൻ വൈമനസ്യം കാണിച്ചു. മദീനയിൽ താമസിച്ചാൽ ഇബ്നു സുബൈറിൽ നിന്നും ഇനിയും സമ്മർദ്ധം തുടരുമെന്ന് മനസിലാക്കിയ ഇബ്നുൽ ഹനഫിയ്യ ഉമവി ഭരണ തലസ്ഥാനമായ ശാമിലേക്ക് താമസം മാറ്റാൻ ആലോചിച്ചു.

ആവശ്യമായ സംരക്ഷണം നൽകാൻ ഇബ്നു അബ്ബാസ് അബ്ബാസ് അബ്ദുൽ മലികിനെ ഉപദേശിക്കുകയും ചെയ്തു. ഇബ്നുൽ ഹനഫിയ്യയുടെ തീരുമാനം ഉമവി ഖലീഫ അബ്ദുൽ മലിക് ബ്നു മർവാൻ സ്വാഗതം ചെയ്തു. താമസിയാതെ ഇബ്നുൽ ഹനഫിയ്യ ശാമിലേക്ക് പുറപ്പെട്ടെങ്കിലും, യാത്രാമധ്യേ മദ്യൻ നഗരത്തിൽ ഒരാൾ അദ്ദേഹത്തെ സമീപിച്ചുകൊണ്ട്, അബ്ദുൽ മലിക് ചതിച്ചു കൊല്ലുമെന്ന് ഭയപ്പെടു ത്തിയതിന്റെ അടിസ്ഥാനത്തിൽ, ഇന്നത്തെ അഖബാ/പഴയ അയ്‌ലാ നഗരത്തിലേക്ക് യാത്ര തിരിച്ചുവിട്ടു. അയ്‌ലാ തെരഞ്ഞെടുത്തതിൽ ഖലീഫക്ക് എതിർപ്പൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ, അവിടെ താമസമാക്കുന്നതിനു മുമ്പ് തന്നെ ബൈഅത്ത് ചെയ്യണമെന്ന് ഖലീഫ അറിയിച്ചു. ഇബ്നുൽ ഹനഫിയ്യ തന്റെ നിലപാട് ആവർത്തിച്ചു: 'എല്ലാ മുസ്ലിംകളും തർക്കമില്ലാതെ ബൈഅത്ത് ചെയ്യുന്ന ആൾക്കേ താൻ ബൈഅത്ത് ചെയ്യുകയുള്ളൂ".[47]

അബ്ദുൽ മലികിനെ ബൈഅത്ത് ചെയ്യാതെ അവിടെ നില്ക്കുന്നത് അപകടകരമാണെന്ന് കരുതിയിരിക്കാം, അദ്ദേഹം ഉംറയുടെ ഇഹ്റാം ചെയ്ത് മക്കയിലേക്ക് തിരിച്ചു. പക്ഷേ, തനിക്ക്

---

[47] (അൽ അസ്ബഹാനി / ഹിൽ യത്തുൽ ഔലിയാ 3/ 147).

ബൈഅത്ത് ചെയ്യാതെ മക്കയിൽ കടക്കാൻ ഇബ്നു സുബൈർ അനുവദിച്ചില്ല. ബൈഅത്ത് ചെയ്യില്ലെന്നുറച്ച ഇബ്നുൽ ഹനഫിയ്യ , ഉംറ നിർവ്വഹിക്കാനാകാതെ ത്വായിഫിലേക്ക് തിരിച്ചു, അവിടെ പിതൃവ്യ പുത്രൻ ഇബ്നു അബ്ബാസിന്റെ കൂടെ, ഇബ്നു അബ്ബാസിന്റെ മരണം വരെയും പാർത്തു. ഇബ്നു അബ്ബാസിന്റെ മയ്യിത്ത് നിസ്കരിച്ചത് ഇബ്നുൽ ഹനഫിയ്യ ആയിരുന്നു. അനുശോചന പ്രസ്താവനയിൽ ഇബ്നുൽ ഹനഫിയ്യ പറഞ്ഞു: "അല്ലാഹുവാണ, ഈ ഉമ്മത്തിലെ മഹാ പണ്ഡിതൻ മരണപ്പെട്ടിരിക്കുന്നു". അപ്പോൾ വർഷം 68/ 687.

ബലാദുരിയുടെ റിപ്പോർട്ട് പ്രകാരം, ഇബ്നുൽ ഹനഫിയ്യ മക്കയിലെ താമസസ്ഥലത്തേക്ക് തന്നെ മാറിത്താമസിച്ചു. ഈ സന്ദർഭത്തിൽ ഇബ്നു സുബൈർ എന്തുചെയ്തുവെന്ന് വ്യക്തമല്ല. രാഷ്ട്രീയ രംഗം വീണ്ടും പ്രക്ഷുബ്ധമായി. ഇബ്നു സുബൈറിന്റെ വിഘടിത ഖിലാഫത്ത് തകർക്കാൻ അബ്ദുൽ മലിക് തയ്യാറെടുത്തു. മക്കയിലേക്ക് ഹജ്ജാജ് ബ്നു യൂസുഫിനെ ഗവർണറായി നിയമിച്ചു. ഹജ്ജാജിന്റെ സൈനിക നടപടി ആരംഭിക്കുന്നതിനു മുമ്പ്, അബ്ദുൽ മലിക് വീണ്ടും ഇബ്നുൽ ഹനഫിയ്യയോട് ഹജ്ജാജിന് ബൈഅത്ത് ചെയ്യാൻ ആവശ്യപ്പെട്ടു. അപ്പോഴും അദ്ദേഹം ഉറച്ചു നിന്നു: എല്ലാ മുസ്ലിംകളും താങ്കൾക്ക് എതിർപ്പില്ലാതെ ബൈഅത്ത് ചെയ്യുന്ന സന്ദർഭത്തിൽ ഞാൻ ഒന്നാമനായി ഉണ്ടാകും".

ഇബ്നു സുബൈറിനെതിരെ ഹജ്ജാജ് സൈനിക നീക്കം ആരംഭിച്ചു. ഹറമിൽ രക്തം ചിന്തി. ഇബ്നു സുബൈറും അനുയായികളും നിശ്ശേഷം തകർക്കപ്പെട്ടു. ഇബ്നു സുബൈർ അടക്കമുള്ള ഒട്ടേറെ പ്രമുഖർ കൊല്ലപ്പെട്ടു. യുദ്ധം കഴിഞ്ഞു. ഉമവി ഖലീഫമാരെ ചോദ്യം ചെയ്യുന്ന സംഘടിത ശക്തികൾ അവശേഷിച്ചില്ല. അബ്ദുൽ മലികിന്റെ നിർദ്ദേശപ്രകാരം, അനുനയത്തിൽ ഹജ്ജാജ് വീണ്ടും ഇബ്നുൽ ഹനഫിയ്യയെ സമീപിച്ചു. അദ്ദേഹം ഉമവി ഖലീഫ അബ്ദുൽ മലികിന് ബൈഅത്ത് ചെയ്തു, താമസം ശാമിലേക്ക് മാറ്റി. സർവ്വാദരങ്ങളോടെ ഖലീഫ അദ്ദേഹത്തെ സ്വീകരിച്ചു. ഹജ്ജാജ് ഖലീഫയോട് പറഞ്ഞു: "അല്ലാഹുവാണ, സത്യവിശ്വാസികളുടെ അമീറേ, ഇദ്ദേഹത്തിന്റെ ബൈഅത്തിന് അല്പം സാവകാശം നൽകണമെന്ന താങ്കളുടെ കല്പന വന്നില്ലായിരുന്നെങ്കിൽ ഞാൻ ഇദ്ദേഹത്തിന്റെ കഴുത്തറക്കണമെന്ന് കരുതിയതായിരുന്നു", ഖലീഫ പ്രതികരിച്ചു: 'ഹജ്ജാജ്, മിണ്ടാതിരിക്കൂ".

ഹജ്ജാജിൽ നിന്നും നല്ല സമീപനമല്ല ഇബ്നുൽ ഹനഫിയ്യക്ക് ലഭിച്ചത്. ഇതേക്കുറിച്ച് ഖലീഫയോട് പരാതിപറഞ്ഞപ്പോൾ ഖലീഫ പറഞ്ഞു: 'താങ്കളുടെ മേൽ മാത്രമല്ല, ഒരാളുടെ മേലും എനിക്കല്ലാതെ അദ്ദേഹത്തിന് യാതൊരു അധികാരവുമില്ല. താങ്കൾക്ക് എല്ലാ വർഷവും എന്നെ സമീപിക്കാം; എന്ത് ആവശ്യങ്ങൾ ഉണ്ടെങ്കിലും അത് നിവർത്തിക്കാം". [48]

അന്തരീക്ഷം സ്വസ്ഥമായി, ശാന്തമായി. പ്രക്ഷോഭങ്ങളില്ലാത്ത ഏതാനും വർഷങ്ങൾ. ഇബ്നുൽ ഹനഫിയ്യ എത്രകാലം ശാമിൽ താമസിച്ചുവെന്നും, മദീനയിലേക്ക് മടങ്ങിയത് എപ്പോഴായിരുന്നുവെന്നും ചരിത്രകൃതികളിൽ രേഖപ്പെട്ടു കാണുന്നില്ല. ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന സംഭവബഹുലമായ അര നൂറ്റാണ്ടു കാലത്തെ (മൂന്നാം ഖലീഫ സയ്യിദുനാ ഉസ്മാൻ കൊലചെയ്യപ്പെട്ടതു മുതൽ ഇബ്നു സുബൈറിനെയും സംഘത്തെയും ഹജ്ജാജ് മക്കയിൽ നാമാവശേഷമാക്കിയ കാലം വരെ)**രാഷ്ട്രീയ സംഭവങ്ങൾക്ക് നേരിട്ടു സാക്ഷിയായ, തീർത്തും വ്യത്യസ്തനായ ഒരു ജ്ഞാനിയുടെ വിയോഗം മദീനയിൽ സംഭവിച്ചു.**

മുഹമ്മദ് ബ്നു അലിയുടെ മക്കൾ: അബൂ ഹാശിം എന്ന അബ്ദുല്ലാഹ്, ഹംസ, ജഅഫർ അൽ അക്ബർ, അലി (ഇത്രയും പേരുടെ മാതാവ് നാഇല എന്ന് പേരുള്ള അടിമസ്ത്രീ), **ഹസൻ, ഖാസിം** (ഈ മകനിലേക്ക് ചേർത്താണ് പിതാവ് അബുൽ ഖാസിം എന്ന് വിളിക്കപ്പെട്ടത്), **അബ്ദുറഹ്മാൻ, ഉമ്മുൽ ഖാസിം, റുഖയ്യ, ഹുബാബ** (ഇത്രയും പേരുടെ മാതാവ് ശഹ്ബാഅ്- അബ്ദുറഹ്മാൻ ബ്നു നൗഫലിന്റെ ഉമ്മ), **ഇബ്റാഹീം** (മാതാവ് മുസ്‌രിഅ ബിൻത് ഉബ്ബാദ് ബ്നു ശൈബാൻ), **ജഅഫർ അൽ അസ്ഗർ, ഔന്**(രണ്ടുപേരുടെ മാതാവ്: ഉമ്മു ജഅഫർ ബിൻത് മുഹമ്മദ് ബ്നു ജഅഫർ ബ്നു അബീ ത്വാലിബ്). **ഖാസിമിനും അബ്ദുറഹ്മാനും പിന്മുറക്കാർ ഇല്ല.** [49]

---

48 (ബലാദുരി / അൻസാബുൽ അഷ്റാഫ് 3 / 132)
49 (സുബൈരി / നസബു ഖുറൈശ് 3 / 26).

ഹുസൈൻ തങ്ങളെ വധിച്ചത് ശിയാക്കൾ

ആരാണ് സത്യത്തിൽ ഹുസൈൻ തങ്ങളെയും കുടുംബത്തെയും വധിച്ചത് ? നിസ്സംശയം പറയാം, ശിയാക്കൾ, കൂഫക്കാർ, അലിയെയും ഹുസൈനെയും ചതിച്ചവർ഻

വഞ്ചകരായ കൂഫക്കാരുടെ ചതിയിൽ പെടുകയായിരുന്നുവല്ലോ മഹാനായ ഹുസൈൻ തങ്ങൾ഻കൂഫക്കാർ നേരത്തെ തന്റെ പിതാവിനെയും ചതിച്ചിട്ടുണ്ട്. അക്കാര്യം ഓർമ്മപ്പെടുത്തി ഹുസൈൻ തങ്ങളെ കൂഫയിലേക്ക് പോകുന്നത് കാരണവന്മാർ പലരും തടഞ്ഞതായിരുന്നു. അവർ മുൻകൂട്ടി കണ്ടതു തന്നെ സംഭവിച്ചു. കൂഫക്കാർ ചതിച്ചു. യുദ്ധമുഖത്ത് അദ്ദേഹത്തെ തള്ളിയിട്ട ശേഷം അവർ ചിലർ മറുപക്ഷത്ത് സൈന്യത്തിൽ ചേർന്നു?! സൈന്യത്തെ പ്രകോപിപ്പിച്ചും പ്രേരിപ്പിച്ചും അവർ ഹുസൈൻ തങ്ങളെയും കുടുമ്പത്തെയും വകവരുത്തി. ശമിർ ബിൻദിൽജൌശൻ എന്ന കൂഫക്കാരനായ ശിയാ അവരിൽ വിദഗ്ദ്ധനായിരുന്നു..

ശിയാക്കളുടെ ചതി മനസ്സിലാക്കിയ ഹുസൈൻ തങ്ങൾ അന്നുതന്നെ അവർക്കെതിരെ പ്രാർഥിച്ചു..

اللهم إن متعتهم إلى حين ففرقهم فرقا , واجعلهم طرائق قددا

ولا ترض الولاة عنهم أبدا , فإنهم لينصرونا ثم عدوا علينا فقتلونا , "..

'അല്ലാഹുവേ, അവർക്ക് ജീവിക്കാൻ നീ അവസരം നൽകുന്നുവെങ്കിൽ അവരെ നീ ചിന്നഭിന്നമാക്കണം. അവരെ വിവിധ വഴികളാക്കി തകർക്കണം. അവരെ നീ ഒരിക്കലും ഇഷ്ടപ്പെടരുത്. അവർ നമ്മെ സഹായിക്കുന്നതായി നടിച്ച് പിന്നെ നമ്മുടെ

മേൽ ചാടിവീണ് വധിക്കാനുള്ള പുറപ്പാടിലാണ് (ശിഈ ആധികാരിക പണ്ഡിതൻ മുഫീദ് എഴുതിയ ഇർശാദിൽ നിന്നും)

ഹുസൈൻ തങ്ങളുടെ പ്രിയ പുത്രൻ സൈനുൽ ആബിദീൻ തങ്ങൾ ശിയാക്കളോട് പിന്നീട് തുറന്നടിക്കുന്നത് കാണുക:

هل تعلمون أنكم كتبتم إلى أبي وخدعتموه

وأعطيتموه من أنفسكم العهد والميثاق ثم قاتلتموه وخذلتموه .

, بأي عين تنظرون إلى رسول الله صلى الله عليه وسلم وآله وهو يقول لكم ,

" فاتلتم عترتي وانتهكتم حرمتي فلستم من أمتي

എൻറെ പ്രിയ പിതാവിന് നിങ്ങൾ കത്തെഴുതി വഞ്ചിച്ചത് അറിയാമോ നിങ്ങൾക്ക്?! പിന്തുണക്കാം എന്ന്കരാർ നൽകിയ നിങ്ങൾ പിന്നീട് അദ്ദേഹത്തെ ചതിച്ചു കൊന്നു കളഞ്ഞില്ലേ.! 'നിങ്ങൾ എൻറെ മകനെ കൊന്നുവല്ലേ, എന്നോടുള്ള ബഹുമാനം നിങ്ങൾ തകർത്തു കളഞ്ഞുവല്ലേ, നിങ്ങൾ എൻറെ ഉമ്മത്തിൽ ഉള്പെടില്ല' എന്നിങ്ങനെ നാളെ തിരുദൂതർ സ ചോദിക്കുമ്പോൾ നിങ്ങൾ ഏതു കണ്ണ് കൊണ്ടാണ് വഞ്ചകരേ തിരുദൂതരെ നോക്കുക?! (അൽഇഹ്തിജാജ് 2/32)

ഹിബത്തുദ്ധീൻ ശഹ്രസ്ഥാനി എന്ന ശിഈ പണ്ഡിതൻ, പ്രസിദ്ധ ശിഈ സാഹിത്യകാരനായ ജാഹിളിൽ നിന്നും ഉദ്ധരിക്കുന്നു: ഖുസൈമത്തുൽ അസദി പറഞ്ഞു: ഞാൻ കൂഫയിൽ പോയ വേളയിൽ , അലി ബിൻ ഹുസൈൻ റ കൂടെയുള്ള കുട്ടികളുമായി കർബലയിൽ നിന്നും ഉബൈദുള്ള ബിൻ സിയാദിന്റെ അടുത്തേക്ക് പോകുന്ന രംഗം ഞാൻ കണ്ടതാണ്. വഴിയിൽ മാറത്തടിച്ച് നിലവിളിക്കുന്ന സ്ത്രീകളെ നോക്കി ഉച്ചത്തിൽ അലി റ അവരോടു പറഞ്ഞു: إن هؤلاء يبكون علينا فمن قتلنا غيرهم ؟!**"അവർ നമുക്ക് വേണ്ടി കരയുന്നു പോലും ! അവരല്ലാതെ ആരാണ് നമ്മെ വധിച്ചത്?!"** (അൽഇഹ്തിജാജ് 2/29)

സൈനുൽ ആബിദീൻ തങ്ങളുടെ പുത്രി ഫാതിമ സുഗ്രാ ശിയാക്കളെ വിളിച്ചു പറഞ്ഞു :

കൂഫക്കാരേ, വഞ്ചനയുടെയും ചതിയുടെയും കുരുട്ടിന്റെയും ആളുകളേ, ഞങ്ങൾ അഹ്‌ലുല്ബൈത്ത് നിങ്ങൾ കാരണം ദുരിതത്തിലായി. ഞങ്ങൾ നിമിത്തം നിങ്ങളും അപകടത്തിലായി. എന്നാൽ ഞങ്ങളുടെ ബലാഇനെ അല്ലാഹു ഉത്തമമാക്കി(ഗുണകരമാക്കി). നിങ്ങൾ ഞങ്ങളെ നിഷേധിച്ചു, അവിശ്വസിച്ചു.! ഞങ്ങളെ വധിക്കുന്നത് നിങ്ങൾ ഹലാലായി കണ്ടു, ഞങ്ങളുടെ സമ്പത്ത് തട്ടിയെടുക്കാവുന്നതായും.?! ഇന്നലെ ഞങ്ങളുടെ പിതാമഹനെ നിങ്ങൾ കശാപ്പ് ചെയ്തതുപോലെ, നിങ്ങളുടെ വാളുകളിൽ ഞങ്ങൾ അഹ്‌ലുൽബൈത്തിന്റെ ചുടുചോര ഒഴുക്കിയ പോലെ, നിങ്ങൾക്ക് നാശം, ശാപവും തീരാശിക്ഷയും നിങ്ങൾക്കുമേൽ ഇറങ്ങിക്കഴിഞ്ഞു. നിങ്ങൾ പരസ്പരം ദുരിതം അനുഭവിപ്പിക്കും. നിങ്ങൾ ചെയ്ത അക്രമം നിമിത്തമായി ഉയിർപ്പുനാളിൽ വേദനാജനകമായ ശിക്ഷയിൽ നിങ്ങൾ നിത്യവാസം അനുഭവിക്കും. അറിഞ്ഞോളൂ, അക്രമികളുടെ മേൽ അല്ലാഹുവിൻ്റെ ശാപമുണ്ട്. കൂഫക്കാരേ, നിങ്ങൾ നശിക്കട്ടെ. നിങ്ങൾ തിരുനബിയുടെ സന്ദേശങ്ങൾ എത്രയെത്ര പഠിച്ചു?! എന്നിട്ടും നിങ്ങൾ അവിടുത്തെ പ്രിയ സഹോദരനും എൻ്റെ പിതാമാഹനുമായ അലിയാരോട് വഞ്ചന കാണിച്ചു, അദ്ദേഹത്തിൻ്റെ പുത്രനോടും സന്താന പരമ്പരയോടും.."

അലി റ യുടെ പുത്രി സൈനബ് റളി ശിയാക്കളെ ആക്ഷേപിച്ചുകൊണ്ട് പറയുന്നു :

കൂഫക്കാരെ, വഞ്ചകരേ, ചതിയന്മാരേ, നല്ല ഉറപ്പുള്ള പാശമാകുവോളം പിരിച്ചുണ്ടാക്കിയ ശേഷം ആ കയറിൻ്റെ ഇഴകൾ ഓരോന്നും അഴിച്ചുകളഞ്ഞ (മക്കയിലെ ഭ്രാന്തിയായ) സ്ത്രീയാണ്

നിങ്ങൾക്ക് യോജിക്കുന്ന ഉദാഹരണം. നിങ്ങളിൽ അഹന്തയും പകയും കള്ളവും അല്ലാതെ വല്ലതും ഉണ്ടോ ?! എൻറെ സഹോദരൻ ഹുസൈനു വേണ്ടി കരയുന്നത് നിങ്ങളോ, മഹാത്ഭുതം! അങ്ങനെ ആകട്ടെ, അല്ലാഹുവാണ ! നിങ്ങൾ ധാരാളം കരയുകയും കുറച്ചുമാത്രം ചിരിക്കുകയും ചെയ്യുക. അങ്ങനെ അതിൻറെ അപമാനം പേറി നരകിക്കുക. അന്ത്യ പ്രവാചകരുടെ പുന്നാര മക്കളെ വധിച്ചു കളഞ്ഞത് നിസ്സാരമായി നിങ്ങൾ എങ്ങനെ കാണുന്നു ?!!!"

ശിഈ ഗ്രന്ഥങ്ങളിൽ തന്നെ അനുസ്മരിക്കുന്ന ഈ വക അനിഷേധ്യമായ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ, നജഫിലെ ശിയാക്കളുടെ ആധികാരിക വക്താവായ മൂസവി വ്യക്തമാക്കുന്നു: " **സുവ്യക്തമായ ഇത്തരം പരാമർശങ്ങൾ ആരാണ് ഹുസൈൻറെ ഘാതകരെന്നു വ്യക്തമാക്കുന്നു, അത് ശിയാക്കൾ തന്നെ, കൂഫക്കാർž അതായത് നമ്മുടെ പിതാമഹന്മാർ !!! അതുകൊണ്ടത്രേ സുന്നികൾ ഹുസൈൻ വധത്തിൻറെ ഉത്തരവാദിത്തം നമ്മുടെമേൽ ചുമത്തുന്നത്**..."
(അഅയാൻശീഅ/ 1/34)

കർബലയിലെ വില്ലൻ ?

അമീറുൽ മുഉമിനീൻ , മലികുൽ ഇസ്‌ലാം മുആ
വിയ (റ) തന്റെ പിൻഗാമിയായി മകൻ യസീദി
നെ നിശ്ചയിച്ചിരുന്നു.പിതാവിന്റെ വിയോഗാന
ന്തരം രാജപദവി ഏറ്റെടുത്ത യസീദ് പ്രജകളിൽ
നിന്നും ബൈഅത്ത് ആവശ്യപ്പെട്ടു.കൂടുതൽ അ
ർഹതയുള്ളവർ ധാരാളം വേറെ ഉണ്ടായിരിക്കെ
യസീദിനെ പിന്തുണക്കാൻ ചിലർ വിസമ്മതിച്ചു.
ഹുസൈൻ ബിൻ അലി (റ)യുടെ വിസമ്മതമാ
ണ് ഏറെ കോളിളക്കം ഉണ്ടാക്കിയത്.

ബൈഅത്തിനു സമ്മർദ്ദം ശക്തമായപ്പോൾ ഹു
സൈൻ മദീനയിൽ നിന്നും മക്കയിലേക്കു താമ
സം മാറ്റി.വിസമ്മതമല്ലാതെ മദീനയിൽ നിന്നോ
മക്കയിൽ നിന്നോ ആളുകളെ സംഘടിപ്പിച്ചുള്ള
ഒരു വിപ്ലവത്തിന് അദ്ദേഹം ശ്രമിച്ചില്ല.എന്നാൽ
ഇറാഖിൽ നിന്നും ഒട്ടേറെ പ്രലോഭാനങ്ങലുണ്ടാ
യി.അന്നാട്ടിലെ പൌര പ്രമുഖരായ 150 ഓളം പേ
ർ രാജ്യത്തെ മൊത്തം ജനങ്ങളുടെ താല്പര്യമാ
ണെന്ന് വരുത്തി അദ്ദേഹത്തിനു പിന്തുണ അറി
യിക്കുകയും കൂഫയിലേക്ക് ക്ഷണിക്കുകയും
ചെയ്തു.

അവിടത്തെ സ്ഥിതി ഗതികൾ നേരിട്ടു മനസ്സി
ലാക്കി വിവരമറിയിക്കാൻ ഹുസൈൻ തങ്ങൾ
പിതൃ സഹോദരനായ മുസ്‌ലിം ബിൻ അഖീലി
നെ പറഞ്ഞുവിട്ടു.കൂഫയിലെത്തിയ ഇബ്നു അ
ഖീലിനെ കൂഫക്കാർ രാജോചിതം സ്വീകരിച്ചു.
അദ്ദേഹത്തെ നേരിൽ കണ്ട് 18000 പേർ ഹുസൈ
നുള്ള പിന്തുണ അറിയിച്ചു.ഈ വിവരം അദ്ദേ
ഹം ഉടനെ ഹുസൈനെത്തിക്കാൻ ദൂതനെ വിട്ടു.
വലിയൊരു ജനപിന്തുണ ഉറപ്പായപ്പോൾ ഹു
സൈൻ തങ്ങൾ കൂഫയിലേക്ക് പുറപ്പെടാനുറച്ചു
. യസീദിനെ താഴെ ഇറക്കി ഖിലാഫത്ത് ഏറ്റെടു
ക്കാനുള്ള വിപ്ലവത്തിനു അദ്ദേഹം തയ്യാറെടു
ത്തു.അപ്പോഴും മദീനക്കാരോ മക്കക്കാരോ അ
തിൽ കൂട്ടു കൂടിയില്ല.എന്നല്ല,അവർ ഹുസൈ
നെ പിന്തിരിപ്പിക്കാനാണ് പരമാവധി ശ്രമിച്ചത്.
അബ്ദുല്ലാഹി ബ്നു അബ്ബാസ് (റ), അബ്ദുല്ലാഹിബ്നു ജ
അഫർ തുടങ്ങിയ അടുത്ത പ്രമുഖബന്ധുക്കൾ
ശക്തമായ എതിർപ്പു പ്രകടിപ്പിച്ചു.
കൂഫക്കാരെ വിശ്വസിക്കാൻ കൊള്ളില്ല , അവർ

ചതിയന്മാരാണ്, അവരെക്കണ്ട് വിജയ സാധ്യത യില്ലാത്ത ഒരു രക്തച്ചൊരിച്ചിലിനു ഉദ്യമിക്കുന്ന തിൽ ഒട്ടും ഗുണമില്ല. അവർ എത്ര ഗുണദോഷി ച്ചു ?!

.പിന്തുണച്ചവരുടേയും അനുയായി വേഷം കെ ട്ടിയ രക്ത ദാഹികളുടെയും ഉപദേശം വകവെ ക്കാതെ , മുസ്‌ലിം സമുദായത്തിൻറെ നന്മയും സമാധാനവും കണക്കിലെടുത്ത് സയ്യിദുനാ ഹ സൻ (റ)
, മുആവിയക്കു ഖിലാഫത്ത് വിട്ടുകൊടുത്തത്തി ലെ ഗുണപാഠം മാതൃകാ പരമായിരുന്നു.
അതൊരു ഭീരുത്വമായോ കൃത്യ വിലോപമായോ പക്വതയുള്ളവരാരും ഹസനെ കുറ്റപ്പെടുത്തി യിട്ടില്ല. ഹസന്റെ ആരോഗ്യകരവും നയപരവു മായ ആ പിന്മാറ്റം പക്ഷെ കുത്സിത ലക്ഷ്യക്കാർ ക്കു ഒട്ടും പിടിച്ചില്ല. അവർ രൂക്ഷമായ ഭാഷയി ലാണ് ഹസനെ അധിക്ഷേപിച്ചത്."**സത്യ വി ശ്വാസികളുടെ അപമാനമേ**" എന്നായിരുന്നു അനുയായികൾ പിന്നീട് അദ്ദേഹത്തെ വിളിച്ചു പോന്നത്.
" അഗ്നിയേക്കാൾ ഉത്തമം അപമാനം തന്നെ", അ ദ്ദേഹം തന്റെ നയം വ്യക്തമാക്കി.
" അസ്സലാമു അലൈക്കും, സത്യ വിശ്വാസികളെ തരം താഴ്ത്തിയവനെ" എന്നു സംബോധനയുമാ യി കടന്നു വന്ന അനുയായിയോട്," ഞാൻ സത്യ വിശ്വാസികളെ തരം താഴ്ത്തിയതല്ല,
അധികാരത്തിനു വേണ്ടി ഒരു യുദ്ധം ഞാനിഷ്ട പ്പെട്ടില്ല, അത്രമാത്രം" എന്നാണ് ഹസൻ തങ്ങൾ പ്രതികരിച്ചത്. ഹസൻ തങ്ങളുടെ ഈ നയത്തെ അന്ന് ഹുസൈൻ തങ്ങൾ പിന്തുണച്ചതായിരുന്നു . ഇരുവരോടും ഇക്കാരണത്താൽ കൂഫക്കാർക്കു കഠിനമായ പകയുണ്ടായിരുന്നു. യസീദിനെതി രെയുള്ള അവരുടെ അരങ്ങേറ്റത്തിൽ അബ്ദുല്ലാ ഹിബ്നു അബ്ബാസ് തുടങ്ങിയവർ വലിയ വിശ്വാ സം കല്പിക്കാതിരുന്നത് അതുകൊണ്ടാണ്.അല്ലാ ഹുവിന്റെ അചഞ്ചലമായ വിധിയെന്നേ പറയാ വൂ, ഹുസൈൻ തങ്ങൾ പുറപ്പെടാൻ തന്നെ തീരു മാനിച്ചു.യാത്രക്കുള്ള ഒരുക്ക സമയത്തും പുറ പ്പെടാൻ നേരവും കാരണവന്മാർ പിന്തിരിപ്പിക്കാ ൻ ശ്രമിച്ചു. സ്ത്രീകളെയും കുട്ടികളെയും കൊ ണ്ടുപോകരുതെന്ന അഭ്യർഥനയും സ്വീകാര്യമാ യില്ല.

സ്ത്രീകളും കുട്ടികളുമടക്കം 72 പേരുമായി ഹുസൈൻ തങ്ങൾ പുറപ്പെട്ടു. മക്ക, മദീന പ്രദേശത്തു നിന്നോ പോകുന്ന വഴിയിലോ ഉന്നതന്മാരോ അല്ലാത്തവരോ ആയ ഒരാളും അദ്ദേഹത്തെ അനുഗമിച്ചില്ല. അലി റ ന്റെ പുത്രനും ഹുസ്സൈൻ റ ന്റെ സഹോദരനുമായ മുഹമ്മദും പത്ത് ആണ്മക്കളും അവരോടൊപ്പം പങ്കെടുത്തില്ല.

സയ്യിദുനാ ഹുസൈൻ (റ) സഹ് ലബിയ്യയിൽ എത്തി.ഇബ്നു അഖീലിനെ വധിച്ച വിവരം അപ്പോഴാണറിയുന്നത്. ' ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ ' അദ്ദേഹം ആവർത്തിച്ചു ചൊല്ലി. അദ്ദേഹത്തെ പാർപ്പിക്കുകയും ബൈഅത്ത് സൗകര്യം ഏർപ്പെടുത്തുകയും ചെയ്ത ഹാനിഉ ബിന് ഉർവ യെ ഇബ്നു സിയാദ് അറസ്റ്റ് ചെയ്തുവെന്നറിഞ്ഞപ്പോൾ ഇബ്നു അഖീൽ 4000 തദ്ദേശീയരുമായി ഇബ്നു സിയാടിന്റെ കൊട്ടാരം വളയുകയായിരുന്നു. ഗവർണറുടെ ഭീഷണിയും പ്രലോഭനവും കേട്ടപ്പോൾ അവരെല്ലാം തടിയൂരുകയും ഇബ്നു അഖീലും 30 പേരും അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു.പിന്നീട് ഇബ്നു സിയാദ് വധിക്കാൻ ഉത്തരവിട്ടു.

തന്നെ അവിടെസ്വീകരിച്ച ചില ആത്മാർത്ഥ സുഹൃത്തുക്കൾ പറഞ്ഞു: , ' താങ്കളുടെയും കുടുംബത്തിന്റെയും കാര്യത്തിൽ അല്ലാഹുവിനെ മുൻനിറുത്തി ഞങ്ങൾ അപേക്ഷിക്കുന്നു: ഇനിയും സമയമുണ്ട്. താങ്കൾ തിരിച്ചു പോകണം.കൂഫയിൽ ഒരാളെപ്പോലും അങ്ങേക്ക് ലഭിക്കില്ല, സകലരും താങ്കൾക്കെതിരായിരിക്കും'.അപകട നില ശരിക്കും ബോദ്ധ്യമായ ഹുസൈൻ തങ്ങൾ മടക്കത്തെ കുറിച്ചാലോചിച്ചു.എന്നാൽ ഇബ്നു അഖീലിന്റെ ബന്ധുക്കൾ പ്രതികാരം അല്ലെങ്കിൽ മരണം എന്ന നിലപാടിൽ ഉറച്ചു നിന്നു.അദ്ദേഹം ആശങ്കയിലായി. പിന്തുണ പ്രഖ്യാപിച്ച് വന്ന ഏതാനും പേർ അവിടെയുണ്ടായിരുന്നു.അവരെ വിളിച്ച് തങ്ങൾ പറഞ്ഞു: ' ഭീകര വാർത്തയാണ് നമുക്ക് കിട്ടിയിരിക്കുന്നത്.അനുഭാവികൾ വിശ്വാസ വഞ്ചന കാട്ടിയിരിക്കുന്നു.അതിനാൽ , തിരിച്ചു

പോകാൻ ആഗ്രഹിക്കുന്നവർക്ക് പോകാം'.
അവർ വലത്തോട്ടും ഇടത്തോട്ടും പിന്തിരിഞ്ഞു
പോയി മക്കയിൽ നിന്നു കൂടെ വന്നവർ മാത്രം.

സംഘം ഖാദിസിയ്യയിലെത്തി.ഇനിയും
മുന്നോട്ടു തന്നെ സഞ്ചരിക്കുന്ന ഹുസൈനെ
നിരീക്ഷിക്കാനും ഗവർണറെ കാണുന്നത് വരെ
പിന്തുടരാനും 1000 യോദ്ധക്കളടങ്ങുന്ന സൈന്യം
പിന്തുടർന്നു. അബ്ദുല്ലാഹി ബ്നു
സിയാദായിരുന്നു കൂഫയുടെ ഗവർണർ്
നിങ്ങൾ നാട്ടുകാരാണ് എന്നെ വിളിച്ചു
വരുത്തിയത്;ഇഷ്ടമില്ലെങ്കിൽ തിരിച്ചു പോകാൻ
ഞാൻ സന്നദ്ധനാണ്', ഹുസൈൻ അഭ്യർഥിച്ചു
നോക്കി.ആരും പ്രതികരിച്ചില്ല.സൈനികർ
ഹുസൈൻ തങ്ങളുടെ പിന്നിൽ അണി നിരന്നു
ളുഹറും അസ്വറും നിസ്കരിച്ചു.അസർ
നിസ്കാര ശേഷം അദ്ദേഹം അല്പം
പ്രസംഗിച്ചു.കൂഫയിൽ നിന്നും വന്ന
കത്തുകളെക്കുറിച്ച് പറഞ്ഞപ്പോൾ സൈനിക
നേതാവ് ഹുർർ , ' ഏതു കത്തുകളെ കുറിച്ചാണ്
അങ്ങ് പറയുന്നത്,ഞങ്ങൾക്കൊന്നും അറിയില്ല'
എന്ന് പറഞ്ഞപ്പോൾ രണ്ടു തുകൽ സഞ്ചിയിൽ
നിന്നും ഉഖ്ബതു ബിൻ സംഹ കത്തുകൾ
ചൊരിഞ്ഞു.കത്തുകളുടെ കൂമ്പാരം കണ്ട്
ഹുർർ അത്ഭുതത്തോടെ ' ഇതൊന്നും ഞങ്ങൾ
അയച്ചതല്ലെ'ന്നു പറഞ്ഞു. ഹുർർ തന്റെ
നിയോഗ ലക്ഷ്യം തുറന്നു പറഞ്ഞു: '
എന്നോടുള്ള ഉത്തരവ് കൂഫയിലെട്ടും വരെ
താങ്കളെ പിന്തുടരണമെന്നു മാത്രമാണ്.അതിനു
സമ്മതമല്ലെങ്കിൽ കൂഫയും മദീനയുമല്ലാത്ത
എവിടെക്കെങ്കിലും താങ്കൾക്ക് പോകാം.ഇതേ
പറ്റി ഞാൻ ഇബ്നു സിയാദിനു
എഴുതാം.വേണമെങ്കിൽ യസീദിനു താങ്കളും
എഴുതിക്കോളൂ.താങ്കളുടെ കാര്യത്തിലുള്ള ഈ
പരീക്ഷണത്തിൽ നിന്നും അല്ലാഹു എനിക്ക്
ഒരു രക്ഷാ മാർഗ്ഗം തരട്ടെ'.

ഹുസൈൻ (റ) മുന്നോട്ട് യാത്ര തുടർന്നു?! ഹുർർ
കൂടെയുണ്ട്.ഖസ്രു മുഖാതിൽ എന്ന സ്ഥലം
കടന്നു പോകവേ, മരണത്തിന്റെ
വഴിയിലേക്കാണ് താൻ പോകുന്നതെന്ന്
ഉറപ്പിക്കാവുന്ന പലതും അദ്ദേഹം സ്വപ്നം
കണ്ടു.ഇപ്പോൾ അവർ എത്തിയിരിക്കുന്നത്

കർബല യിൽ്നാടിന്റെ പേര് കേട്ടപ്പോൾ ഹുസൈൻ തങ്ങൾ 'കർബും ബലാഉം (കഷ്ടം+ പരീക്ഷണം) തന്നെ' എന്ന് പറഞ്ഞുവത്രേ. കാതങ്ങൾ താണ്ടി സയ്യിദുനാ ഹുസൈൻ (റ)ഷഹാദത്തിലെക്കു സ്വയം കടന്നു വരികയായിരുന്നു.

ഉമർ ബിൻ സഅദു ബിൻ അബീവഖാസ് 4000 പേരടങ്ങുന്ന സൈന്യവുമായി അവിടെയെത്തി.അവരിലധികവും കൂഫക്കാരായിരുന്നു. ഒട്ടും താല്പര്യമില്ലാതെയാണ് ഉമർ ഇവിടെ വരുന്നത്.ഗവർണറുടെ ഉത്തരവായിരുന്നു.തടിയൂരാൻ ശ്രമിച്ചിട്ടായില്ല.ഹുസൈനോട് ആഗമനോദ്ദേശ്യം തിരക്കി.കൂഫക്കാർ കത്തയച്ചു വരുത്തിയകാര്യം ആവർത്തിച്ചു.തിരിച്ചുപോകാൻ സന്നദ്ധനാണെന്നറിയിച്ചു.ഉമറിനു സന്തോഷമായി.ഹുസൈനെ പ്രയാസപ്പെടുത്താതെ രക്ഷപ്പെടാമല്ലോ. സന്ദേശം ഗവർണർക്കെത്തിച്ചു.' ഇനി ഏതായാലും യസീദിനു ബൈഅത്ത് ചെയ്തിട്ടു പോകാം ' എന്നായി ഗവർണർ്

ഹുസൈനും ഉമറും രാത്രിയിൽ ഒരു സ്വകാര്യ ചർച്ച നടത്തി.ദീർഘ സംഭാഷണത്തിനൊടുവിൽ ഹുസൈൻ മുന്നോട്ടു വെച്ച മൂന്നു പരിഹാര മാർഗ്ഗങ്ങൾ ഉമറിനു സംതൃപ്തിയായി.മടങ്ങിപ്പോകാൻ അനുവദിക്കുക/ യസീദിനെ നേരിൽ കണ്ട് പ്രശ്നം തീർക്കാൻ അനുവദിക്കുക/ ഇസ്ലാമിക രാജ്യത്തിന്റെ അതിർത്തിയിൽ യോദ്ധാവായി ഭാവികാലം വിനിയോഗിക്കാൻ വിടുക. മൂന്ന് പരിഹാര മാർഗ്ഗങ്ങൾ ഇവയായിരുന്നു.ഫലശൂന്യമായ ഏറ്റുമുട്ടലും ജീവഹാനിയും ഒഴിവാക്കാനായിരുന്നു ഹുസൈന്റെയും തീരുമാനം. ഉമറിന്റെ കത്ത് വായിച്ച് ഗവർണർ ഇബ്നു സിയാദിനു സന്തോഷമായി.ഉമറിനെ പ്രശംസിച്ചു. പ്രശ്നം രമ്യതയിലെത്തുമെന്ന് വന്നു. ഹുസൈനും കുടുംബവും സഹായികളും

രക്ഷപ്പെടുമെന്നായി. അതോടെ വില്ലൻ കളി തുടങ്ങി.

അയാൾ നേരത്തെ അലി(റ)യെ ബൈ അത്ത് ചെയ്തു സ്വിഫ്ഫീനിൽ പോരാളിയായി പങ്കെടുത്തിരുന്നു.പിന്നീട് ഖവാരിജുകളോടൊപ്പമായി..ഒടുവിൽ യസീദിനെ പിന്തുണച്ച് കൂഫാ ഗവർണറുടെ അടുത്ത വൃത്തത്തിൽ കടന്നുകൂടിയതാണ്..അയാൾ ഗവർണറെ സ്വാധീനിച്ചു.പരിഹാര നിർദ്ദേശങ്ങൾ അപകടകരമാണെന്നും ഉമറും ഹുസൈനും രഹസ്യ സംഭാഷണം നടത്തിയ വാർത്ത തനിക്കു ലഭിച്ചിട്ടുണ്ടെന്നും അയാൾ ഗവർണറെ ഭയപ്പെടുത്തി.അപകടം ഭയന്ന ഗവർണർ 'വില്ലനെ' അടിയന്തിര ദൂതുമായി ഉമറിന്റെ അടുത്തേക്കയച്ചു .ആദ്യം ഹുസൈനും സംഘവും കീഴടങ്ങട്ടെ. അതിനു വിസമ്മതിക്കുന്നെങ്കിൽ യുദ്ധം ചെയ്യുക. ഈ കല്പന നടപ്പാക്കാൻ അമാന്തിക്കുന്നുവെങ്കിൽ ഉമറിനെ വധിച്ച് വില്ലൻ' സേനാ നായകനാകണം.അതായിരുന്നു ഗവർണറുടെ ഉത്തരവ്.

ഉമർ നിസ്സഹായനായി.കീഴടങ്ങാൻ ഹുസൈൻ സമ്മതിക്കില്ലെന്നറിയാം.അതിനാൽ യുദ്ധ ഒരുക്കങ്ങളായി.

മുഹറം 10 വെള്ളിയാഴ്ച / ശനിയാഴ്ച . ഉമർ സൈന്യത്തെ അണിനിരത്തി. 32 കുതിര പ്പടയാളികളും 40 കാലാലുകളും അടങ്ങുന്ന കൊച്ചു സൈന്യത്തെ ഹുസൈനും അണി നിരത്തി. കുർത്തയും തലപ്പാവും ധരിച്ച് ഹുസൈൻ പടക്കളത്തിലിറങ്ങി. ഇതിനിടെ 'വില്ലൻ' , ഹുസൈന്റെ കൂടെ അണി നിരന്ന അബ്ദുള്ള,ജാഫർ, ഉസ്മാൻ , അബ്ബാസ് എന്നീ നാല് പേർക്കു മാത്രം അഭയം നല്കാനുള്ള പ്രത്യേക അനുമതി ഗവർണരിൽ നിന്നും വാങ്ങിയിരുന്നു. അവരെ വിളിച്ചു അഭയം നൽകാമെന്നറിയിച്ചു. അലി (റ)ന്റെ പുത്രന്മാരായിരുന്നു അവരും. ' നബി തങ്ങളുടെ പൗത്രനു അഭയം നല്കുക, അല്ലാത്ത പക്ഷം അഭയം ഞങ്ങൾക്കാവശ്യമില്ല',

അവർ സധീരം പ്രതികരിച്ചു. അതോടെ
വില്ലന്റെ ആദ്യ ഉന്നം പിഴച്ചു.

യുദ്ധം അതിന്റെ ദംഷ്ട്രകൾ
പുറത്തെടുത്തു.എതിരാളികൾ വീടുകളിലേക്ക്
കയറാതിരിക്കാൻ കൂടാരത്തിന് ചുറ്റും കിടങ്ങ്
കുഴിച്ച് തീയിട്ടപ്പോൾ , കുതിരപ്പുറത്ത്
കയറിവന്നു വില്ലൻ വിളിച്ചു പറഞ്ഞു: ' അന്ത്യ
നാളിനു മുമ്പേ , ഹുസൈൻ , നീ നരകം
സ്വീകരിച്ചോ?!' ഹുസൈന്റെ പ്രതികരണം
ഇങ്ങനെ: ' ഏ നരക പുത്രാ, നീ തന്നെയാണതിനു
ഏറ്റം അർഹൻ'. ഹുസൈനെ ഒട്ടും
സഹിക്കാത്തത് അയാൾക്കായിരുന്നു. ഉടക്കാൻ
തക്കം നോക്കി നടക്കുകയായിരുന്നയാൾ ž
മറുപക്ഷത്ത് ഇടതുനിരയുടെ തലവനായിരുന്നു
ആ ക്രൂരൻž

തിരിച്ചുപോകാൻ അനുവദിക്കണമെന്നും നബി
പുത്രന്മാരുടെ അവകാശം ഹനിക്കരുതെന്നും
ഹുസൈൻ വികാരാധീനനായി ആവർത്തിച്ചു
അഭ്യർഥിച്ചു.' പ്രശ്നത്തിന് തീർപ്പുണ്ടാക്കാൻ
പ്രവാചക പുത്രനെയും അദ്ദേഹത്തിന്റെ
പിതൃവ്യ പുത്രനായ യസീദിനെയും ചർച്ചക്ക്
വിടുക, യസീദിനെ സന്തോഷിപ്പിക്കാൻ
ഹുസൈന്റെ രക്തം ആവശ്യമില്ല' എന്നെല്ലാം
സുഹൈർ ബിൻ ഖൈൻ അന്ത്യ യാചന നടത്തി
നോക്കി. നേരത്തെ ഹുസൈനെ നിരീക്ഷിക്കാൻ
വന്ന ഹുർർ, ഹുസൈൻ സംഘത്തോട്
സഹതപിച്ച് ഉമറിനോട് , 'ഹുസൈൻ മുന്നോട്ടു
വെച്ച ഉപാധികൾ സ്വീകരിച്ചുകൂടെ'
എന്നന്വോഷിച്ചു . ' നിങ്ങളുടെ ഗവർണർക്ക്
സമ്മ തമാകെണ്ടേ', ഉമർ വീണ്ടും നിസ്സഹായത
വെളിപ്പെടുത്തി.

പക്ഷേ,ഹുർർ ഹുസൈൻ പക്ഷത്തേക്ക് മാറി.'
സ്വർഗ്ഗവും നരകവും തെരഞ്ഞെടുക്കാനുള്ള
അവസരമാണിത്.ദൈവമാണ! സ്വർഗ്ഗമാണ്
ഞാൻ തെരഞ്ഞെടുക്കുന്നത്, തുണ്ടം തുണ്ടമായി
മുറിക്കപ്പെട്ടാലും ശരി' വഴിലുടനീളം താങ്കളുടെ
പിറകെ കൂടിയ ഈ ഭാഗ്യ ദോഷിക്കു മാപ്പു
തരണമെന്ന് ഹുസൈനോട് അപേക്ഷിച്ചു.ഹുർർ
പിന്നെയും മറുപക്ഷത്ത് ചെന്ന് യുദ്ധത്തിന്റെ
ന്യായങ്ങൾ ചോദ്യം ചെയ്തു, ഉമർ അസ്ത്രം

പ്രയോഗിച്ചാണ് അതിനു പ്രതികരിച്ചത്.യുദ്ധം പല്ലിളിച്ചു. ശക്തമായ പോരാട്ടം. ജീവനിൽ പ്രതീക്ഷയില്ലാത്ത കൊച്ചു സംഘവും ഭൂമിയിൽ ഒട്ടേറെ സ്വപ്നങ്ങൾ ബാക്കിയുള്ള വൻ സൈന്യവും തമ്മിൽ വില്ലനായിരുന്നു ഹുസൈൻ വീഴാത്തതിൽ വല്ലാതെ പൊറുതികെട്ടത്.വീര ശൂരനായ അബ്ദുല്ലാഹിബിൻ ഉമൈരിൽ കൽബി (റ)യും വീണു.ഭർത്താവിന്റെ മുഖത്തു നിന്നും മണ്ണും പൊടിയും നീക്കവേ, പത്നി ഉമ്മു വഹബിനെ ആ ക്രൂരൻ വെട്ടിക്കൊന്നു.

സമയം ളുഹരായി. ഹുസൈനും അവശേഷിക്കുന്നവരും യുദ്ധക്കളത്തിൽ ജമാഅത്തായി നിസ്കരിച്ചു. യുദ്ധം തുടർന്നു.ഹുസൈൻ തനിച്ചായി. അവിടുത്തെ കൊലയാളിയാവുക എന്ന പാപം ഏറ്റെടുക്കാൻ ആരും ഒരുക്കമല്ലായിരുന്നു. വില്ലനാണേൽ നേരിടാൻ ഭയവും.അയാൾ മറ്റുള്ളവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

പോരാട്ടത്തിനിടയിൽ ശക്തമായ ദാഹം അനുഭവപ്പെട്ടപ്പോൾ വെള്ളം കുടിക്കാനായി യുഫ്രട്ടീസ് നദിയിലേക്കു തിരിഞ്ഞു.അപ്പോൾ അയാൾ തൊടുത്ത ഒരസ്ത്രം തൊണ്ടയിൽ തുളച്ചു കയറി.അദ്ദേഹം അത് വലിച്ചെടുത്ത് വലിച്ചെറിഞ്ഞു.കൂടാരത്തിലേക്കു മടങ്ങാൻ ഭാവിച്ചപ്പോൾ അയാളും സംഘവും തടസ്സം സൃഷ്ടിച്ചു.സാധ്യമായിട്ടും ആരും ഹുസൈനെ വധിക്കുന്നില്ലെന്നു കണ്ട് അയാൾ ആക്രോശിച്ചു.പൊടുന്നനെ സുർ അത്ത് ബിൻ ശരീകിത്തമീമി ഹുസൈൺ തങ്ങളുടെ തോളിൽ വെട്ടി. തളർന്നു ഞെരങ്ങുന്ന തങ്ങളവർകളെ സിനാൻ ബിന് അനസ് കുന്തം കൊണ്ട് ആഴത്തിൽ കുത്തി. അവർ ശഹീദായി.ഇന്നാ ലി ല്ലാഹി....ആത്മാവ് സർവ്വാദരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് ആനയിക്കപ്പെട്ടു.തലയറുക്കാൻ ആളുകൾ അറച്ചപ്പോൾ ആ കൊടും ക്രൂരൻ ചാടിയിറങ്ങി അത് ചെയ്തു.

കൂടാരത്തിലെക്കായി പിന്നെ അവന്റെ പോക്ക്. പുത്രൻ സൈനുൽ ആബിദീൻ തങ്ങൾ

അതിനകത്ത് കിടപ്പുണ്ടായിരുന്നു. ആ കൊടും പാതകി കൂടാരം കൊള്ളയടിക്കുകയും മഹതികളെയും കുഞ്ഞുങ്ങളെയും വധിക്കാൻ ഉദ്യമിക്കുകയും ചെയ്തു. അലിയുടെ വംശം ഇല്ലാതാക്കുകയായിരുന്നു അവന്റെ ലക്ഷ്യം. ഓടിയെത്തിയ ഉമർ അയാളെ ഓടിച്ചു. കൊള്ളമുതൽ തിരികെ വാങ്ങി. അയാൾ നിരാശനായി.

സയ്യിദുനാ അലി (റ) കൂഫയിലെ കിലാബ് ഗോത്രക്കാരിയായ ഉമ്മുൽ ബനീൻ ബിന്ത് ഹുസാം എന്ന സ്ത്രീയെ വിവാഹം ചെയ്തിരുന്നു.അതിൽ പിറന്ന നാലു പുത്രന്മാരെയാണ് നേരത്തെ അയാൾ അഭയം നല്കി രക്ഷപ്പെടുത്താൻ ശ്രമിച്ചത്.അവർ നാലു പേരും കർബലയിൽ രക്തസാക്ഷികളായി. അവരുടെ ഉമ്മ ഉമ്മുൽ ബനീൻ അയാളുടെ പിതൃ സഹോദരിയായിരുന്നു.?! അലിയുടെ പാരമ്പര്യവും സമ്പത്തും ആദരവും കൂഫയിലേക്ക് കടത്താനുള്ള അയാളുടെ കുത്സിത ചിന്ത ഭീകരവിനയാണ് വരുത്തിയത്..

ശമിർ ബിൻ ദിൽ ജൌശൻ എന്നാണയാളുടെ പേര്. ദുഷ്ടനും ദുരാഗ്രഹിയുമായിരുന്നു. , ആദ്യം ഇബ്നു അഖീലിനെയും പിന്നീട് ഹുസൈൻ തങ്ങളെയും ഇബ്നു സിയാദിന്റെ പട്ടാളത്തിനു എറിഞ്ഞുകൊടുത്ത വഞ്ചകരായ കൂഫക്കാർ പലരും അഹ് ലു ബൈത്തിന്റെ പേരു പറഞ്ഞു , പ്രതികാരം ചോദിക്കാൻ രംഗത്ത് വന്നു. മുഖ്താർ അവരിൽ പ്രമുഖനാണ്.

കർബല

ദുഃഖ സ്മരണകളില്ല;

ആഹ്ളാദപ്രകടനം തീരെയുമില്ല

സയ്യിദുനാ ഹുസൈൻ റ വും കുടുംബവും ദാരുണമായ പരീക്ഷണത്തിന് വിധേയരാക്കപ്പെട്ട മുഹററം ആദ്യ പത്തുനാളുകളിൽ തേങ്ങിയും മാറത്തടിച്ചും ദുഃഖം നടിക്കുന്ന സമ്പ്രദായം ശിയാക്കളുടെ സവിശേഷ അടയാളമാണ്. ശിയാക്കളോടുള്ള വിരോധത്താൽ മുഹററം പത്തിന് കുളിച്ചു കണ്ണിൽ സുറുമ എഴുതി ആഹ്ലാദിക്കുന്ന ഒരു സമ്പ്രദായം ചിലയിടങ്ങളിൽ നാസ്വിബികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും അത് ക്രമേണ ഇല്ലാതായി .അഹ്ലുസ്സുന്നയുടെ വഴി മേല്പരാമാർശിച്ച രണ്ടുമല്ല. മുഹററം പത്തു നാളുകളിൽ സുന്നികൾ അനുഷ്ഠിക്കുന്ന സൽകർമങ്ങൾ യാതൊന്നും ഹിജ്റ അറുപത്തി ഒന്നാം വർഷം ഉണ്ടായ ദൌർഭാഗ്യകരമായ 'കർബല'യുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ്. തിരുനബി സ്വ അവിടുത്തെ ജീവിതകാലത്ത് പ്രോത്സാഹിപ്പിച്ച വ്രതങ്ങളും പ്രാർഥനകളും മാത്രമാണ് സുന്നി സംസ്കാരത്തിൽ ഉള്ളൂ..

വിശദീകരണം

വല്ല വ്യക്തിക്കോ സ്ഥലത്തിനോ വസ്തുവിനോ സമയത്തിനോ ദിവസത്തിനോ -രാവിനോ പകലിനോ- ആഴ്ചക്കോ മാസത്തിനോ അല്ലാഹുവിങ്കൽ പ്രത്യേക ബഹുമാനം ഉണ്ടെങ്കിൽ അല്ലാഹുവിന്റെ തിരുദൂതർ അക്കാര്യം സമാജത്തിന് അറിയിച്ചുതരും. അവയുമായി ബന്ധപ്പെടുത്തി വല്ല കർമ്മങ്ങളും ചെയ്യുന്നത് അല്ലാഹുവിന് ഇഷ്ടമാണെങ്കിൽ, അഥവാ അല്ലാഹുവിന് ഇഷ്ടമല്ലാത്തതിനാൽ സൂക്ഷിക്കേണ്ട കാര്യങ്ങളുണ്ടെങ്കിൽ അതും ദൈവ ദൂതരാണ് പഠിപ്പിക്കുക. അല്ലാഹുവിന്റെ വേദത്തിൽ പരാമർശിച്ചതുപ്രകാരം

,തിരുദൂതരുടെ അധ്യാപനപ്രകാരം , സവിശേഷ ബഹുമതിയുള്ള മാസങ്ങളിൽ ഒന്നാണ് മുഹറം. അല്ലാഹുവിന്റെയും തിരുദൂതരുടെയും വചനങ്ങൾ പരിശോധിച് ആചാരങ്ങൾ നിർണ്ണയിച്ചു തന്ന സമുദായത്തിലെ ജ്ഞാനശ്രേഷ്ഠർ, മുസ്ലിം സമാജം മുഹറം മാസത്തിൽ അനുഷ്ഠിക്കേണ്ട കാര്യങ്ങൾ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്.

അഹ്ലുസ്സുന്നയുടെ അജയ്യനായ ഗുരുവും സ്വൂഫി ധാരകളുടെ അച്ചുതണ്ടും ഹസനി-ഹുസൈനി സയ്യിദുമായ ശൈഖ് ജീലാനി തങ്ങൾ മുഹറം ദുരന്തത്തെ വഴിതിരിച്ചുവിടുന്ന വരെ തിരുത്താനും തുരത്താനും മുന്നോട്ടുവന്ന പ്രമുഖനാണ്. മുഹറം പത്ത് ഹുസൈൻ തങ്ങൾ വധിക്കപ്പെട്ട ദിനമാകയാൽ ആ ദിവസം ആശുറാ നോമ്പ് അനുഷ്ഠിക്കുന്നത് ശരിയല്ലെന്ന് വാദിക്കുകയും നോമ്പനുഷ്ഠിക്കുന്നവരെ ആക്ഷേപിക്കുകയും ചെയ്യുന്ന ചിലരെ ഷെയ്ഖ് ജീലാനി റഹി തിരുത്തുന്നുണ്ട്..

"ഹുസൈൻ തങ്ങളുടെ നഷ്ടം മുഴുവൻ മനുഷ്യർക്കും ബാധിച്ച മുസ്വീബത്ത് ആയി കാണണം; അതിനാൽ, അന്ന് നിങ്ങൾ സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ദിവസമാക്കുകയാണോ? അന്ന് ആശ്രിതർക്ക് ഭക്ഷണം നന്നായി നൽകണമെന്നും കൂടുതൽ ചെലവു ചെയ്യണമെന്നും ദരിദ്ര ദുർബല ജനങ്ങൾക്ക് ദാനം ചെയ്യണമെന്നും ആണോ നിങ്ങൾ പറയുന്നത്? തീർച്ചയായും ഹുസൈൻ തങ്ങളോടുള്ള മറ്റു മുസ്ലിം സമാജത്തിന്റെ കടപ്പാട് ഇതല്ലട്ടോ", എന്നാണവർ വികാരപൂർവം ചോദിക്കുന്നതും പറയുന്നതും.

ഈ വാദമാണ് കേരളത്തിൽ സത്യധാരയിലൂടെയും കൊച്ചിയിലെ സഖലൈൻ ഫൌണ്ടേഷൻ പൊന്നാനിയിൽ സംഘടിപ്പിച്ച പ്രഭാഷണത്തിലും കേരളത്തിലെ ശിയാ ആചാര്യൻ സി ഹംസ ഉന്നയിച്ചത്. അദ്ദേഹം എഴുതുന്നു: ' അഹ്ലുൽ ബൈത്തിനോടുള്ള സമീപനത്തിൽ കേരളമെന്ന ഭൂമികയിലെ ആദ്യകാല സമീപനത്തോടും പാരമ്പര്യത്തോടും(?!)

പരിപൂർണ്ണമായി ഞാൻ ഒട്ടിചേരുന്നു. അതിൽ നിന്നും അകലാൻ എനിക്കാവില്ല. ഉദാഹരണം മുഹറം മാസം. അതിലെ പത്തുവരെ നമുക്ക് സന്തോഷമുള്ള യാതൊന്നും ചെയ്യേണ്ടെന്നും ചെയ്യാറ്ണ്ടായിരുന്നില്ല എന്നുമായിരുന്നു കേരളത്തിന്റെ സ്ഥിതി. ആ മനസ്ഥിതി കേരളത്തിലെ സുന്നികൾക്ക് പോലും മാറുന്നുണ്ട്. അതെനിക്ക് മാറില്ല. എനിക്ക് അഹ്ലുബൈത്തുമായി അത്രമാത്രം അടുപ്പവും സംപർക്കവുമുണ്ട്. നമ്മെ നിലനിൽക്കാൻ പ്രേരിപ്പിക്കുന്ന ശക്തമായ ഘടകമാണത്. അതിനാൽ കർബും ബലാഉം ചേർന്ന കർബലാ സംഭവം അത്ര നിസ്സാരമായ ഒന്നായി ഞാൻ കാണില്ല. അത് ആഹ്ലുല്ബൈത്തിനെ നശിപ്പിക്കാൻ വേണ്ടി ആവിഷ്കരിച്ച സംഭവമായിരുന്നു. അവരെ ഉന്മൂലനം ചെയ്ത് ഹസ്രത് ഇമാം ഹുസൈനെ റ അത്രയും നീചമായി വധിച്ച ആ സംഭവത്തോടുള്ള സമീപനം, മുഹറം പത്തുവരെ ഫിഖ് ഹ് അനുസരിച്ച് കർമങ്ങളും നല്ല കാര്യങ്ങളും ശരിയാവുകയില്ല എന്നല്ല, മറിച്ച് സന്തോഷമുള്ളതൊന്നും നമുക്ക് ചെയ്യാനാകില്ല എന്നതാണ്. അത്രമാത്രം വേദനാ ജനകവും തിരു നബി തീരെ ഇഷ്ടപ്പെടാത്തതുമാണത്. നമ്മുടെ വാപ്പ മരിച്ചതിനോടടുത്ത ദിനങ്ങളിൽ നാം കല്യാണം നടത്തുമോ? സൽക്കാരം വെക്കുമോ? അഹ്ലുൽ ബൈത്തിനോട് സ്നേഹമുള്ള ആർക്കും ഈ ദിനങ്ങളിൽ ഇതായിരിക്കും അവസ്ഥ. അതിനെനിക്ക് അതിശക്തമായ ന്യായങ്ങളുമുന്ദ്. ഈ അടുപ്പം നമ്മുടെ പൂർവ്വികരിൽ അങ്ങേയറ്റം ഉണ്ടായിരുന്നിട്ടുണ്ട്." (സത്യധാര, 2015 DEC 1-15) നേരത്തെ ശൈഖ് ജീലാനി തങ്ങൾ ചോദ്യം ചെയ്ത ശിഈ വികാരമാണ് ഹംസ സുന്നികളിൽ ചെലുത്താൻ ശ്രമിച്ചത്.

എന്നാൽ, ഹസനിയും ഹുസൈനിയുമായ ശൈഖ് ജീലാനി തങ്ങൾ അവരുടെ ഈ കപട അഹ്ലുൽ ബൈത്ത് സ്നേഹത്തെ തിരുത്തിക്കൊണ്ട് മതത്തിന്റെ ശരിയായ നിലപാട് അവരെ പഠിപ്പിച്ചു: ഇയാൾക്ക് പിഴച്ചുപോയി. ഇയാളുടെവികാരവഴി വൃത്തികെട്ടതും നാശകരവും

അവാസ്തവവുമാണ്. കാരണം, അല്ലാഹു തആലാ തന്റെ പ്രവാചകൻ മുഹമ്മദ് സ്വ യുടെ അരുമ ദൗഹിത്രൻ ഹുസൈൻ തങ്ങൾക്ക് ശഹാദത്ത് എന്ന ഉത്തമ പദവി നൽകാൻ തെരഞ്ഞെടുത്തത് അവന്റെ അടുക്കൽ ഏറ്റവും മഹത്തരമായ ഒരു ദിനത്തെയാണ്. ആ ദിവസത്തിന്റെ പുണ്യം വഴി ഹുസൈൻ തങ്ങൾക്ക് നേരത്തെയുള്ളതിനേക്കാൾ ആദരവും സ്ഥാനവും വർദ്ധിപ്പിക്കാനായിരുന്നു അത്. രക്തസാക്ഷിത്തം നൽകുക വഴി സച്ചരിതരായ ഖലീഫമാരുടെ അത്യുന്നത സ്ഥാനത്ത് ഹുസൈൻ തങ്ങളെ എത്തിക്കുക എന്ന ലക്ഷ്യവും അതിനുണ്ട്. ഹുസൈൻ തങ്ങൾ മരണപ്പെട്ട ദിവസം 'മുസ്വീബത്ത്' ഉണ്ടായ ദിനമായി ആചരിക്കാമെന്ന്ണ്ടെങ്കിൽ അങ്ങനെയൊരു ദുഃഖ ദിനത്തിന് കൂടുതൽ അനുയോജ്യമാവുക തിങ്കളാഴ്ച ദിനമാണ്. കാരണം, ആ ദിവസമല്ലേ മുഹമ്മദ് നബി സ്വ വഫാത്തായത്. അബൂബകർ റ വും മരണപ്പെട്ടത് തിങ്കളാഴ്ച തന്നെ. ആഇശ റ യിൽ നിന്നും ഹിശാം ബ്നു ഉർവ റ നിവേദനം. ഏതു ദിവസമാണ് നബി സ്വ വഹാത്തായത്?' ആഇശ റ പറഞ്ഞു: 'തിങ്കളാഴ്ച' . അപ്പോൾ അബൂബകർ റ പ്രതിവചിച്ചു:' ആ ദിവസം മരിക്കാൻ ഞാനും ആഗ്രഹിക്കുന്നു' . അദ്ദേഹം തിങ്കളാഴ്ച തന്നെയാണ് മരിച്ചത്. മുഹമ്മദ് നബി സ്വ യുടെയും അബൂബകർ റ ന്റെയും വിയോഗം മറ്റാരേക്കാളും വലിയ ഗൌരവമേറിയ വിയോഗമാണ്.

തിങ്കളാഴ്ചയുടെ മഹത്ത്വവും ആ ദിവസത്തെ നോമ്പിന്റെ പുണ്യവും മുസ്ലിം ഉമ്മത്ത് ഏകകണ്ഠം സമ്മതിച്ച സംഗതിയാണ്. ആ ദിവസം പുണ്യഅമലുകൾ പ്രത്യേകമായി പരിഗണിക്കപ്പെടുന്നു. സൽകർമ്മങ്ങൾ സ്വീകരിച്ചു ഉയർത്തപ്പെടുന്നു. അതുപോലെയാണ് ആശൂറാ ദിനം. അത് ദുരന്ത ദിനമായി ആചരിക്കേണ്ട ദിനമല്ല തന്നെ. നാം പറഞ്ഞ യാഥാർഥ്യം പരിഗണിച്ചാൽ, ആശൂറാ ദിനം ദുഃഖ ദിനം ആക്കുന്നതിനേക്കാൾ ഏറ്റവും ഉചിതം സന്തോഷ- ആഹ്ലാദ ദിനം ആക്കുന്നത് തന്നെയാണ്. അന്നാണ് ഒട്ടേറെ പ്രവാചകന്മാരെ അവരുടെ ശത്രുക്കളിൽ നിന്നും അല്ലാഹു

രക്ഷപ്പെടുത്തിയത്. ഫിർഔൻ, അവന്റെ അനുയായികൾ തുടങ്ങിയ ധാരാളം പ്രമുഖ ശത്രുക്കളെ അല്ലാഹു നശിപ്പിച്ചതും ആശൂറാ ദിനത്തിലാണ്. ആകാശവും ഭൂമിയും മഹത്തായ പല വസ്തുക്കളും അല്ലാഹു ആവിഷ്കരിച്ചതും അന്ന് തന്നെ. ആദം അ നെ യും മറ്റും പടച്ചത് അന്നല്ലേ. അന്നേ ദിനം വ്രതമനുഷ്ഠിക്കുന്നവന്നു അത്യുദാരമായ പ്രതിഫലം കരുതി വെച്ചിരിക്കുന്നു. അബദ്ധപാപങ്ങൾ ആശൂറാ വ്രതം കാരണമായി പരിഹരിക്കുന്നു, തെറ്റുകൾ മായ്ക്കപ്പെടുന്നു. ഇക്കാരണങ്ങളാൽ, രണ്ടു പെരുന്നാൾ , വെള്ളിയാഴ്ച, അറഫ തുടങ്ങിയ സന്തോഷ ദിനങ്ങളുടെ ആശൂറാ ദിനത്തെ കണ്ട് ആ ദിവസവും സന്തോഷ - ആഹ്ലാദ ദിനമായി ആചരിക്കുകയാണ് വേണ്ടത്. ഇനി, ഏതെങ്കിലും അർത്ഥത്തിൽ ആശൂറാ ദിനം ദുഃഖ ദിനമായി ആചരിക്കണമായിരുന്നെങ്കിൽ സ്വഹാബത്തും താബിഉകളും അത് ചെയ്തു മാതൃക യാകുമായിരുന്നു. കാരണം, അവരാണ് ആ ദുരന്ത സംഭവത്തോട്/ ഹുസൈൻ തങ്ങളോട് കൂടുതൽ അരികത്തുണ്ടായിരുന്നവർ; അതിന് ഏറെ സവിശേഷമായവർž അവരിൽ നിന്നും നമുക്ക് കിട്ടിയ അറിവ്, ആശൂറാ ദിനത്തിൽ ഭാര്യസന്താനങ്ങൾക്കും ആശ്രിത ജനങ്ങൾക്കും വിശാല ഭക്ഷണം നൽകാനും വ്രതം അനുഷ്ഠിക്കാനുമാണ്. (അലിയാർ തങ്ങളുടെ അരുമ ശിഷ്യൻ, ഹസൻ ഹുസൈൻ തങ്ങന്മാരുടെ സഹപാഠിയും കൂട്ടുകാരനുമായ) ഹസനുൽ ബസ്വരി റഹി യിൽ നിന്നും വന്നിട്ടുള്ള പ്രസ്താവന അതിൽ പെട്ടതാണ്. അദ്ദേഹം പറഞ്ഞു: ' ആശൂറാ ദിനത്തിലെ വ്രതം ഫർളിനോടടുത്ത സുന്നതാകുന്നു''. അലി റ വും ആശൂറാ വ്രതം അനുഷ്ഠിക്കാൻ കൽപിച്ചിരുന്നു. (ഭാവി കാര്യങ്ങൾ കൂടി അറിയുന്ന ആളാണല്ലോ അവർക്ക് അലിയാർǽž ആശൂറാ രാവിനെ ആർ സൽകർമങ്ങൾ കൊണ്ട് ഹയാത്താക്കുന്നുവോ അല്ലാഹു അവനുദ്ദേശിക്കുന്ന അനുഗ്രങ്ങൾ നൽകി അവനെയും ഹയാത്താക്കും'' എന്ന തിരുമൊഴിയും നമുക്ക് ലഭിച്ചിട്ടുണ്ട്. ഇത് അയാളുടെ വാദങ്ങൾ പൊളിയാണെന്ന് തെളിയുന്നു..'' (ഗുൻയ)

അഹ്ലുല്ബൈത്ത് അംഗങ്ങളായ പ്രമുഖ ആലിമുകൾ ഇക്കാര്യത്തിൽ കൃത്യമായ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. സമീപ കാലത്തെ ഹളറമി സാദാത്തുക്കളിൽ പ്രമുഖനായ സയ്യിദ് അബ്ദുറഹ്മാൻ ബാ അലവി അവരുടെ ബുഗ്യത്തുൽ മുസ്തർശിദീനിൽ പറയുന്നു:

ഇന്ത്യയിലും ജാവയിലും ആശൂറാ ദിവസമോ അതിനോടടുത്ത ദിവസങ്ങളിലോ കാണപ്പെടുന്ന 'യാ ഹുസൈൻ' പരിപാടി ഹറാം ശക്തമായ നൃശംസിക്കേണ്ട അനാചാരമാ(ബിദ്അത്ത്)കുന്നു. അത് ചെയ്യുന്നവർ മഹാ തെമ്മാടികളും വല്ലാതെ പിഴച്ചവരും പിഴപ്പിക്കുന്നവരും ആണവർ്റാഫിദുകളോടും നാസ്വിബികളോടും സാദൃശ്യപ്പെട്ടവർ്ഇത് ചെയ്യുന്നവർ രണ്ടു തരമുണ്ട്.

ഒരിനം:

വിലപിക്കുന്നവരും ദുഃഖം പ്രകടിപ്പിക്കുന്നവരും വസ്ത്രം പറിച്ചു കീറിയോ സാധാരണ അണിയാറുള്ള വസ്ത്രരീതി ഒഴിവാക്കിയോ അക്ഷമ കാണിക്കുന്നവരും..

ഇതെല്ലാം നിഷിദ്ധമായതിനാൽ അവർ പാപികൾ ആകുന്നു. എന്നല്ല, ഇവയിൽ ചില കാര്യങ്ങൾ അത് ചെയ്യുന്നവൻ ഫാസിഖ് ആകുന്ന വൻ പാപമാകുന്നു. "ബന്ധുക്കളുടെ കരച്ചിൽ കാരണമായി മരണപ്പെട്ട വ്യക്തി ശിക്ഷിക്കപ്പെടുന്നു, അവരുടെ കരച്ചിൽ ആ വ്യക്തിയെ പ്രയാസപ്പെടുത്തുന്നു" എന്നിങ്ങനെ ഹദീസ് വന്നിട്ടുണ്ട്. നോക്കൂ, ഈ മഹാ അന്തം കമ്മികളും വിവരശൂന്യരുമായവരുടെ ഒരു കാര്യം! അല്ലാഹുവിന്റെ തിരുദൂതരുടെ പ്രിയ പൌത്രൻ ഹുസൈൻ തങ്ങളെ ബഹുമാനിക്കാൻ ഉദ്ദേശിച്ച് കാട്ടിക്കൂട്ടുന്നത് അവരെ പ്രയാസപ്പെടുത്തുന്ന പ്രവർത്തികൾ? അദ്ദേഹം അല്ലാഹുവിന്റെ അടുക്കൽ ഇവരെ പ്രതിയാക്കുന്നതാണ്. എന്നാൽ, ആ ദിനത്തിൽ ഹുസൈൻ തങ്ങൾക്കു സംഭവിച്ച കാര്യങ്ങൾ ഓർക്കുന്നവർ 'ഇന്നാ ലില്ലാഹി ..' ചൊല്ലുന്നതിൽ

നിരതരാകുകയായിരുന്നു വേണ്ടിയിരുന്നത്. അല്ലാഹുവിന്റെ നിർദ്ദേശം പാലിക്കുന്ന , പ്രതിഫലം ലഭിക്കുന്ന രീതിയതാണ്. ആശൂറാ ദിനം 'പുന്നാര പൌത്രന്' സംഭവിച്ചത്, അങ്ങോരുടെ വർദ്ധിച്ച പദവിയെയും നാഥന്റെ അടുക്കൽ ഉള്ള ഉയർന്ന സ്ഥാനത്തെയും കാണിക്കുന്ന മഹത്തായ രക്തസാക്ഷ്യം മാത്രമല്ലേ..

രണ്ടാം ഇനം:

ഹുസൈൻ തങ്ങളുടെ വധത്തിൽ സന്തോഷവും ആഹ്ലാദവും പ്രകടിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആശൂറാ നാളിനെ പെരുന്നാൾ ആക്കി ആഹ്ലാദിക്കുകയും കളിക്കുകയും ചെയ്യുന്നവർ

അവർ മറ്റവരേക്കാൾ വലിയ പാപവും ധിക്കാരവുമാണ് ചെയ്യുന്നത്.എന്നല്ല, ശിർക്ക് എന്ന മഹാപാപം മാറ്റിവെച്ചാൽ വൻപാപങ്ങളിൽ ഏറ്റവും വലിയ പാപമാണ് അവരുടേത്. കാരണം, വധം എന്നത് ശിർക്കിന് ശേഷമുള്ള വലിയ പാപമാണ്.; അപ്പോൾ സത്യവിശ്വാസികളുടെ സയ്യിദും ഇരുലോകങ്ങളുടെ സയ്യിദായ പുന്നാര നബിയുടെ റൈഹാൻ പുഷ്പവുമായ ഹുസൈൻ തങ്ങളെ വധിച്ചത് എത്ര വലുതായിരിക്കും?! ഒരു ധിക്കാരം/ പാപം ചെയ്തതിൽ സന്തോഷം പ്രകടിപ്പിക്കുന്നത് കനത്ത നിഷിദ്ധമാണ്. ആ പാപം ചെയ്ത അതെ നില തന്നെയാണ് ഈ സന്തോഷത്തിനും. എന്നാൽ, ഇങ്ങനെ പാപത്തിൽ സന്തോഷിക്കുന്നത് കുഫ്ര് ആകുന്നുവെന്ന് ഇമാം അഹ്മദ് റ വിൽ നിന്നും വന്നിട്ടുണ്ട്. ഹുസൈൻ തങ്ങളെ വെറുക്കുന്നതും അവർക്ക് ഭവിച്ച ദുരന്തത്തിൽ ആഹ്ലാദിക്കുന്നതും സൂഉൽ ഖാത്തിമത് സംഭവിക്കുന്നത് ഭയക്കേണ്ട വൻ പാപമാകുന്നു വെന്ന് അഹ്ലുസ്സുന്ന ഏകകണ്ഠം അഭിപ്രായപ്പെടുന്നു. കാരണം, ഈ ദുരന്തത്തിൽ സന്തോഷിക്കുന്നത് മുത്തുനബിയെയും അലിയാരെയും ഹസൻ ഹുസൈന്മാരെയും ഫാതിമ സഹ്റയേയും വിഷമിപ്പിക്കുമല്ലോ. അല്ലാഹു ഇപ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്: 'നിശ്ചയം

അല്ലാഹുവിനെയും അവരുടെ ദൂതരെയും പ്രയാസപ്പെടുത്തുന്നവർക്ക് ഇഹലോകത്തും പരലോകത്തും ശാപമുണ്ട്.'(33/57).ഹദീസിൽ ഇപ്രകാരവും കാണാം: ' എന്റെ സന്താനങ്ങളുടെ കാര്യത്തിൽ എന്നെ പ്രയാസപ്പെടുത്തുന്നവനോട് അല്ലാഹു കോപം ശക്തമാക്കിയിരിക്കുന്നു.' .

ഹള്രമീ സാദാത്തുക്കളിൽ പ്രമുഖനാണ് കോഴിക്കോട് സയ്യിദ് ജിഫ്രി. തന്റെ ജീവിത കാലത്ത് ടിപ്പുവിന്റെ സൈനികരും കോഴിക്കോട് കച്ചവടാവശ്യാർത്ഥം കുടിയേറി പാർക്കുന്ന ബോറ കളും കോഴിക്കോട് നടത്തിയ മുഹറം ആചരണം കണ്ട് അദ്ദേഹം വളരെ വിഷമത്തോടെ തന്റെ കൻസുൽ ബറാഹീനിൽ രേഖപ്പെടുത്തുന്നുണ്ട്. ഹുസൈൻ തങ്ങളെ വർഷാവർഷം അപമാനിക്കലാണ് ഇതിലൂടെ നടക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

"ഇന്ത്യയിൽ ആശൂറാ നാളിൽ നടക്കുന്ന അപമാനകരവും പരിഹാസ്യമായതും ബഹുമാനാദരവുകൾ കുറഞ്ഞതുമായ കൃത്യങ്ങൾ കണ്ടപ്പോൾ എനിക്ക് വല്ലാത്ത വിഷമമായി; ഞാൻ കരഞ്ഞു പോയി. അതെക്കുറിച്ച് ഞാൻ ഒരു പദ്യമുണ്ടാക്കി:

മുഹറം പത്തിന് എന്റെ നേത്രങ്ങളിൽ നിന്നും കണ്ണുനീർമഴ പെയ്യുക പതിവാണ്. നേത്രങ്ങളോട് ഞാൻ ചോദിച്ചു, എന്താണ് കാര്യം? ഹുസൈൻ തങ്ങൾ നേരിടേണ്ടിവരുന്ന പരിഹാസങ്ങൾ കണ്ടാണ് കരയുന്നതെന്ന് അവ പ്രതിവചിച്ചു. പ്രതിവർഷം ഹുസൈനെ വധിക്കുകയാണ്. അത് ചെയ്യുവാൻ കൽപിക്കുന്നവന്റെ നാശമേ.. അടുത്തും അകലെയുമുള്ള ജനങ്ങളോട് ഇപ്പണി ചെയ്യാൻ അയാൾ കല്പിക്കുന്നു. പരാജിതന്റെ രോഗം ഭേദമാകാത്ത ആ നാളിൽž ക്രിസ്ത്യാനിയും കാഫിറും ചെയ്യാറുള്ളപോലെ, യാതൊരു അർത്ഥവുമില്ലാത്ത രണ്ടു രൂപങ്ങളിൽ അവൻ വേഷം കെട്ടുന്നു.സ്നേഹം കാഴ്ച ഇല്ലാതാക്കുമെന്നും ബുദ്ധി നഷ്ടപ്പെടുത്തുമെന്നും ഹദീസിൽ തന്നെ വന്നിട്ടുണ്ട്...പക്ഷേ, സ്നേഹം ഇപ്രകാരമല്ല

വേണ്ടൂ... ആദ്യ ഒമ്പത് നാളുകൾ അവർക്ക് ബഹുമാന്യമാണ്. പക്ഷേ പത്തായാൽ ആ ബഹുമാനം അവർ ദൂരെ എറിയുന്നു..! മജൂസികളെ പ്പോലെ അഗ്നികുണ്ഡം ഉണ്ടാക്കുന്നുവല്ലോ അവർ്വിലക്കപ്പെട്ട വിവിധ കോലങ്ങളും ഉണ്ടാക്കുന്നു.. നാനാഭാഗത്ത് നിന്നും ആളുകളെ സംഘടിപ്പിക്കുന്നു. ത്വാഹയോ അലിയോ ബത്തൂലോ ഹുസൈനോ ഈ വക വേണ്ടാതീനങ്ങൾ ഇഷ്ടപ്പെടുമോ? ഇല്ലകെട്ടോ, ഒരു വിശുദ്ധ മനസ്സും ഇതൊന്നും ത്രിപ്തിപ്പെടില്ല..കരയൂ കണ്ണേ ഹൃദയം ശമിക്കുവോളം കരയൂ..അഹ്ലുൽ കിസായെ സ്നേഹിക്കുന്നത് സത്യവിശ്വാസിയുടെ അടയാളമാണ്. അതിങ്ങനെയാണോ..?!

പദ്യം അവസാനിപ്പിച്ചുകൊണ്ട് സയ്യിദ് ജിഫ്രി പ്രാർഥിക്കുന്നു: "" അവർ ഓരോരുത്തർക്കും അല്ലാഹു തന്റെ പണി കൊടുക്കട്ടെ. ഓരോരുത്തർക്കും അവർ ചെയ്യുന്നതിന് പകരം നൽകട്ടെ. ...''

യസീദ് : ഒരു പ്രഹേളിക
മൌനം ഭൂഷണം

യസീദിനെ മഹത്വവല്ക്കരിക്കുകയോ അവമതിക്കുകയോ ലക്ഷ്യമില്ലാത്ത, ചരിത്രത്തോട് മാത്രം പക്ഷം ചേർന്നുള്ള ഒരന്വേഷണമാണിത്. 'ശൈഖുസ്സ്വഹാബ' ഇബ്നു ഉമർ റ അടക്കമുള്ള അറുപതോളം സ്വഹാബികൾ ബൈഅത്ത് ചെയ്ത ഖിലാഫത്തിൽ അവരോധിതനായ (എന്നാൽ അവരിൽ ആരും ബൈഅത്ത് പിൻവലിച്ചതായി അറിവില്ല) യസീദ് ബിൻ മുആവിയയെ വെറുക്കണോ സ്നേഹിക്കണോ എന്നതാണ് അന്വേഷണ വിഷയം.

രണ്ടു കാര്യങ്ങളെ ആസ്പദിച്ചാണ് സ്നേഹിക്കണോ വെറുക്കണോ എന്ന പരിശോധന. ഒന്ന്: അഹ്ലുൽബൈതിനോട്, വിശിഷ്യാ ഹുസൈൻ തങ്ങളോടും കുടുമ്പത്തോടും യസീദ് പുലർത്തിയ സമീപനത്തിൻറെ അടിസ്ഥാനത്തിൽ രണ്ട്: യസീദിന്റെ ജീവിതവിശുദ്ധിയും ഭരണനയവും വിലയിരുത്തിക്കൊണ്ട്..

അഹ്ലുൽബൈത്തും യസീദും ശത്രുക്കളോ?!

==

സ്വഹാബികളിൽ അപ്രധാനിയല്ലാത്ത മുആവിയ റ ൻറെ പുത്രനാണ് യസീദ്. ഖുറൈശികളിൽ പ്രമുഖരും ഉന്നത 'അധികാര സ്ഥാന' ങ്ങളിൽ നബി സ്വ അവരോധിക്കുകയും ചെയ്ത ബനൂ ഉമയ്യക്കാരിൽപെട്ട അബൂസുഫയാന്റെ പുത്രനാണ് മുആവിയ. ഖുറൈശി പ്രമുഖരിൽ അബ്ദുമനാഫിന്റെ മക്കളാണ് ഹാശിം, മുത്വലിബ്, അബ്ദുശംസ്, നൗഫൽ എന്നിവർ ഇവരിൽ ഹാശിം, മുത്വലിബ് സന്തതികളിൽ പെട്ട വിശ്വാസികളാണ് അഹ്ലുല്ബൈത്ത് എന്നറിയപ്പെടുന്നത്. അവരിൽ തന്നെ സവിശേഷ വ്യക്തിത്വങ്ങളാണ് ഫാത്വിമ റ, അലി റ, ഹസൻ റ , ഹുസൈൻ റ എന്നിവർ ഹുസൈൻ തങ്ങളുമായി മുആവിയ റ അടുത്ത ബന്ധം പുലർത്തുകയും അദ്ദേഹത്തെ വല്ലാതെ ബഹുമാനിക്കുകയും ചെയ്തിരുന്നു. ഹുസൈൻ റ മുആവിയയുടെ പാരിതോഷികങ്ങൾ സസന്തോഷം സ്വീകരിക്കാരുണ്ടായിരുന്നു. (2) ഹസൻ റ ഖിലാഫത്ത് മുആവിയക്ക് വിട്ടുകൊടുത്തതിനു ശേഷം, ജ്യേഷ്ഠ സഹോദരനോടൊപ്പം ഹുസൈൻ റ മുആവിയയെ

പലവട്ടം സന്ദർശിച്ചിട്ടുണ്ട്. 'മര്ഹബന് അഹ്‌ലൻ'പറഞ്ഞു സാവേശം മുആവിയ അവരെ സ്വീകരിക്കാറുണ്ട്. അവർക്ക് അർഹമായ കനപ്പെട്ട പാരിതോഷികങ്ങൾ നല്കാറുണ്ട്. ഒരു പ്രാവശ്യം രണ്ടുലക്ഷം പണമാണ് നൽകിയത്. ഹസൻ തങ്ങളുടെ വിയോഗാനന്തരം ഹുസൈൻ തങ്ങൾ തനിച്ചും മുആവിയയെ സന്ദർശികുകയും സ്നേഹബന്ധം കാത്തുസൂക്ഷിക്കുകയും ചെയ്തിരുന്നു. (3) ഈ മഹിത മാതൃക മുആവിയ റ തൻറെ പുത്രൻ യസീദിനു പഠിപ്പിക്കുകയും അവരുമായി ഇടപഴകാനും ബന്ധം പുലർത്താനും അവസരം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

തുർക്കിയിലെ കൊൺസ്റ്റാന്റിനോപ്പിൾ കീഴടക്കാൻ മുആവിയ അയച്ച യസീദിൻറെ നേതൃത്വത്തിലുള്ള സൈന്യത്തിൽ ഹസൻ ഹുസൈൻ റ എന്നിവർ പങ്കെടുത്തിരുന്നു. പിന്നീട് ഹസൻ റ മരണപ്പെട്ടതിനു ശേഷം, ഇബ്നു അബ്ബാസ് റ മുആവിയയെ സന്ദർശിച്ചിരുന്നു. അപ്പോൾ മുആവിയ മകനെ വിളിച്ചു ഇബ്നു അബ്ബാസുമായി ബന്ധപ്പെടാനും ഹസൻ റ ൻറെ വിയോഗത്തിൽ തഅസിയത്ത് ചെയ്യാനും ഉപദേശിച്ചു. യസീദ് കടന്നുവന്നപ്പോൾ ഇബ്നു അബ്ബാസ് റ മർഹബ ചൊല്ലി ബഹുമാനിച്ചു. യസീദ് അവരുടെ മുന്നിൽ ഇരുന്നു. കയറി ഇരിക്കാൻ ആവശ്യപ്പെട്ടെങ്കിലും യസീദ് സസ്നേഹം അത് നിരസിച്ചു. 'ഞാൻ ആശംസിക്കാൻ അല്ല, ആശ്വസിപ്പിക്കാൻ വന്നതാണല്ലോ' എന്നൊരു കൊച്ചുതമാശക്ക് ശേഷം യസീദ് ഹസൻ റ ൻറെ വിയോഗത്തിൽ സമാശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു: അബൂ മുഹമ്മദിനെ അല്ലാഹു അനുഗ്രഹിക്കട്ടെ; ഏറ്റം വിശാലമായ അനുഗ്രഹം. അങ്ങേക്ക് അല്ലാഹു വലിയ പ്രതിഫലം നൽകട്ടെ. നഷ്ടത്തിന് പകരം തന്ന് അനുഗ്രഹിക്കട്ടെ…" (4)

അഹ്‌ലുൽബൈതുമായി നല്ല ബന്ധം കാത്തുസൂക്ഷിക്കാൻ യസീദിനെ പ്രത്യേകം ഉപദേശിച്ചു. ഒരിക്കൽ മുആവിയ യസീദിനോടു പറഞ്ഞു: "മകനേ, എനിക്ക് മദീനയിൽ ഒരു പ്രിയ സുഹൃത്തുണ്ട്. നീ അദ്ദേഹത്തെ ആദരിക്കണട്ടോ." "ആരാണത്?", യസീദ് അന്വേഷിച്ചു. അബ്ദുല്ലാഹി ബിൻ ജഅഫർ, മുആവിയ വെളിപ്പെടുത്തി. അങ്ങനെ, മുആവിയയുടെ വിയോഗാനന്തരം അബ്ദുല്ലാഹ് യസീദിനെ സന്ദർശിച്ചപ്പോൾ, പിതാവ് അവർക്ക് നൽകാറുള്ള പാരിതോഷികം ഇരട്ടിയായി യസീദ് നൽകുകയുണ്ടായി. മുആവിയ നൽകിയിരുന്നത് ആറുലക്ഷം ആയിരുന്നു; യസീദ് അതിനുപകരം പത്തുലക്ഷമാണ് നൽകിയത്. ' ഹോ എന്താണിതൊക്കെ' എന്നാശ്ചാര്യപ്പെട്ട അതിഥിക്ക് വീണ്ടും ഒരു പത്തുലക്ഷം സമ്മാനിച്ചു. അബ്ദുല്ലാഹ് മനം നിറഞ്ഞു പറഞ്ഞു: 'താങ്കൾക്കു ശേഷം ഇതുപോലെ മനം

കുളിർപ്പിക്കാൻ ഒരാളും ഉണ്ടാകില്ല”. അദ്ദേഹം തിരിച്ചുപോകുമ്പോൾ വീണ്ടും ഇരുപത് ലക്ഷം നൽകി യസീദ് പിതാവിൻറെ പ്രിയ സുഹൃത്തിനെ കഴിയുവോളം ആദരിച്ചു. അബ്ദുല്ലാഹ് ഇറങ്ങി വരുമ്പോൾ യസീദിന്റെ കൊട്ടാര വാതിൽക്കൽ ഖുറാസാനിൽ നിന്നും സമ്മാനങ്ങളുമായി വന്ന വാഹനങ്ങൾ കിടക്കുന്നുണ്ടായിരുന്നു. അത് കണ്ടപ്പോൾ അബ്ദുല്ലാഹ് വീണ്ടും യസീദിന്റെ അടുത്തേക്ക് തിരിച്ചുപോയിട്ട് ‘ഹജ്ജ് ഉംറ യാത്രക്ക് ഉപയോഗിക്കാൻ വാഹനം’ വേണമെന്ന് ആവശ്യപ്പെട്ടു. ഉടനെ ഉത്തരവാദപ്പെട്ടവരെ വിളിപ്പിച്ചു. നാനൂറു വാഹനങ്ങൾ നിറയെ വിവിധങ്ങളായ സമ്മാനങ്ങളാണ് വന്നിട്ടുള്ളതെന്ന് വിവരം കിട്ടി. അതപ്പടി അബ്ദുല്ലാഹ് ബിൻ ജഅഫറിനു നൽകാൻ യസീദ് നിശ്ശങ്കം കല്പിച്ചു. “ഈ മനുഷ്യനെക്കുറിച്ച് നല്ലതു വിചാരിക്കുന്നതിനാണോ എന്നെ നിങ്ങൾ ആക്ഷേപിക്കുന്നത്?”, അബ്ദുല്ലാഹ് റ പലപ്പോഴും പറയാറുണ്ടായിരുന്നു. (5)

മുആവിയ മകനു നൽകിയ അന്ത്യോപദേശങ്ങളിൽ ഇങ്ങനെ കാണുന്നു: “തിരുദൂതരുടെ പുത്രി ഫാതിമയുടെ മകൻ അലിയുടെ പുത്രൻ ഹുസൈനെ നീ നോക്കണം. നിശ്ചയമായും, അദ്ദേഹം ജനങ്ങൾക്ക് അവരിൽ ഏറ്റവും സ്നേഹമുള്ള മഹാ വ്യക്തിയാണ്. അതിനാൽ നീ അദ്ദേഹവുമായുള്ള കുടുംബബന്ധം ഉറപ്പിച്ചു പെരുമാറുക. അദ്ദേഹത്തോട് മാന്യമായും മാർദ്ധവമായും പെരുമാറണം. എന്നാൽ, അദ്ദേഹവുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം നേരാം നിലയിൽ വന്നുകൊള്ളും. ഇനി വല്ലതും അദ്ദേഹത്തിൻറെ ഭാഗത്തുനിന്നും ഉണ്ടാകുന്ന പക്ഷം അത്, നിശ്ചയമായും ഞാൻ പ്രതീക്ഷിക്കുന്നത്, അദ്ദേഹം തൻറെ പിതാവിനെ വധിച്ചവരെയും സഹോദരനെ ചതിച്ചവരെയും കൂട്ടി നിനക്കെതിരെ സംഘടിക്കുക മാത്രമായിരിക്കും.” (6)

മുആവിയ തൻറെ അന്ത്യോപദേശത്തിൽ ഇക്കാര്യം ആവർത്തിക്കുന്നുണ്ട്. “ ഖുറൈശികളിൽ നിന്നും മൂന്നുപേരെ മാത്രം ഞാൻ ഭയക്കുന്നു. ഹുസൈൻ ബിൻ അലി, അബ്ദുല്ലാഹി ബിൻ ഉമർ, അബ്ദുല്ലാഹ് ബിൻ സുബൈർ എന്നിവരെ മാത്രം. ഇവരിൽ ഇബ്നു ഉമർ, ദീൻ കാര്യത്തിൽ മുഴുകിയ മനുഷ്യനാണ്. ഇതിനു മുമ്പ് അദ്ദേഹം ഭരണപരമായ ഒന്നും ആഗ്രഹിച്ചിട്ടില്ല. പിന്നെ ഹുസൈൻ്അദ്ദേഹം മറ്റുള്ളവരുടെ പ്രേരണയിൽ വീഴുന്ന ഒരാളാണ്. തൻറെ പിതാവിനെ വധിച്ചവരെയും സഹോദരനെ തരംതാഴ്ത്തിയവരെയും കൂട്ടി അദ്ദേഹം നിനക്കെതിരെ വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അദ്ദേഹവുമായി നിനക്ക് ആഴമുള്ള രക്തബന്ധമുണ്ട്. കനത്ത കടപ്പാടുണ്ട് നിനക്ക് അദ്ദേഹത്തോട്. മുഹമ്മദ് നബി സ്വ യുമായുള്ള രക്തബന്ധവും ഉണ്ട് അദ്ദേഹത്തിന്.

ഇറാഖുകാർ അദ്ദേഹത്തെ പിടിച്ചിറക്കുക തന്നെ ചെയ്യുമെന്ന് ഞാൻ കരുതുന്നു. നിനക്ക് സാധിക്കുമെങ്കിൽ അദ്ദേഹത്തോട് വിട്ടു വീഴ്ച ചെയ്യുക. നിശ്ചയമായും ഞാൻ ആയിരുന്നെങ്കിൽ അദ്ദേഹത്തിനു മാപ്പ് നൽകുന്നതാണ്..”
(7)

പിതാവിൻറെ ഉപദേശം യസീദ് പാലിച്ചുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു..യസീദ് ഖലീഫ സ്ഥാനത്ത് കയറിയപ്പോൾ അതിൽ വിയോജിപ്പ് പ്രകടിപ്പിച്ചു വിട്ടുനിന്ന ഹുസൈൻ ബിൻ അലീ ,അബ്ദുല്ലാഹി ബിൻ സുബൈർ റ എന്നിവർക്കെതിരെ യസീദ് ശക്തമായ നടപടികൾ ഒന്നും സ്വീകരിച്ചിരുന്നില്ല. അവർ അങ്ങനെ തുടരട്ടെ എന്നായിരിക്കണം യസീദ് തീരുമാനിച്ചിട്ടുണ്ടാവുക. റജബിൽ അധികാരത്തിൽ കയറിയ യസീദ് അപ്പോൾ തന്നെ ‘വിഘടന’ വാദികളെ അടക്കിയിരുത്താൻ ശ്രമിക്കാമായിരുന്നു. എന്നാൽ ശഅബാൻ, റമദാൻ, ശവ്വാൽ, ദുൽഖഅദ എന്നീ നാലുമാസങ്ങൾ കഴിഞ്ഞ ദുൽഹിജ്ജ എട്ടിന്, മക്കയിൽ ഹജ്ജുകർമ്മത്തിനു ഒത്തുകൂടിയ വിശ്വാസികൾ മിനായിൽ സംഘടിച്ച ‘യൌമുത്തർവിയ’ യിലായിരുന്നല്ലോ ഹുസൈൻ തങ്ങളുടെ ‘പുറപ്പാട്’. അഹ്‌ലുൽബൈത്തിനെ നശിപ്പിക്കുകയെന്ന അമവീ ഗൂഡാലോചന നടപ്പിലാക്കാൻ യസീദിൻറെ സൈന്യം മദീനയിൽ ഇരച്ചുകയറിയതായിരുന്നില്ല. ഇറാഖുകാരുടെ പിന്തുണയിൽ ഒരു വിപ്ലവത്തിനുള്ള തയ്യാറെടുപ്പോടെഹുസൈൻ തങ്ങൾ വരുന്നു – ഏറ്റവും അർഹനായ തന്നെ തഴഞ്ഞുവെന്ന മതപരമായ ന്യായം അദ്ദേഹത്തിനുണ്ടായിരിക്കാം- എന്നറിഞ്ഞപ്പോഴും , ഹുസൈൻ തങ്ങൾ കൂഫക്കാരുമായി സന്ധിക്കാതിരിക്കാനുള്ള ഒരുക്കങ്ങൾ ചെയ്യുകയും ഹുസൈൻ സംഘത്തെ തടഞ്ഞുവെക്കാൻ കൽപിക്കുകയും അല്ലാതെ ഹുസൈനയോ സംഘത്തേയോ വധിക്കാൻ യസീദ് ഉത്തരവിറക്കിയില്ല. ഒരു ഭരണാധികാരിയെ സംബന്ധിച്ചിടത്തോളം ആ വക ജാഗ്രതകൾ അനിവാര്യവുമാണ്. ദമസ്കസും കൂഫയും തമ്മിൽ രണ്ടാഴ്ചത്തെ വഴിദൂരമുണ്ട്. തൻറെ കല്പനയ്ക്ക് വിരുദ്ധമായി ഗവർണർ എടുക്കുന്ന തീരുമാനം അപ്പപ്പോൾ അറിയാനുള്ള വഴിയില്ലായിരുന്നു. അലി സൈനുൽ ആബിദീൻ തങ്ങളോട് ഈ നിസ്സഹായത യസീദ് കർബലക്ക് ശേഷം എടുത്തുപറഞ്ഞത് കാണാം. മാത്രമല്ല, പിന്നീട് പ്രതികാരത്തിന് രംഗത്തുവന്ന ‘തവ്വാബൂൻ’ സംഘം പകവീട്ടിയത് ഇബ്നു സിയാദ് മുതൽ താഴോട്ടുള്ള വധപങ്കാളികളോടായിരുന്നുവല്ലോ..

പ്രസക്തമായ ഒരു ചോദ്യം ഇവിടെ ഉയർന്നുവരുന്നു. ഹുസൈൻ തങ്ങൾ മദീനയിലേക്ക് ഒളിച്ചോടിയത് കൂഫക്കാരുടെ ആഹ്വാനപ്രകാരമാണോ? പറയാം.

ഇറാഖിലേക്ക് പുറപ്പെടുന്നതിനു മുമ്പ്, മദീനയിൽ നിന്നും മക്കത്തെക്ക് ഇബ്നു സുബൈറും ഹുസൈനും ഒളിച്ചു കടക്കുവാൻ ഇടയായ പശ്ചാത്തലം ഉണ്ടായത്, യസീദിന്റെ നേർക്കുനേർ ഉള്ള കല്പന മൂലം അല്ലായിരുന്നു. ഇബ്നു ഖല്ദൂൻ തൻറെ താരീഖിൽ കുറിക്കുന്നത് കാണുക: ഖലീഫയായി അവരോധിതനായ ഉടൻ, പിതാവിൻറെ കാലത്തുതന്നെ തൻറെ തുടർവാഴ്ച അംഗീകരിക്കാത്ത മദീനക്കാരെ പിടിച്ച് ബൈഅത്ത് ചെയ്യിപ്പിക്കാൻ യസീദ് ഉത്തരവിട്ടിരുന്നു. മദീനയിൽ അബൂ സുഫയാൻ മകൻ ഉത്ബത് മകൻ വലീദ് ആയിരുന്നു ഗവർണർ‍ഉത്തരവ് നടപ്പാക്കുന്നതിൽ മർവാന് ബ്നുൽ വലീദ് ഇടപെട്ടു. ഇപ്പൊ ത്തന്നെ അവരെ വരുത്തി ബൈഅത്ത് ചെയ്യിപ്പിക്കണമെന്നും വിസമ്മതിച്ചാൽ വധിക്കണമെന്നും മർവാന് വാശി. ആ സമയത്ത് മുആവിയയുടെ മരണ വാർത്ത മദീനക്കാർ അറിഞ്ഞിരുന്നില്ല. വലീദ് അപ്പോൾ തന്നെ ചെറുപ്പക്കാരനായ അബ്ദുല്ലാഹി ബ്നു അമ്ർ ബിൻ ഉസ്മാനെ പറഞ്ഞയച്ചു, ഹുസൈനെയും ഇബ്നു സുബൈറിനെയും വിളിക്കാൻ‍അമീർ വിളിക്കുന്ന കാര്യം അയാൾ ഇരുവരെയും അറിയിച്ചു. തൻറെ വാല്യക്കാരെയും വീട്ടുകാരെയും കൂട്ടി ഹുസൈൻ തങ്ങൾ അമീറിൻറെ സമീപത്തെത്തി. അമീറിൻറെ അരികിൽ മർവാൻ ഉണ്ടായിരുന്നു. ഹുസൈൻ റ ഇരുവർക്കും സലാം പറഞ്ഞു. ബന്ധങ്ങളിൽ ഇടക്കാലത്ത് ചില മുറിവുകൾ സംഭവിച്ചുവെങ്കിലും കുടുംബ ബന്ധം വീണ്ടും പുനസ്ഥാപിക്കുന്ന ഈ ക്ഷണത്തിനു ഇരുവർക്കും ഹുസൈൻ നന്ദിപറഞ്ഞു. വിളിപ്പിച്ച കാര്യം അദ്ദേഹം അറിഞ്ഞിരുന്നില്ല. 'സല്കരിക്കാൻ' ആയിരിക്കുമെന്ന നിലയിലാണ് അദ്ദേഹം സംസാരം തുടങ്ങിയത്. അപ്പോൾ വലീദ് മുആവിയയുടെ മരണ വാർത്ത വായിക്കുകയും യസീദിന്നു ബൈഅത്ത് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു. വാർത്ത കേട്ടപ്പോൾ അദ്ദേഹം ഇന്നാലില്ലാഹി ചൊല്ലുകയും മുആവിയക്ക് വേണ്ടി അനുഗ്രഹ പ്രാർത്ഥന നടത്തുകയും ചെയ്തു. ഹുസൈൻ റ പറഞ്ഞു: " എന്നെപ്പോലുള്ള ഒരാൾ സ്വകാര്യമായി ബൈഅത്ത് ചെയ്യുന്നതിൽ ഫലമില്ല. ഞാൻ മാത്രം ബൈഅത്ത് ചെയ്താൽ പോരല്ലോ. അതിനാൽ ജനങ്ങളെ എല്ലാവരെയും വിളിച്ചു വിവരം പറയുക, ഞാൻ ഒന്നാമതായി ഉത്തരം ചെയ്യുന്നതാണ്". വലീദ് അത് സമ്മതിച്ചു. 'എന്നാൽ പൊയ്ക്കോളൂ' , അയാൾ അനുവദിച്ചു. പക്ഷേ, അരികിൽ ഉണ്ടായിരുന്ന മർവാൻ ഇടങ്കോലിട്ടു. അയാൾ വലീദിനോട് ഹുസൈൻ റ കേൾക്കെ പറഞ്ഞു: "അത് പ്രായോഗികമല്ല, ജനങ്ങളുമായി നല്ല യുദ്ധം ആവശ്യമാകും, നിങ്ങളിലെയും അവരിലെയും 'ശവങ്ങൾ' പെരുകുന്നതുവരെ ജനങ്ങളെ അനുസരിപ്പിക്കാൻ ആവില്ലട്ടോ. അതിനാൽ, ഇവനെ

ഇപ്പോൾ തന്നെ നിർബന്ധിക്കൂ, വിസമ്മതിച്ചാൽ കഴുത്തറക്കാൻ നോക്ക്.” അതുകേട്ടപാടെ ഹുസൈൻ റ ചാടി എഴുന്നേറ്റു. “നീയെന്നെ കൊല്ലുമെന്നോ, അതോ അയാളോ? അല്ലാഹുവാണ നീ കളവാണ് പറയുന്നത്.” അതും പറഞ്ഞ് അദ്ദേഹം അവിടം വിട്ടു. മർവാൻ വലീദിനെ പ്രകോപിപ്പിക്കുന്നതിൽ മുഴുകി. ഹുസൈനെ വധിക്കാൻ പ്രേരിപ്പിച്ചു.(8) ഹുസൈൻ റ നെ ഭീതിയിലാക്കിയതും നാടുവിടാൻ പ്രേരിപ്പിച്ചതും മർവാന്റെ ഈ ഇടപെടലായിരുന്നു. യസീദിനു അത്ര നിർബന്ധമുണ്ടായിരുന്നെങ്കിൽ മക്കയിൽ ഹുസൈൻ റ നെ ശല്യപ്പെടുത്തുമായിരുന്നുവല്ലോ..

അഹ്ലുൽ ബൈത്തും യസീദും കർബലക്ക് ശേഷം

==

അറബി മലയാളത്തിൽ ആധികാരികമായ ഇസ്ലാമിക ചരിത്രം എഴുതിയ അണ്ടത്തോട് ശുജാഈ മൊയ്തു മുസ്ല്യാരുടെ ‘ഫത്ഹുൽ ഫത്താഹ്’ മൂന്നാം വോള്യം 179, 180 പുറങ്ങളിൽ ഇങ്ങനെ കാണാം.

“ ഹുസൈൻ അവർകളുടെ മക്കൾ, അഹ്ലുകാർ, ഖാദിമീങ്ങൾ അവർകളെ ദിമിശ്ഖിൽ യസീദിന്നു അയച്ചു. യസീദ് അവരെ ബഹുമാനിച്ചു..”

“ഹുസൈൻ തങ്ങളുടെ തല യസീദിന്നു എത്തി. ശമിർ ബിൻ ദിൽ ജൌശൻ വിവരം പറഞ്ഞാരെ, യസീദിന്നു കണ്ണുനീർ ഒലിച്ചു. അവനോട് അനിഷ്ട വാചകം പറഞ്ഞു. പിന്നെ ഹുസൈൻ എന്നവരെ കുട്ടികളെയും സ്ത്രീകളെയും യസീദുടെ സ്ത്രീകളെ വീട്ടിൽ കടത്തി. ആദരിച്ചു. യസീദിന്നു ഭക്ഷണം കൊണ്ടുവന്നാൽ ഹുസൈൻ അവർകളുടെ മക്കൾ അലി, ഉമർ അവർകൾ ഒരുമിച്ചല്ലാതെ കഴിക്കയില്ല.പിന്നെ അവർകളെയെല്ലാം മദീന കൊള്ളെ കാവൽക്ക് കുതിരക്കാർ മുമ്പും പിമ്പും അണിനിറുത്തി അയച്ചു കൊടുത്തു...” വസ്തുനിഷ്ഠമായ ചരിത്രം ഇതുതന്നെയാണെന്ന് കാണാം.

ദാരുണമായ കർബല വാർത്ത എത്തിയപ്പോൾ യസീദ് ദൂതരോട് വളരെ ദുഖത്തോടും പ്രതിഷേധ സ്വരത്തിലുമാണ് പ്രതികരിച്ചത് : ഇറാഖുകാരെ, ഹുസൈനെ വധിക്കാതെ തന്നെ, നിങ്ങളുടെ ‘അനുസരണം’ ഞാൻ ത്രിപ്തിപ്പെടുമായിരുന്നു. ഇങ്ങനെയാണ് അതിക്രമത്തിൻറെയും അനുസരണക്കേടിന്റെയും അന്ത്യഫലം.! ഇബ്നു മർജാനെയെ(ഉബൈദുള്ള) അല്ലാഹു ശപിക്കട്ടെ.അവൻ ഹുസൈനെ അകന്ന രക്തബന്ധമായി കണ്ടു?! അല്ലാഹുവാണ, ഞാനായിരുന്നു അവിടെ ഉണ്ടായിരുന്നതെങ്കിൽ ഞാൻ ഹുസൈന് മാപ്പ് നൽകുമായിരുന്നു..അല്ലാഹു ഹുസൈന് റഹ്മത്ത്

ചെയ്യട്ടെ.” (9) മറ്റൊരു നിവേദനത്തിൽ ‘ അല്ലാഹുവാണ ഞാനായിരുന്നുവെങ്കിൽ എൻറെ ആയുസ്സിൻറെ അല്പം നല്കിയിട്ടെങ്കിലും അദ്ദേഹത്തെ വധിക്കുന്നത് തടയുമായിരുന്നു,” എന്ന് കാണാം.

യുദ്ധത്തടവുകാരെ നല്ല നിലയിൽ ഉടൻ അയക്കാനുള്ള ഉത്തരവയച്ചു. ഉബൈദുള്ള ഉടനെത്തന്നെ ദക് വാനെ(മിഹ് ഫസ് ബിൻ സഅലബ യാണെന്നും റിപ്പോർട്ട് ഉണ്ട്.) അവരുമായി പറഞ്ഞയച്ചു. അവർക്ക് വേണ്ട ഭക്ഷണം, വസ്ത്രം തുടങ്ങിയ ആവശ്യങ്ങൾക്ക് പതിനായിരം ദിർഹം കയ്യിൽ കൊടുത്തു. യസീദിനു താൻ ചെയ്ത അപരാധം ഇഷ്ടമായിട്ടില്ല എന്ന് ഉബൈദുള്ള ഉള്കൊണ്ടുവെന്നു മനസിലാക്കാം. തടവിലായ സ്ത്രീകളെയും പരിചാരകരേയും കുട്ടികളെയും ‘അടിമകളാക്കി’യെന്നും അവരെയും കൊണ്ട് നാട് നീളെ ചുറ്റി ക്കറങ്ങി ആഹ്ലാദിച്ചു എന്നും ചിലർ എഴുതിവെച്ചത് ശുദ്ധ അസംബന്ധമാണ്.

യസീദിന്റെ അരികിൽ എത്തിയപ്പോൾ ഹുസൈൻ തങ്ങളുടെ പുത്രി ഫാത്വിമ ചോദിച്ചു: ‘യസീദ്, റസൂലുല്ലാഹി സ്വ യുടെ പെൺകുട്ടികളെ തടവ് അടിമകൾ ആക്കുമോ? യസീദ് പറഞ്ഞു: ‘ ഇല്ലയില്ല, നിങ്ങൾ ബഹുമാന്യരായ സ്വതന്ത്രർ ആകുന്നു, കടന്നു വരുവീൻ, നിങ്ങളുടെ പിതൃവ്യരുടെ പെണ്മക്കളുടെ അടുത്തേക്ക് കടന്നു ചെല്ലുവീൻ് നിങ്ങളെ അവർ പരിച്ചരിച്ചുകൊള്ളും.” ആ അനുഭവം ഫാത്വിമ പങ്കുവെക്കുന്നു: “ഞാൻ അവരുടെ അടുത്ത് കടന്നു ചെന്നു. അവിടെ സുഫയാനീ പാരമ്പര്യമുള്ള സകല സ്ത്രീകളും കരയുകയാണ്, കരച്ചിലോടു കരച്ചിൽ്” (10) അവർക്ക് ആവശ്യമുള്ള കാര്യങ്ങൾ എന്തെല്ലാമാണ് എന്നറിയാൻ ആളെ നിയോഗിച്ചു. എന്തൊക്കെ ആവശ്യപ്പെട്ടുവോ അതിൻറെ ഇരട്ടി നൽകി അവരെ യസീദ് ആദരിക്കുകയായിരുന്നു.

അലിസൈനുൽആബിദീൻ റ തൻറെ അനുഭവം പറയുന്നു: ഞങ്ങൾ പന്ത്രണ്ട് ആണുങ്ങൾ യസീദിന്റെ അരികിലേക്ക് കടന്നുചെന്നപ്പോൾ, അയാൾ തൻറെ നിസ്സഹായാവസ്ഥ തുറന്നുപറഞ്ഞു. ഹുസൈൻ റ മക്കയിൽ നിന്നും യാത്ര തിരിച്ചതും കർബലയിൽ കൊല്ലപ്പെട്ടതും രണ്ടും സംഭവം ഉണ്ടായ ശേഷമാണ് അയാൾ അറിഞ്ഞതെന്ന്. അതുകേട്ടപ്പോൾ നുഉമാൻ ബിൻ ബശീർ അയാളോട്ടറഞ്ഞു: ഈ ബഹുമാന്യ വ്യക്തികളോട് നബി സ്വ വർത്തിച്ചതുപോലെ, കല്പിച്ചപോലെ നിങ്ങളും ചെയ്യുവീൻ് അതുകേട്ടപ്പോൾ യസീദ് കരഞ്ഞുപോയി. വല്ലാത്ത കരച്ചിൽ് വീട്ടുകാർ എല്ലാരും കരഞ്ഞുപോയി. കരച്ചിലിൻറെ ശബ്ദം ഉയർന്നു. കുളിക്കാനും വസ്ത്രം മാറ്റാനും വിശ്രമിക്കാനും ആവശ്യമായ സൗകര്യങ്ങൾ

പൊടുന്നനെ ഏർപ്പെടുത്തുകയുണ്ടായി. ഭക്ഷണവും വസ്ത്രവും ധാരാളം സമ്മാനങ്ങളും അവിടെ തയ്യാറായി.

സൈനുൽ ആബിദീൻ റ തുടരുന്നു: ഞാനായിരുന്നു ആ സംഘത്തിൽ മുന്നിൽ്കടന്നുചെല്ലുമ്പോൾ യസീദിന്റെ വാതിൽക്കൽ നിറയെ ആളുകൾ്ഞാൻ സലാം പറഞ്ഞു. എന്നോട് അടുത്തുചെല്ലാൻ ആവശ്യപ്പെട്ടു. ഞാൻ അടുത്തുചെന്നു. അയാൾ എന്നെ അണച്ചുപിടിച്ചു. എന്നോട് പറഞ്ഞു: അല്ലാഹുവാണ, താങ്കളുടെപിതാവ് ഇവിടെ വന്നിരുന്നെങ്കിൽ ഞാൻ നാംതമ്മിലുള്ള കുടുംബബന്ധം പാലിക്കുമായിരുന്നു. അവർക്ക്ഞാൻ ചെയ്യേണ്ടതായി എന്തെല്ലാം ഉണ്ടോ അത് വീട്ടുമായിരുന്നു. എന്തുപറയാൻ, ആഇബ്നുസിയാദ് എടുത്തുചാടി വേണ്ടാത്തത് ചെയ്തു. അവനെ അല്ലാഹു വധിക്കട്ടെ. അപ്പോൾ സൈനുൽ ആബിദീൻ തങ്ങൾ പറഞ്ഞു: അമീറുൽമുഅമിനീൻ, ഞങ്ങൾ ശരിക്കും അന്യരെപ്പോലെ ആരുമില്ലാത്തവരെപ്പോലെ കൈകാര്യം ചെയ്യപ്പെട്ടു!! യസീദ്സമാധാനിപ്പിച്ചു: ആ അന്യത്വം അള്ളാഹു നീക്കിത്തരട്ടെ. അപ്പോൾ തങ്ങൾ തുടർന്നു: ഞങ്ങളുടെ സമ്പത്ത് തട്ടിപ്പറിച്ചു. അത് തിരികെ എത്തിക്കാൻ ഉടനെ യസീദ് കല്പിച്ചു. ഞങ്ങളോട് അവിടെ ജീവിച്ചുകൊള്ളാൻ നിർദ്ദേശിച്ചു. പക്ഷെ, അടുത്തബന്ധുക്കളോടൊപ്പം മദീനയിൽ ജീവിക്കാനാണ് താല്പര്യമെന്ന് ഞാൻ അറിയിച്ചു. എൻറെ കൂടെയുള്ളവർ സന്തുഷ്ടരായിരുന്നു. അവർ അല്ലാഹുവിനെസ്തുതിച്ചു.(11)

മദീനയിലേക്ക് ആളെ അയച്ചു ബനൂഹാശിം കുടുംബത്തിലെയും ബനൂ അലീ വീട്ടിലെയും പ്രായം ചെന്ന 'വിമോചിത അടിമകളെ' വരുത്തി. മദീനയിൽ നിന്നും അവർ എത്തുന്നതുവരെ, ഏതാണ്ട് ഒരുമാസക്കാലം അവർ യസീദിന്റെ കൊട്ടാരത്തിൽ സസന്തോഷം, സർവാദരങ്ങളും അനുഭവിച്ച് ജീവിച്ചു. പോകുമ്പോൾ അവർ ആവശ്യപ്പെട്ടതെല്ലാം നൽകുകയും മദീനയിൽ എത്തിയാൽ എന്ത് ആവശ്യങ്ങൾ ഉണ്ടായാലും അത് അനുവദിക്കാൻ 'അധികാരപ്പെടുത്തുകയും ചെയ്തു. അവരുടെ കൂടെ യാത്രചെയ്യാൻ നുഉമാന് ബിൻ ബഷീറിനെ വിടുകയും ചെയ്തു. എന്നാൽ അവരെ പറഞ്ഞയക്കുകയായിരുന്നില്ല; മദീനയിലേക്ക് തിരികെ പോകണം എന്ന അവരുടെ ആവശ്യം പരിഗണിക്കുകയായിരുന്നു. യസീദ് വീണ്ടും സൈനുൽ ആബിദീൻ തങ്ങളോട് പറഞ്ഞു : "അങ്ങോർക്ക് ഇഷ്ടമാണെങ്കിൽ ഇവിടെ ഞങ്ങളോടൊപ്പം ജീവിക്കാം. അങ്ങയോടുള്ള രക്തബന്ധം ഞങ്ങൾ പാലിച്ചുകൊള്ളാം. അങ്ങയുടെ മുഴുവൻ അവകാശങ്ങളും അനുവദിക്കാം.. (12)

ഉറ്റവരും ഉടയവരും ഇല്ലാതെ അനാഥരായി തിരികെ നാട്ടിലേക്ക് പോകുന്ന അവരുടെ മനോവേദന

മനസ്സിലാക്കിയ യസീദ് , തൻറെ നിരപരാധിത്വം വെളിപ്പെടുത്തിയും സംഭവിച്ച ദുരന്തത്തിലുള്ള ദുഖവും പ്രതിഷേധവും പ്രകടിപ്പിച്ചും അവരോട് പറഞ്ഞു: “ ഇബ്നു മർജാനെയെ അല്ലാഹു ശപിക്കട്ടെ. അല്ലാഹുവാണ, ഞാൻ അവിടെ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം എന്ത് ചോദിച്ചാലും ഞാനത് നൽകുമായിരുന്നു/ അനുവദിക്കുമായിരുന്നു. അദ്ദേഹത്തിന് ജീവനാശം സംഭവിക്കാതിരിക്കാൻ സാധിക്കുന്നതെല്ലാം ചെയ്യുമായിരുന്നു. അതിനു വേണ്ടി എൻറെ ചില മക്കളെ കുരുതി കൊടുക്കേണ്ടിവന്നാൽ പോലും. എന്നാൽ, നിങ്ങൾ മനസ്സിലാക്കിയ പോലെ അല്ലാഹുവിൻറെ വിധി നടപ്പിലാവുകയാണുണ്ടായത്. എന്ത് ആവശ്യമുണ്ടെങ്കിലും എനിക്ക് എഴുതണേ..” (13)

യസീദ് അവരെ യാത്രയാക്കി. ശാമിലെ പ്രഗൽഭരായ രണ്ടുപേരെയും (ഒരാൾ മിഹ്റസ് ബിൻ ഹരീസ് അൽകൽബി, രണ്ടാമൻറെ പേര് ലഭിച്ചിട്ടില്ല,) ബനൂ സുഫയാൻ കുടുംബത്തിലെ ‘മോചിതരായ’ മുപ്പത് കുതിരപ്പടയാളികളെയും അവർക്കൊപ്പം കാവലിന് പറഞ്ഞയച്ചു. അവർ എവിടെ എപ്പോൾ ഇറങ്ങാൻ ആഗ്രഹിക്കുന്നുവോ അവിടെ ഇറക്കണമെന്നും മറ്റെല്ലാ സഹായങ്ങളും ചെയ്തുകൊടുക്കണമെന്നും നിയുക്ത കാവൽ ഭടന്മാരെ ഉപദേശിക്കാൻ യസീദ് മറന്നില്ല. ഇബ്നു കസീർ വിലയിരുത്തുന്നു: “ ഹുസൈൻ കുടുംബം ആദരിക്കപ്പെട്ടു. അവർക്ക് നഷ്ടപ്പെട്ടതും അതിലേറെയും തിരിച്ചുകൊടുത്തു. അവരെ മദീനയിലേക്ക് സർവ്വ ബഹുമാനത്തോടെയും സജ്ജീകരണങ്ങളോടെയും തിരിച്ചയച്ചു. ഹുസൈൻറെ അഭാവത്തിൽ ബന്ധുക്കൾ വിലപിച്ചു...” (14)

കർബലക്ക് ശേഷം അഹ്ലുൽബൈത്തിന് യസീദിൽ നിന്നും ഉണ്ടായ അനുഭവങ്ങൾ അവർ തന്നെ അനുസ്മരിച്ചത് വിശദമായി ഉദ്ധരിച്ച ശേഷം ഇബ്നു ത്വൂലൂൻ പ്രസ്താവിച്ചു: ഇതെല്ലാം വിശ്വസ്തരായ മുഹദ്ദിസുകൾ ഉദ്ധരിച്ചവയാണ്. എന്നാൽ, അബൂ മിഹനഫ് പോലുള്ള റാഫിദികൾ പ്രചരിപ്പിക്കുന്നവ ഗൌനിക്കരുത്. ഈ സംഭവം സത്യസന്ധമായി റിപ്പോർട്ട് ചെയ്ത ഹാഫിള് ഇബ്നു അബിദുൻയാ യെ പ്പോലുള്ളവരെ മാത്രം അവലംബിക്കുക.” (15)

കർബല ദുരന്തം കഴിഞ്ഞു അടുത്തവർഷം ഹിജറ 62 ൽ, അഹ്ലുല്ബൈത്ത് പ്രമുഖനും അലി റ ൻറെ പുത്രനുമായ അബുൽഖാസിം മുഹമ്മദ് ബിൻ ഹനഫിയ്യ റ യസീദിന്റെ ക്ഷണപ്രകാരം അവിടെ സന്ദർശിച്ചത്, ഇരുപക്ഷവും തമ്മിലുള്ള കർബലാനന്തര അടുപ്പം വ്യക്തമാക്കുന്ന മികച്ച ഉദാഹരണമാണ്. യസീദ് അന്ത്യസമയത്ത് "അല്ലാഹുവേ, ഞാൻ ഇഷ്ടപ്പെടാത്തതും

ഉദ്ധേശിക്കാത്തതുമായ സംഭവങ്ങൾ കാരണം നീഎന്നെ ശിക്ഷിക്കരുതേ, ഇബ്നുസിയാദും ഞാനും തമ്മിലുള്ള പ്രശ്നങ്ങളിൽ നീ വിധിതീർപ്പാക്കണേ" എന്നിങ്ങനെ പ്രാർത്ഥിച്ചതായി വന്നിട്ടുണ്ട്. ഇബ്നു അസാകിർ ÃĤÎ Ä രേഖപ്പെടുത്തുന്നു: ബഹ്റൈനിയിലെ ഖാസിയായിരുന്ന അബുൽ ഫള്ൽ യസീദിനെ സ്വപ്നം കണ്ടു. "നിനക്ക് ഹുസൈൻ വധത്തിൽ പങ്കുണ്ടോ?"

'ഇല്ല".

"നിനക്ക് അല്ലാഹു പൊറുത്തു തന്നുവോ?"

"അതെ, എന്നെ അവൻ സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചു"..

ഇബ്നുൽ ജൌസി, അല്ലാമാ തഫ്താസാനി, സുയൂത്വി, ആലൂസി തുടങ്ങിയ പ്രമുഖരായ പല ഉലമാക്കളും യസീദിനെ പ്രതിസ്ഥാനത്തു നിർത്തുന്നുവെങ്കിലും , ഹുസൈൻ തങ്ങളുടെ വധത്തിൽ യസീദിന് നേർക്കുനേർ പങ്കില്ലായിരുന്നുവെന്ന ചരിത്രവിധിതീർപ്പ് പ്രബലമാണ്. ഹുസൈൻ തങ്ങളുടെ ഘാതകൻ എന്ന നിലക്ക് യസീദിനെതിരെ ശാപ പ്രാർത്ഥന അനുവദനീയമോ എന്ന അന്വേഷണത്തിന് ഇമാം അബൂ ഹാമിദ് അല്ഗസ്സാലി റഹി ശാപം അരുതെന്ന് പ്രതികരിക്കുവാനുള്ള ന്യായം, വധത്തിൽ യസീദ് പങ്കെടുത്തതായോ അതിനു കല്പിച്ചുവെന്നോ വധിക്കപ്പെട്ടത് അറിഞ്ഞപ്പോൾ അതിൽ സംതൃപ്തി പ്രകടിപ്പിച്ചതോ ചരിത്രത്തിൽ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല എന്ന സംഗതിയാണ്.(17.)ഇമാം ഗസാലിയുടെ ഈ ഫതവ ഇമാം ഇബ്നു ഹജറിന്റെ മുമ്പാകെ പരിശോധനക്ക് വെച്ചപ്പോൾ, അദ്ദേഹവും അതേ ന്യായങ്ങൾ അംഗീകരിച്ചുകൊണ്ട് ഗസാലിയെ പിന്തുണച്ചു.(18). യസീദിനെയും സഹായികളെയും ശപിച്ച അല്ലാമാ തഫ്താസാനിയുടെ നിലപാട് വിശകലനം ചെയ്തുകൊണ്ട് അല്ലാമ അബ്ദുൽ അസീസ് ഫർഹാറവി 'നിബ്രാസി'ൽ പറയുന്നു: " തഫ്താസനിയുടെ നിലപാട് തഹ്ഖീഖിനു വിരുദ്ധമാണ്; (ശാപം ഒഴിവാക്കുകയെന്ന നിലപാടാണ് തഹ്ഖീഖ്.) അതിനാൽ ഈ തഹ്ഖീഖ് താങ്കൾ കരുതിവെക്കുക. മതത്തിൻറെ ഖവാഇദ് പരിഗണിക്കാത്തവരുടേയും യസീദിനെ ശപിക്കുന്നത് തടയുന്നവരെ ഖാരിജിയായി വിധി പ്രഖ്യാപിക്കുന്നവരുടേയും ഗണത്തിൽ താങ്കൾ പെട്ടുപോകണ്ട'.

യസീദിന്റെ ഇക്കാര്യത്തിലുള്ള നിരപരാധിത്വം സ്ഥിരീകരിക്കുന്ന പ്രധാന സംഗതി ഹുസൈൻറെ സഹോദരൻ അബുൽ ഖാസിം മുഹമ്മദ് യസീദിനെ അടുത്തവർഷം സന്ദർശിച്ചതുതന്നെയാണെന്ന് അല്ലാമ സബീദി ഇത്ഹാഫിൽ വിവരിക്കുന്നു. അബുൽഖാസിം മുഹമ്മദ് റ കടന്നുവന്നപ്പോൾ യസീദ് കഴിഞ്ഞ വർഷം ഉണ്ടായ ദാരുണമായ സംഭവത്തിൽ തനിക്ക് യാതൊരു പങ്കുമില്ലെന്ന് അദ്ദേഹത്തെ അറിയിച്ചു.യസീദ് പറഞ്ഞു:

“ഞാൻ ഉണ്ടായിരുന്നെങ്കിൽ സംഭവിച്ചതൊന്നും സംഭവിക്കില്ലായിരുന്നു”. അപ്പോൾ അലിയാരുടെ പുത്രൻ മുഹമ്മദ് പ്രതിവചിച്ചു: ‘എൻറെ പ്രിയ സഹോദരനെ കുറിച്ച് നല്ലത് മാത്രം കേൾക്കാൻ ഞാനിഷ്ടപ്പെടുന്നു. താങ്കൾ അവിടെ ഉണ്ടായിരുന്നുവെങ്കിൽ അതൊന്നും സംഭവിക്കില്ലായിരുന്നു എന്ന കാര്യത്തിൽ എനിക്കൊട്ടും സന്ദേഹമില്ല. എന്നാൽ, ഓരോരുത്തർക്കുമുള്ള ആയുസ്സ് രേഖപ്പെട്ടു കഴിഞ്ഞതാണല്ലോ.” ഇബ്നു അബ്ദിൽ ബർർ തൻറെ തംഹീദിൽ സ്വഹീഹായ റിപ്പോർട്ട് സഹിതം, ഹുസൈൻ തങ്ങളെ അന്വേഷിച്ച് കണ്ടെത്തി പിടിച്ചു തൻറെ അടുക്കൽ കൊണ്ടുവരാൻ മാത്രമേ യസീദ് കല്പ്പിച്ചിട്ടുള്ളൂ എന്ന് പ്രസ്താവിക്കുന്നു. അതിനാൽ വധക്കുറ്റം യസീദിനുമേൽ ചുമത്താൻ ന്യായമില്ലെന്ന പക്ഷമാണ് അദ്ദേഹത്തിന്റേത്. അഹ്ലുൽബൈത്ത് അംഗം കൂടിയായ അല്ലാമാ സയ്യിദ് സബീദി റ തുടരുന്നു: “ ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ തൻറെ കിതാബുൽ ഫുർഖാനിൽ പറഞ്ഞതിൻറെ ചുരുക്കം ഇതാണ്: ഹുസൈനെ വധിക്കാൻ യസീദ് കല്പിക്കുന്നതുമായി ബന്ധപ്പെട്ട് വന്ന റിപ്പോർട്ടുകളൊന്നും സ്ഥിരപ്പെട്ടതല്ല. നിശ്ചയമായും അദ്ദേഹത്തിൻറെ വധം, അത് ഇബ്നു സിയാദിന്റെ സ്വന്തം തീരുമാനമാണ്.” (19) ഹുസൈൻ വധത്തിൽ യസീദിന് പങ്കുണ്ടെന്ന തരത്തിലുള്ള അബ്ബാസീ കാലത്തെ പ്രചാരണത്തിന് വേണ്ടപോലെ പിടിച്ചുനിൽക്കാൻ ആകില്ലെന്നാണ് മനസ്സിലാകുന്നത്.

ഹർറ കാലത്ത് യസീദും അഹ്ലുൽബൈത്തും

==

ഹിജ്റ 63 ൽ ഉണ്ടായ ദൗർഭാഗ്യകരമായ ഹർറ ദുരന്തസമയത്ത് യസീദ് അഹ്ലുൽബൈത്തിനോട് കാണിച്ച ബഹുമാനം പ്രസ്താവ്യമാണ്. മദീനയിൽ യസീദ് ഗവർണർ ആയി നിയമിച്ച ഉസ്മാൻ ബിൻ മുഹമ്മദ് ബിൻ അബീ സുഫയാൻ ഭരണ നൈപുണ്യം ഒട്ടും ഇല്ലാത്ത ചെറുപ്പക്കാരൻ ആയിരുന്നു. അതിൽ പ്രതിഷേധിച്ച് അബ്ദുല്ലാഹി ബിൻ ഹന്ളല, മുൻദിർ ബിൻ സുബൈർ, തുടങ്ങിയ മദീനയിലെ പൌരപ്രമുഖരിൽ ചിലർ ദമാസ്കസിൽ പോയി പരാതിപ്പെട്ടു.അവരെ യസീദ് മാന്യമായി സ്വീകരിക്കുകയും വലിയ പാരിതോഷികങ്ങൾ നൽകി ആദരിക്കുകയും അവരുടെ പരാതി സ്വീകരിക്കുകയും ചെയ്തു. അവർ മദീനയിൽ വന്ന് ചില ‘രഹസ്യങ്ങൾ’ പറഞ്ഞുപരത്താൻ തുടങ്ങി. “അറിയുമോ!ഞങ്ങൾ വരുന്നത് ദീൻ ഒട്ടും പുലർത്താത്ത, മദ്യപാനിയായ, വീണ വായിച്ചു രസിക്കുന്ന, തൻറെ മുന്നിൽ നൃത്തം വെക്കുന്ന നർത്തകികളെ ആസ്വദിക്കുന്ന, നായകളുമായി വിനോദത്തിൽ മുഴുകുന്ന, കള്ളന്മാർ കൂടെ അന്തിയുറങ്ങുന്ന ഒരു

മനുഷ്യൻറെ അരികിൽ നിന്നാകുന്നു.. ഞങ്ങൾ അയാളുമായുള്ള ഉടമ്പടി പിൻവലിക്കുകയാണ്." ഇബ്നു ഹന്ളല പറഞ്ഞു: അത് സ്ഥിരീകരിക്കാൻ മാത്രമാണ് ഞാൻ അയാളുടെ സമ്മാനം സ്വീകരിച്ചത്". ഇബ്നു സുബൈർ കൂട്ടിച്ചേർത്തു: നിശ്ചയം, അയാൾ എനിക്ക് ഒരു ലക്ഷം പണം തന്നിട്ടുണ്ട്. അയാൾ എന്നോട് നല്ല നിലയിൽ ഇടപഴകി എന്നത്, ഞാൻ കണ്ട കാര്യം പറയുന്നതിൽ എന്നെ തടയില്ല. ഞാൻ നിങ്ങളോട് സത്യം ചെയ്തു പറയുന്നു, അയാൾ മദ്യപിക്കാറുണ്ട്. അല്ലാഹുവാണ , നിസ്കാരം പോലും ഉപേക്ഷിക്കേണ്ട പരുവത്തിൽ അയാൾ കുടിച്ചു ലക്കുകെടാറുണ്ട്."

ഈ വാർത്ത പക്ഷേ, ഏതാനും മാസങ്ങൾക്കു മുമ്പ് യസീദിനെ സന്ദർശിച്ച അഹ്‌ലുൽബൈത്ത് പ്രമുഖൻ മുഹമ്മദ് ഇബ്നുൽ ഹനീഫിയ്യ നിഷേധിക്കുന്നുണ്ടായിരുന്നു. ഇബ്നു സുബൈറിന്റെ അനുയായികളിൽ പെട്ട അബ്ദുല്ലാ ബിൻ മുത്വീഉം സംഘവും മുഹമ്മദ് റ നെ സമീപിച്ചു യസീദുമായുള്ള ബൈഅത്ത് പിൻവലിക്കുന്ന കാര്യം അറിയിച്ചപ്പോൾ അദ്ദേഹം അതിനു സമ്മതിച്ചില്ല. "അവൻ ശാരിബുൽ ഖംറും താരികുസ്സ്വലാത്തും ശരീഅത്ത് നിയമങ്ങളെ അതിർലംഘിക്കുന്നവനുമാണ്", ഇബ്നുൽ മുത്വീഉം സംഘവും തങ്ങളുടെ കാരണം വ്യക്തമാക്കി. കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ മാത്രം അതെല്ലാം ഏറ്റു പിടിക്കുന്നവരോട് മുഹമ്മദ് റ പറഞ്ഞു: "നിങ്ങളിപ്പറയുന്നതൊന്നും ഞാൻ അയാളിൽ കണ്ടിട്ടില്ല. ഞാൻ അവിടെ പോയ ആളാണ്. അവിടെ ദിവസങ്ങളോളം പാർക്കുകയും ചെയ്തിട്ടുണ്ട്. അപ്പോഴെല്ലാം യസീദ് കൃത്യമായി നിസ്കരിച്ചിരുന്നു, ഖൈറായ കാര്യങ്ങളിൽ ആവേശം കാണിച്ചിരുന്നു. മതപരമായ അറിവുകൾ ചോദിച്ചു പഠിച്ചിരുന്നു, സുന്നത്ത് നിഷ്ഠയോടെ പാലിച്ചിരുന്നു... ഇതെല്ലാമാണ് എൻറെ അനുഭവം". അപ്പോൾ അവർ പറഞ്ഞു: "അതെല്ലാം അങ്ങയുടെ മുന്നിൽ കൃത്രിമമായി കാണിച്ചതായിരിക്കണം." മുഹമ്മദ് റ അവരെ ഇങ്ങനെ ചിന്തിപ്പിച്ചു: " ഭക്തി കാണിച്ച് എന്നെ ഭയക്കുകയോ ത്രിപ്തിപ്പെടുത്തുകയോ ചെയ്യേണ്ട കാര്യമെന്താണ് യസീദിന്നു? എന്നിട്ട് നിങ്ങളുടെ മുമ്പാകെ അയാൾ മദ്യപിക്കുകയും മറ്റും ചെയ്തുവെന്നോ?! അപ്പോൾ നിങ്ങളുടെ മുന്നിൽ അതെല്ലാം ചെയ്തുവെങ്കിൽ നിങ്ങളും അതിൽ പങ്കാളികൾ ആയല്ലോ! അല്ല, നിങ്ങൾ അതൊന്നും കണ്ടിട്ടില്ലെങ്കിൽ നിങ്ങൾക്കറിയാത്ത കാര്യങ്ങൾക്ക് നിങ്ങളെന്തിന് സാക്ഷിനിൽക്കണം.? അപ്പോഴും അവർ പറഞ്ഞു, 'ഞങ്ങൾ കണ്ടിട്ടില്ലെങ്കിലും അതെല്ലാം സത്യമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.' മുഹമ്മദ് റ അവസാനമായി പറഞ്ഞു: "നിങ്ങളുടെ ഈ

വിപ്ലവത്തിന് ഞാനില്ല" . അവർ വിട്ടില്ല. താങ്കൾ പിതാവിനുവേണ്ടി യുദ്ധം ചെയ്തിരുന്നല്ലോ എന്നായി അവരുടെ ചോദ്യം. 'അതെ, പിതാവിനെപ്പോലത്തെ ഖലീഫയെ തരൂ, ഞാനും ഇറങ്ങാം' അവർ പ്രതികരിച്ചു. മകൻ ഖാസിമിനെ വിട്ടുകൊടുക്കണം എന്നായി. അതിനും സമ്മതിച്ചില്ല. എന്നാൽ, താങ്കൾ ഇറങ്ങിയില്ലെങ്കിൽ വേണ്ട, ജനങ്ങളെ യുദ്ധത്തിനു പ്രേരിപ്പിക്കുന്ന ഒരു 'സാന്നിധ്യം' ഉണ്ടായാൽ മതി എന്ന് പറഞ്ഞു നോക്കി. അപ്പോൾ അദ്ദേഹം പറഞ്ഞു: " സുബ്ഹാനല്ലാഹ്! ഞാൻ ചെയ്യാത്ത ഒരു കാര്യത്തിനു ജനങ്ങളെ പ്രേരിപ്പിക്കാൻ എന്നെ കിട്ടില്ല." ഒടുവിൽ അവർ പറഞ്ഞു: "ഞങ്ങൾ നിങ്ങളെ വെറുക്കുന്നു". അദ്ദേഹം പറഞ്ഞു: " എങ്കിൽ, അല്ലാഹുവിനെ ഭയന്ന് ജീവിക്കാൻ ഞാൻ ജനങ്ങളെ ഉപദേശിക്കുന്നു; സ്രഷ്ടാവിൻറെ വെറുപ്പ് സമ്പാദിച്ച് സൃഷ്ടികളുടെ ഇഷ്ടം തേടരുതെന്നും അവരെ ഉണർത്തുന്നു" (20)

മുഹമ്മദ് റ യസീദിനെ സന്ദർശിച് തിരിച്ചുപോരുന്ന സമയത്ത് അവർ തമ്മിൽ നടന്ന ഒരു സംഭാഷണം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. യസീദ് പറഞ്ഞു: " അബുൽ ഖാസിം, എന്നിൽ നിന്നും അനിഷ്ടകരമായ വല്ല സ്വഭാവ ദൂഷ്യവും താങ്കൾ കണ്ടുവെങ്കിൽ അത് പറയുകയും അതുപേക്ഷിക്കാൻ എന്നെ അനുവദിക്കുകയും ചെയ്യണേ". അപ്പോൾ അബുൽഖാസിം റ പ്രതിവചിച്ചു: " അങ്ങനെ വല്ല തെറ്റും ഞാൻ കണ്ടിരുന്നുവെങ്കിൽ അതപ്പോൾ തന്നെ തടയുകയാണ് എൻറെ രീതി. അല്ലാഹുവിൽ സത്യം, ഞാൻ പറയട്ടെ, ജനങ്ങൾക്ക് സത്യം വെളിപ്പെടുത്താതിരുന്നാൽ അല്ലാഹു ജ്ഞാനികളെ പിടികൂടുമല്ലോ. ഞാൻ താങ്കളിൽ നിന്നും ഖൈർ അല്ലാത്ത ഒന്നും തന്നെ കണ്ടിട്ടില്ല" (21)

ഇമാം അബൂ ജഅഫർ അൽബാഖിർ റ പറയുന്നു: "ആല് ത്വാലിബിൽ പെട്ടവരോ ബനൂ അബ്ദിൽ മുത്വലിബിൽ പെട്ടവരോ ആയ ഒരാളും ഹർറ യുദ്ധത്തിൽ പങ്കെടുത്തിട്ടില്ല" (22). എന്നാൽ, മദീനക്കാർ അഹ്ലുൽബൈത്തിന്റെ സാക്ഷ്യത്തെയല്ല മുഖവിലക്കെടുത്തത്. അവർ മറ്റു പ്രചാരണങ്ങൾ കേട്ടു പ്രകോപിതരായി.. അവർ യസീദുമായുള്ള ഉടമ്പടി പിൻവലിച്ചതായി പ്രഖ്യാപിച്ചു. യസീദിന്റെ ഗവർണറെ പുറത്താക്കി, 'സ്വകാര്യ വാർത്ത' വിളംബരം ചെയ്ത അബ്ദുല്ലാ ബിൻ ഹന്ളലയെ ബൈഅത്ത് ചെയ്തു. മദീനയിൽ മർവാന്റെ വീട്ടിൽ പാർത്തിരുന്ന ബനൂ ഉമയ്യത്തുകാരെ ഉപരോധിച്ചു. അവർ യസീദിന്റെ സഹായം തേടി. അക്കാലത്തെ ഏറ്റവും ഉയർന്ന ജ്ഞാനിയായ ഇബ്നു ഉമർ റ വും ബൈഅത്ത് പിൻവലിക്കാൻ കൂട്ടാക്കിയില്ല. ഇബ്നു ഉമർ റ തൻറെ വീട്ടുകാരെ വിളിച്ചുകൂട്ടി ഇങ്ങനെ ഉണർത്തി:

നിശ്ചയമായും നാം യസീദിന്നു ബൈഅത്ത് ചെയ്തതാണല്ലോ. അല്ലാഹുവിൻറെയും തിരുദൂതരുടെയും മാർഗ്ഗത്തിലുള്ള ഉടമ്പടിയായിരുന്നു അത്. “വഞ്ചകനെ വഞ്ചിച്ച വസ്തുവുമായി അന്ത്യനാളിൽ കൊണ്ടുവരുമെന്ന്” അല്ലാഹുവിൻറെ റസൂൽ സ്വ പ്രസ്താവിച്ചത് ഞാൻ കേട്ടിട്ടുണ്ട്. വഞ്ചനയിൽ ഏറ്റവും കടുപ്പമേറിയത് അല്ലാഹുവിൽ പങ്കു ചേർക്കൽ ആകുന്നു... നിങ്ങളാരും തന്നെ യസീദിന്നുള്ള ബൈ അത്ത് പിൻവലിക്കരുത്. ഇക്കാര്യത്തിൽ നിങ്ങൾ ആരും തന്നെ പങ്കെടുക്കരുത്. നാമും യസീദും ഇക്കാര്യത്തിൽ ‘യുദ്ധമില്ലാകരാറിൽ’ ആകുന്നു..” (23)

ഒരു ഖലീഫയെ സംബന്ധിച്ചിടത്തോളം ഭീകരവും ഗൌരവതരവുമായ പ്രശ്നങ്ങളാണ് അവിടെ ഉണ്ടായത്. ഖലീഫയുടെ വ്യക്തിത്വം കളങ്കപ്പെട്ടു, അയാളെ കുറിച്ച് ആരോപണങ്ങൾ പരത്തി, മാന്യവും സമുചിതവുമായി ആദരിച്ചു പറഞ്ഞയച്ചവർ തന്നെ അത് ചെയ്തു, അവർ ബൈഅത്ത് പിൻവലിച്ചു, ഗവർണറെ പുറത്താക്കി, ആരോപകനെ ത്തന്നെ നാട്ടുഭരണം ഏല്പിച്ചു, പുറമേ ബനൂ ഉമയ്യക്കാരെ ഉപരോധിച്ചു. സ്വാഭാവികമായും എന്താണ് സംഭവിക്കുക?! വാർത്ത ലഭിച്ചയുടൻ പന്ത്രണ്ടായിരം പേരടങ്ങുന്ന ഒരു വൻ പടയെ മുസ്ലിം ബിൻ ഉഖ്ബയുടെ നേതൃത്വത്തിൽ മദീനയിലേക്ക് വിട്ടു. “മൂന്നു തവണ അവരെ വിളിക്കുക. അനുസരിച്ചാൽ വിട്ടേക്കുക. അല്ലാത്തപക്ഷം, യുദ്ധം ചെയ്യുക. മൂന്നു നാൾ എല്ലാം പിടിച്ചടക്കാം. സമ്പത്തും മൃഗങ്ങളും ആയുധവും ഭക്ഷണവും സൈന്യത്തിനെടുക്കാം. മൂന്നു ദിവസം പിന്നിട്ടാൽ പിന്നെ ജനങ്ങളെ വിട്ടേക്കുക. ഹർറ എന്ന മദീനയുടെ അരികത്തുള്ള ഗ്രാമത്തിൽ വെച്ച് ഘോര പോരാട്ടം നടന്നു. ഹിജ്റ അറുപത്തി മൂന്നിൽž മദീനയുടെ പക്ഷത്തു നിന്ന ഏതാനും സ്വഹാബികളും കുറെ താബിഉകളും അവിടെ കൊല്ലപ്പെട്ടു. ഉമ്മുൽ മുഉമിനീൻ ഉമ്മു സലമ റ മരണപ്പെടുന്നത് ആ സമയത്താണ്. നബി സ്വ യുടെ വിശുദ്ധ ഹറമിൻറെ ബഹുമാനം തകർക്കുന്നതായിരുന്നു പട്ടാളത്തിന്റെ മൂന്നുദിവസത്തെ പരാക്രമണം. എന്നാൽ, ആഹ്ലുൽബൈത്തിൽ പെട്ട ആരെയും ദ്രോഹിച്ചില്ല. അവർ ആരും മദീനയുടെ പക്ഷത്ത് ചേർന്ന് ആയുധമണിഞ്ഞിരുന്നില്ല. അന്നവിടെ മുഹമ്മദ് ബിൻ അലി, അലി സൈനുൽ ആബിദീൻ, അബുല്ലാഹി ബ്നു ജഅഫർ തുടങ്ങിയ പ്രമുഖ അഹ്ലുൽ ബൈത്ത് അംഗങ്ങൾ ഉണ്ടായിരുന്നു. യസീദിന്റെ പ്രത്യേക കല്പനയുണ്ടായിരുന്നു, അലി സൈനുൽ ആബിദീൻ തുടങ്ങിയവരെ സംരക്ഷിക്കാനും അവരോടു നല്ല നിലയിൽ വർത്തിക്കാനും അവരെ മറ്റു ജനങ്ങളുടെ കൂട്ടത്തിൽ അകപ്പെടുത്താതിരിക്കാനും. ഇമാം അബൂ ജഅഫർ റ പറഞ്ഞു: “യസീദ് സൈന്യത്തിൻറെ അമീർ

മുസ്ലിം ബിൻ ഉഖ്ബ എൻറെ പിതാവിനെ ആദരിക്കുകയും അയാളുടെ മജ്ലിസിൽ സംരക്ഷിക്കുകയും ചെയ്തു. സുരക്ഷാ പത്രം നൽകുകയും ചെയ്തു." (24).

അഹ്ലുൽ ബൈത്തിൻറെ വേരു പിഴുതെറിയണം എന്ന ദുഷ്ടലാക്ക് ബനൂ ഉമയ്യത്തിനോ യസീദിനോ ഉണ്ടായിരുന്നെങ്കിൽ , കർബലയിൽ 'രക്ഷപ്പെട്ട' അവശേഷിക്കുന്ന ഏതാനും പേരെ നിഷ്പ്രയാസം മദീനയിലെ ആ നരനായാട്ടിൽ അവസാനിപ്പിക്കാമായിരുന്നു. എന്നാൽ, മുആവിയയുടെ മകൻ യസീദ് അവർക്ക് പ്രത്യേകം സംരക്ഷണം ഉറപ്പുവരുത്തുകയായിരുന്നു. പിന്നീട് മക്കയിൽ ഇബ്നു സ്സുബൈറിനെതിരെ പട്ടാളത്തെ ഇറക്കിയപ്പോഴും അഹ്ലുൽബൈത്തിൽ പെടുന്നവരെ അപായപ്പെടുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചതുകാണാം. കർബലയിൽ സംഭവിച്ചത് ഒരബദ്ധമായിരുന്നുവെന്ന് -ചുരുങ്ങിയത്, അതിൽ കുറ്റബോധം ഉണ്ടായി എന്നെങ്കിലും- മദീനയിലെയും മക്കയിലെയും യസീദിന്റെ സൈനിക നടപടികൾ വ്യക്തമാക്കുന്നുണ്ട്. എന്നാൽ, പുണ്യ മദീനയിൽ അഴിഞ്ഞാടാൻ പട്ടാളത്തെ അനുവദിച്ചത്, യസീദിന്നു മേൽ മായാതെ കിടക്കുന്ന മഹാ അപരാധമാണ്.

കർബലയിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടും അവർക്കെതിരെ യസീദ് നിയമ നടപടികൾ എടുത്തില്ല എന്നപ്രശ്നം അവശേഷിക്കുന്നു. ഇബ്നു സിയാദിനെ എന്തുകൊണ്ട് യസീദ് പ്രതിക്രിയക്ക് വിധേയമാക്കിയില്ല? ഉസ്മാൻ റ ൻറെ ഘാതകരെ, തൻറെ സൈന്യത്തിൽ ഉന്നത സ്ഥാനത്ത് ഉണ്ടായിരുന്നിട്ടും അവരെ 'അത്ര പെട്ടന്ന് കോടതി കയറ്റാൻ' രാഷ്ട്രീയ സാഹചര്യം സമ്മതിദുനാ അലി റ നെ അനുവദിക്കാതിരുന്ന പോലെ എന്തെങ്കിലും 'രാഷ്ട്രീയരഹസ്യം' അതിനു പിന്നിൽ ഉണ്ടായിരിക്കാമെന്നെ നമുക്ക് പറയാനാകൂ. എന്നാലും യസീദ് എന്തെങ്കിലും ചെയ്യാത്തതിൽ അഹ്ലുൽബൈത്തിനെ സ്നേഹിക്കുന്നവർക്ക് ശക്തമായ പ്രതിഷേധം ഉണ്ടാവുക സ്വാഭാവികം. വിശിഷ്യാ, ഉസ്മാൻ റ നെ വധിച്ചവരേ ഉടൻ നിയമനടപടികൾക്ക് വിധേയമാക്കണമെന്ന ആവശ്യം ഉന്നയിച്ച് അലി റ നോട് വിയോജിക്കുകയും യുദ്ധം പോലും നയിക്കുകയും ചെയ്ത മുആവിയയുടെ മകൻ എന്ന നിലക്ക് യസീദിൽ നിന്നും അത് പ്രതീക്ഷിച്ചതായിരുന്നു.

അലിയുടെ കാലത്തും യസീദിന്റെ കാലത്തും ഇറാഖികൾ അഥവാ കൂഫക്കാർ തന്നെയായിരുന്നു ഇസ്ലാമിക രാഷ്ട്രത്തിന് മഹാഭീഷണി. ഹുസൈൻ തങ്ങളെ കത്തെഴുതി വരുത്തിയ 'വീരന്മാർ' അടക്കമുള്ള കൂഫക്കാരായിരുന്നു ഇബ്നു സിയാദിന്റെ പട്ടാളക്കാരിൽ

ഏറിയപങ്കും. അവരാണ് ഇബ്നു സിയാദിനെപ്പോലും തെറ്റിദ്ധരിപ്പിച്ച് വധകല്പന തരപ്പെടുത്തിയതും സൈന്യാധിപനായ ഉമർ ബിൻ സഅദിനേക്കൾ വലിയ രാജഭക്തി' കാട്ടി യുദ്ധത്തിന് ധൃതികാണിച്ചതും ഹുസൈൻ തങ്ങളോടും കുടുംബത്തോടും മൃഗീയമായി പെരുമാറിയതും.. അലിയുടെ കൂഫയിലെ ഭാര്യ ഉമ്മുൽ ബനീൻ എന്നവരുടെ പിതൃ സഹോദരനാണല്ലോ കർബലയിലെ പ്രധാന വില്ലൻ ശമിർ ബിൻ ജൌശൻ്ž അയാളുടെ 'സ്വകാര്യനീക്കങ്ങൾ' ഇല്ലായിരുന്നെങ്കിൽ കർബല എന്ന ദാരുണ ചരിത്രം പോലും സംഭവിക്കില്ലായിരുന്നു എന്ന് ചരിത്രം വിലയിരുത്തുന്നു.. എല്ലാം അല്ലാഹുവിൻറെ വിധി.

യസീദ് : ഭരണം , വ്യക്തിത്വം..

===========================

യസീദിന്റെ മറ്റു ഭരണ വൈകല്യങ്ങളും പറയപ്പെടുന്ന അധാർമികതയുമാണ് വേറെ ചിലരെ ചൊടിപ്പിച്ചിട്ടുള്ളത്. ശരിയാണ്, പിതാവ് പ്രതീക്ഷിച്ച നിലവാരത്തിലേക്കുയരാൻ യസീദിന്നു ഒട്ടും സാധിച്ചിട്ടില്ല. തൻറെ സൈന്യാധിപരും ഗവർണർമാരും തൻറെ പ്രതീക്ഷക്ക് വിരുദ്ധമായി "പട്ടാളഭരണം' നടത്തിയത് യസീദിനു ചീത്തപ്പേരുണ്ടാക്കി. അധികാരത്തിൽ കയറിയ ഒന്നാം വർഷത്തിലെ ദാരുണമായ കർബല, രണ്ടാം വർഷത്തിൽ തിരുനബിയുടെ വിശുദ്ധ ഹറമിൽ ചോര വീഴ്ത്തിയ ഹർറ സംഭവം, മൂന്നാം വർഷത്തിൽ വിശുദ്ധ കഅബാലയത്തിന് കേടുവരുത്തുമാർ പട്ടാളം അവിടെ സായുധപ്പടയോട്ടം നടത്തിയത്, മൂന്നര വർഷത്തെ യസീദ് ഭരണത്തിൻറെ നിറം കെടുത്തിക്കളഞ്ഞു. തൻറെ ഇമാറത്ത് അംഗീകരിക്കാത്തവരുമായുള്ള തുടർച്ചയായ ഈ ഭീകരയുദ്ധങ്ങൾ നിമിത്തം യസീദ് ഒരു ക്രൂരനായി ചിത്രീകരിക്കപ്പെട്ടു. അദ്ദേഹത്തെ പലരും 'അമീറുൽ മുഉമിനീൻ' എന്ന് വിളിക്കാൻ മടിച്ചു. ബനൂ ഉമയ്യക്കാരൻ തന്നെ ആയിരുന്ന ഉമർ ബിൻ അബ്ദിൽ അസീസ് റഹി, യസീദിനെ അങ്ങനെ വിളിച്ചയാളെ ശിക്ഷിച്ചുവത്രെ. അതേസമയം, ബനൂ ഉമയ്യ തരിപ്പണമായ ശേഷം, പ്രസിദ്ധനായ ഹദീസ് വക്താവ് ലൈസ് റഹി (മ. ഹി. 147)യും, ഒമ്പത്- പത്ത് നൂറ്റാണ്ടിൽ ജീവിച്ച ഹദീസ് വിദഗ്ദൻ ഇബ്നു ത്വൂലൂൻ റഹി ഖൈളരീദിലും അദ്ദേഹത്തെ 'അമീറുൽ മുഉമിനീൻ' എന്ന് വിശേഷിപ്പിക്കുന്നു. (സയ്യിദ്നാ അലി സൈനുൽ ആബിദീൻ യസീദിനെ പരാമർശിക്കുമ്പോൾ 'അമീറുൽ മുഉമിമിനീൻ്എന്ന് വിശേഷിപ്പിച്ചത് മുകളിൽ വന്നിട്ടുണ്ട്)

യസീദിന്റെ ഭരണ കാലത്ത് കാര്യപ്രസക്തമായ മുന്നേറ്റങ്ങൾ ഉണ്ടായില്ല. ആഭ്യന്തര കലഹങ്ങളിൽ മുഴുകേണ്ടി വരുമ്പോൾ സ്വാഭാവികമായും അതിർത്തി വികസിപ്പിക്കുന്നതിൽ ശ്രദ്ധ കുറയുമെന്നതിനു സയ്യിദുനാ അലി റ വിൻറെ ഖിലാഫത്ത് കാലം തന്നെ മികച്ച ഉദാഹരണം. ഭരണ പരാജയത്തിനപ്പുറം അയാളുടെ വ്യക്തിത്വവും ചോദ്യം ചെയ്യപ്പെട്ടു. അയാൾ മദ്യപാനിയാണ്, നർത്തകികളെ ആസ്വദിക്കുന്നവനാണ്. നിസ്കരിക്കാറില്ല.. തുടങ്ങിയ ആരോപണങ്ങൾ പല കോണുകളിൽ നിന്നും ആവർത്തിച്ചു കേൾക്കുന്നു. അബ്ബാസി ഭരണ കാലത്ത് എഴുതപ്പെട്ട ചില ചരിത്ര കൃതികളും എക്കാലത്തെയും റാഫിദീ പക്ഷം ചേർന്നുള്ള ചരിത്ര രചനകളും ഇവയെ സംശോധന ചെയ്യാതെ പകർത്തുന്ന പിൽകാല രചനകളും യസീദ് എന്ന ഭീകര ഭരണാധികാരിയെ കടുത്ത ഭാഷയിൽ ആക്ഷേപിച്ചു. ഇവ വായിക്കുന്ന സകലരും അയാളെ ശപിച്ചു. മനസാ വെറുത്തു. ഇബലീസിനു ശേഷം ഏറ്റവുമേറെ ശാപം കേൾക്കുന്നത് ഒരു പക്ഷേ യസീദ് ആയിരിക്കാം. ഉന്നതരായ ഉലമാക്കൾ വരെ യസീദിനെ അയാളുടെ അധാർമികതയും ക്രൂരതയും സ്മരിച്ച് അയാൾ ഫാസിഖും മാരിഖും ആണെന്നു വിധിച്ച് ശപിക്കുന്നവരിൽ ഉണ്ട്. പ്രസിദ്ധനായ അബുൽ ഫറജ് ഇബ്നുൽ ജൌസി യസീദിനെ ശക്തമായി ആക്ഷേപിക്കുന്നുണ്ട്, തൻറെ റദ്ദ് അലാ മനഅ' യിൽ‍അക്കാലത്തെ ഖലീഫ പങ്കെടുത്ത ഒരു സദസ്സിൽ വെച്ച്, യസീദിനെ ശപിക്കാമോ' എന്ന ചോദ്യം വന്നപ്പോൾ ശപിച്ചു കേൾപിച്ചുകൊടുത്ത ഇബ്നുൽ ജൗസിയുടെ തീവ്ര നിലപാടിനെ ചോദ്യം ചെയ്തുകൊണ്ട് വേദിയിൽ ഉണ്ടായിരുന്ന അബ്ദുൽ മുഗീസ് അൽഹന്ബലി യെന്ന പണ്ഡിതൻ 'ഫളാഇലു യസീദ്' എന്നൊരു ലഘു കൃതി രചിച്ചു. അതിനുള്ള മറുപടിയാണ് ഇബ്നുൽ ജൗസിയുടെ 'റദ്ദ്'.

(ഇബ്നു ഹജർ അൽഹൈതമി തൻറെ അസ്സവാഇഖിൻറെ രചനക്ക് പ്രസ്തുത ഗ്രന്ഥം അവലംബിച്ചിട്ടുണ്ട്. ഇബ്നുൽ ജൗസിയിൽ നിന്നും കുറെ പകർത്തിയതിനാൽ അവയെല്ലാം അദ്ദേഹത്തിൻറെ നിലപാടായി ചിലർ ധരിച്ചുപോയിരിക്കുന്നു.തൻറെ ഫതവയിലെ നിലപാടുകൾക്ക് വിരുദ്ധമായി സ്വവാഇഖിൽ ഒന്നും ഇല്ല. സ്വവാഇഖ് പരിശോധിച്ച അല്ലാമാ സബീദി ഇബ്നു ഹജറിന്റെ നിലപാട് ഉദ്ധരിക്കുന്നു: "(ഗസാലി ഇമാം എടുത്ത ഈ തീരുമാനമാണ്) മദ്ഹബിൻറെ അടിസ്ഥാന നിയമങ്ങളോട് ഏറ്റവും അനുയോജ്യം. അയാൾ ഒരു വൃത്തികെട്ട തെമ്മാടി ആണെങ്കിൽപോലും അയാളെ ശപിക്കാൻ അനുവദിച്ചുകൂടാ." ഇതിൽ നിന്നും ഇബ്നു ഹജറിന്റെ നിലപാട് എന്തായിരുന്നെന്ന് വ്യക്തമാണ്.)

യസീദ് ആദ്യേ അധർമ്മിയായിരുന്നെന്നും അല്ല, ഖലീഫ ആയതിനു ശേഷം പിടിവിട്ടതാണെന്നും ആരോപകർക്കിടയിൽ ഖിലാഫ് ഉണ്ട്. ഒട്ടേറെ സൽഗുണങ്ങൾ ഉണ്ടായിരുന്നെങ്കിലും യസീദ് ശരീരേക്ഷക്ക് കീഴ്പ്പെടാറുണ്ടെന്നും ചിലപ്പോൾ നിസ്കാരം സമയം വിട്ട് പിന്തിക്കാരുണ്ടായിരുന്നുവെന്നും മിക്കപ്പോഴും ജമാഅത്ത് നഷ്ടപ്പെടുത്തുക പതിവായിരുന്നെന്നും ഇബ്നു തൂലൂൻ പോലും രേഖപ്പെടുത്തിയിട്ടുണ്ട്.

മുആവിയയുടെ കാലത്ത് തന്നെ യസീദിന്റെ 'പിന്തുടർച്ച' അംഗീകരിക്കാത്തവർ അയാളുടെ ധാർമികമായ അയോഗ്യത അതിനൊരു കാരണമായി ഉന്നയിച്ചതായി കാണുന്നില്ല. മദീനയിൽ നിന്നുള്ള ചില പ്രാദേശിക നേതാക്കൾ ഡമസ്കസ് സന്ദർശിച്ചു തിരിച്ചുവന്ന ശേഷമാണ് യസീദിന്റെ അധാർമിക കഥകൾ പറഞ്ഞുകേൾക്കുന്നത്. അതറിഞ്ഞപ്പോൾ മദീനക്കാർ ബൈഅത്ത് പിൻവലിച്ച സംഭവത്തിൽ നിന്നും, മുമ്പ് ഇത്തരം വർത്താനം ഉണ്ടായിരുന്നില്ലെന്ന് അനുമാനിക്കാവുന്നതാണ്. ഒരു പക്ഷേ, ശുജാഈ മൊയ്തു മുസ്ല്യാർ എഴുതിയപോലെ, അധികാരത്തിൽ വാഴാൻ തുടങ്ങിയപ്പോൾ ക്രമേണ വന്ന മാറ്റമായിരിക്കാം യസീദിൽž മഹാനായ ഒരു സ്വഹാബിവര്യൻ തൻറെ പിൻഗാമിയായി മുസ്‌ലിം സമുദായത്തെ ഭരിക്കാൻ അധർമിയായ തൻറെ പുത്രനെ നിയോഗിക്കുമോ എന്ന ചോദ്യചിഹ്നം മാത്രം മതിയല്ലോ അഹ്ലുസ്സുന്നയ്ക്ക് യസീദിന്റെ അക്കാലം വരെയുള്ള ജീവിതവിശുദ്ധി മനസ്സിലാക്കാൻž യസീദിനെ അയാളുടെ കൊട്ടാരത്തിൽ പോയി സന്ദർശിക്കുകയും അവിടെ കുറച്ചു ദിവസം പാർക്കുകയും ചെയ്ത അഹ്ലുൽബൈത്ത് പ്രധാനിയായ അബുൽഖാസിം മുഹമ്മദ് ബ്നുൽ ഹനീഫിയ്യയുടെ വെളിപ്പെടുത്തൽ യസീദിനെതിരെയുള്ള 'അധാർമിക' ആരോപണത്തിൻറെ ബലം ഇല്ലാതാക്കുന്നു.

ചരിത്രത്തെ സംശോധന ചെയ്യുന്നതിൽ മിടുക്കുതെളിയിച്ചവർ ഇത്തരം ആരോപണങ്ങൾ തള്ളികളയുകയാണ്. യസീദിൽ ഖിലാഫത്ത് വാഴ്ചക്ക് മുമ്പോ ശേഷമോ ആരോപിക്കപ്പെടുന്ന 'തമ്മാടിത്തങ്ങൾ' ഉണ്ടായതായി ഒട്ടും സമ്മതിക്കാത്ത അഹ്ലുസ്സുന്ന പണ്ഡിതനാണ് ഹിജ്റ 543 ൽ മരണപ്പെട്ട ഇമാം അബൂബകർ ബ്നുൽ അറബി അല്മാലികി റഹി. അദ്ദേഹം തൻറെ "അൽഅവാസ്വിം മിനൽ ഖവാസ്വിം" യസീദിന്റെ ധാർമികസുസ്ഥിതി ബോധ്യപ്പെടുത്താൻ ഉനനയിക്കുന്ന പ്രബല രേഖ , ഇമാം അഹ്മദ് റ ൻറെ കിതാബ് സുഹ്ദ് ആകുന്നു. കിതാബ് സുഹ്ദിൽ സ്വഹാബികളുടെ അവസാനത്തിൽ, താബിഉകളുടെ മുന്നേ, യസീദിൽ നിന്നും സുഹ്ദ് അടങ്ങിയ പ്രസ്താവന ഉദ്ധരിക്കുന്നുണ്ട്..

സമുദായത്തിൽ ഉന്നത സ്ഥാനത്തിരിക്കുന്ന, ഭൌതിക താല്പര്യങ്ങൾ ഒട്ടുമില്ലാത്ത ഇമാം അഹ്മദ് സ്വന്തം രചനയിൽ, അമവികൾ കാലഗതി അടഞ്ഞ ശേഷം എഴുതിയ തൻറെ അവസാന കാലത്തെ രചനയിൽ, യസീദിന്റെ 'സ്ഥാനം' നിർണ്ണയിച്ചതിനാൽ ഇത്തരം ആരോപണങ്ങൾക്ക് യാതൊരു അടിസ്ഥാനവും ഇല്ലെന്ന് ഇബ്നുൽ അറബി വാദിക്കുന്നു. ഇമാം അഹ്മദ് യസീദിനെ ശപിക്കാൻ അനുവദിച്ചുവെന്നു ഇബ്നുൽ ജൌസിയെപ്പോലുള്ളവർ രേഖപ്പെടുത്തിയതായി കാണുന്ന എല്ലാ പരാമർശങ്ങളും, ഇമാമിൻറെ സ്വന്തം കിതാബിൽ യസീദിനു 'അംഗീകാരം' നൽകിയിട്ടുണ്ടെന്നു വരുന്നതോടെ ആവിയായിപ്പോകുമല്ലോ. ഇക്കാര്യം ഉണർത്തിയ ശേഷം ഇബ്നുൽ അറബി ചോദിക്കുന്നു: "മദ്യവും മറ്റു വിവിധ തെമ്മാടിത്തങ്ങളും യസീദിനുമേൽ കെട്ടിവെച്ച ചരിത്രകാരന്മാരിൽ നിന്നും ഇമാം അഹ്മദ് എവിടെ നില്ക്കുന്നു?! ചരിത്രകാരന്മാരേ, നിങ്ങള്ക്ക് നാണമില്ലേ?! അവരിൽ നിന്നും അല്ലാഹു മാന്യതയും ലജ്ജയും ഊരിയെടുത്തു, (അവരെ അവലംബിക്കുന്ന) നിങ്ങളോ?! നിങ്ങളും അവരെ അകറ്റി നിർത്തി സത്യത്തെ പരിഗണിക്കുന്നില്ലയോ? മതത്തിൻറെ പേരിൽ നിലകൊള്ളുന്ന നിഷേധികളെയും ആഭാസകരെയും തള്ളിക്കളഞ്ഞ് സമുദായത്തിലെ സാത്വികരും ഭക്തരുമായവരെ പിന്തുടരുന്നില്ലയോ? 'ഇത് ജനങ്ങൾക്കുള്ള ഒരു വെളിപ്പെടുത്തലാണ്. സൽവഴി കാട്ടലും. ഭക്തന്മാർക്കുള്ള സദുപദേശവും ആകുന്നു'". (25)കാണുന്നതെല്ലാം വാരിക്കൂട്ടി ചരിത്രമാക്കിയ ചരിത്രകാരന്മാരെയും അതപ്പടി പകർത്തി ഖുറാൻ വ്യാഖ്യാനിച്ച മുഫസ്സിരുകളെയും ഭാഷാ സാഹിത്യകാരന്മാരെയും വിട്ട്, സംശോധന നടത്താൻ വൈദഗ്ദ്യമുള്ള മുഹദ്ദിസ്സാരെ സ്വീകരിക്കാൻ ഇബ്നുൽ അറബി ഉപദേശിക്കുന്നു. എന്നാൽ, ഹദീസ് സംശോധനയിൽ വൈദഗ്ദ്യമുള്ള മഹാജ്ഞാനിയും യസീദിനെതിരെയുള്ള റാഫിദീ പക്ഷ ആരോപണങ്ങൾക്ക് ഖണ്ഡനം എഴുതിയ ഇബ്നുതൂലൂൻ തൻറെ'ഖൈദ്' ൽ , യസീദിന്റെ അധാർമിക പ്രവണതകൾ പരാമർശിച്ചശേഷം 'അല്ലാഹു അഅലം' എന്ന നിസ്സഹായമായി പ്രതികരിക്കുകമാത്രമായിരുന്നു.

യസീദ് ഹദീസുകളിൽ ?!

==========================

തുർക്കിയിലെ കൊൻസ്റ്റാന്റിനോപ്പിളിലേക്ക് പടനയിക്കുന്ന സൗഭാഗ്യവന്മാരായ പോരാളികളെക്കുറിച്ച് തിരുനബി പ്രവചിച്ചത് ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 'അവർഅയാൾ പാപങ്ങൾ പൊറുക്കപ്പെട്ടവർൻ ആകുന്നു' എന്നത്രേ

സുവിശേഷം. ഹസ്രത്ത് മുആവിയയുടെ കാലത്ത് അവിടേക്ക് പടനയിച്ചവരിൽ ഹുസൈനും യസീദും ഉണ്ടായിരുന്നുവല്ലോ. പ്രസ്തുത ഹദീസും ചരിത്രവും സത്യമായതിനാൽ ആ മഹത്വം അയാൾക്ക് ലഭിക്കുമെന്ന് ഉറപ്പായും വിശ്വസിക്കാം.

യസീദ് തൻറെ പിതാവിൽ നിന്നും ഹദീസ് നിവേദനം ചെയ്തിട്ടുണ്ടെന്ന സംഗതി താരീഖു ദിമിശ്ഖിൽ സ്ഥിരീകരിക്കുന്നു. അത്തരം ഒരു ഹദീസ് അബൂദാവൂദ് റിപ്പോർട്ട് ചെയ്യുന്നുണ്ട്. മകൻ ഖാലിദ്, ഖലീഫ അബ്ദുൽ മാലിക് ബിൻ മർവാൻ , മാതാവ് മൈസൂൻ ബിൻത് ബഹ്ദൽ എന്നിവരാണ് യസീദ് നിവേദനം ചെയ്ത ഹദീസ് പിന്ഗാമികൾക്ക് പകരുന്നത്. “അല്ലാഹു ആർക്ക് ഗുണം ഉദ്ദേശിക്കുന്നുവോ അയാളെ മത പണ്ഡിതനാക്കുന്നു” എന്ന പ്രസിദ്ധ ഹദീസ് മുആവിയയിൽ നിന്നും യസീദ് വഴിയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇബ്നുൽ ജൗസിയുടെ കാലം വരെയും യസീദിൽ നിന്നുള്ള ഹദീസ് പരമ്പര നിലനിന്നിരുന്നു എന്നതിന് ഇബ്നുൽ ജൌസിയുടെ ‘അൽമുന്തളം’ സാക്ഷിയാണ്. എന്നാൽ, ഹദീസ് സ്വീകരിക്കാൻ മാത്രമുള്ള ‘അദാലത്ത്’ വകവെച്ചുകൊടുത്തവർ പാടെ കുറവാണ്. അബൂ സുർഅത്ത് ദിമശ്ഖി യസീദിനെ സ്വഹാബത്തിന്റെ നിരയോട് ചേർന്ന ത്വബഖയിൽ എണ്ണുന്നതായി പ്രസിദ്ധ മുഹദ്ദിസ് ഇബ്നു ത്വൂലൂൻ രേഖപ്പെടുത്തുന്നു.(ഖൈദ്)

മൗനം ഭൂഷണം

=============

അന്തിമ വിശകലനത്തിൽ യസീദ് പറയപ്പെടുന്നത്ര ‘അപരാധി’യായി വിധിക്കാൻ ആവില്ലെങ്കിലും പൊതുവേ അയാളെക്കുറിച് അശുഭവൃത്താന്തങ്ങൾ വ്യാപിച്ചതിനാൽ മൌനം ഭൂഷണം എന്ന സൂക്ഷ്മ നിലപാടാണ് അഭികാമ്യം എന്നുപറയാം. റാഫിദികൾക്ക് യസീദിൽ പ്രത്യേക താല്പര്യമുണ്ട്. യസീദിനെ ശപിക്കാനും പഴിക്കാനും പഠിപ്പിച്ചാലേ- അത് എളുപ്പത്തിൽ സാധിക്കും- തുടർന്ന് സ്വഹാബിയായ മുആവിയയെയും പിന്നെ അദ്ദേഹത്തെ ‘താലോലിച്ചു വളർത്തിയ’ ഖലീഫമാരെയും അങ്ങനെ മുഴുവൻ സ്വഹാബികളെയും തെറ്റിദ്ധരിപ്പിക്കാനും പഴി പറയിക്കാനും അവർക്ക് സാധിക്കുകയുള്ളൂ. അതിനാൽ ഇവ്വിഷയത്തിലെ മൗനം റാഫിദികളെ കുറച്ചൊന്നുമല്ല പരിഭ്രാന്തരാക്കുക. അവർ നമ്മുടെ മൗനവ്രതം മുറിക്കാൻ വിവിധ രൂപേണ വിഷയം വലിച്ചിടും. മൌനം ദീക്ഷിക്കുന്നതാണ് നമ്മുടെ ദുന്യാവിനും പരലോകത്തിനും ആരോഗ്യകരം . മൗനം പാലിച്ചാൽ ആഹ്ലുസ്സുന്ന്യ്ക്ക് ഒന്നും നഷ്ടപ്പെടാനില്ല.

യസീദിനെ ശപിക്കുവാൻ അനുവാദമില്ലെന്ന ആശയവുമായി ഗ്രന്ഥം രചിച്ച ഷെയ്ഖ് മുഹൈവി ശാഫിഈ റഹി അടക്കമുള്ളവർ നമ്മെ ഉണർത്തിയതും അതാണ്: " യസീദിനെ ശപിക്കുന്നത് അയാളുടെ പിതാവിലേക്ക് വഴിവെട്ടാൻ കാരണമാകും; അദ്ദേഹം മഹാനായ സ്വഹാബിവര്യനാണ്."തമിഴ്നാട്ടിലെ പ്രസിദ്ധ സ്വൂഫി പണ്ഡിതനായ മാപ്പിള ലബ്ബ മുഹമ്മദുൽ ഖാഹിരി മവാഹിബുസ്സൈൻ എന്ന പേരിൽ എഴുതിയ ഹസൻ ഹുസൈൻ മൗലിദിൽ പറയുന്നു: "എന്നിരിക്കെ, ഹുസൈൻ തങ്ങളും യസീദ് ബിൻ മുആവിയയും ഉബൈദുല്ലാഹ്ബിൻ സിയാദും തമ്മിലുണ്ടായ സംഭവങ്ങൾ നാം ഇവിടെ ഉദ്ധരിച്ചിട്ടില്ല.. അവർക്കിടയിൽ നടന്ന കുലമത്സരവും തർക്കങ്ങളും ഇവിടെ ഒന്നും പറയുന്നില്ല. കാരണം, അവയിൽ ചിലത് സ്വഹീഹാണെങ്കിൽ പോലും വലിയ വലിയ സ്വഹാബികളുടെ മക്കളെ കുറിച്ചുള്ള ആക്ഷേപമായി അത് വഴിമാറും. ആ വക കഥകളിൽ പറയുന്ന സംഗതികൾ മനസ്സിൽ ഉദിക്കുകപോലും ചെയ്യാത്തവരെ ക്കുറിച്ച് തെറ്റിദ്ധാരണ ഉണ്ടാക്കും. നിശ്ചയം, ഗ്രന്ഥ രചയിതാക്കളുടെ സയ്യിദ് ആയ ഹുജ്ജത്തുൽ ഇസ്ലാം അബൂ ഹാമിദ് മുഹമ്മദ് അല്ഗസ്സാലി അവ അനുസ്മരിക്കുന്നത് ഹറാം ആണെന്ന് ഫതവ ചെയ്തിരിക്കുന്നു. യസീദിനെ ശപിക്കാൻ യാതൊരു നിലക്കും അദ്ദേഹം അനുവദിച്ചില്ല. അതിന് വ്യക്തമായ പ്രമാണവും ന്യായവും അദ്ദേഹം നിരത്തിയിട്ടുണ്ട്."

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യയുടെ നിലപാട് ഇതാണ്: അയാളെ ചീത്ത പറയാനും സ്നേഹിക്കാനും നമ്മളില്ല. സ്നേഹിക്കാൻ മാത്രം അത്ര നല്ല സ്വാലിഹ് അല്ല അയാൾ; എന്നാൽ, മുസ്ലിംകളെ പേരെടുത്ത് ചീത്തപറയാനും വയ്യ."(26). അല്ലാമ ഇബ്നു ഹജർ ഹൈതമി പറയുന്നു: "ഇക്കാരണത്താൽ ഒരു സംഘം മുഹഖിഖുകൾ പറഞ്ഞിട്ടുണ്ട്, നിശ്ചയമായും യസീദിന്റെ കാര്യത്തിൽ മൗനം പാലിക്കലാകുന്നു സുദൃഢവും സുസ്ഥിരവുമായ വഴി; യസീദിനെ എല്ലാ രഹസ്യങ്ങളും അറിയുന്ന അല്ലാഹുവിനെ എല്പിക്കുക." (27) അല്ലാമ ഇബ്നു സ്വലാഹിന്റെ വാക്കുകളിൽ ഈ നിലപാടിനുള്ള തെളിവുകൾ കാണാം. അതിനാൽ നീ അയാളെ സ്നേഹിക്കാനോ ശപിക്കാനോ നിക്കണ്ട." (28). അല്ലാഹു അഅലം...

1) അല്ലാമാ ശംസുദ്ധീൻ ഇബ്നു ത്വൂലൂൻ ഹി 880- 953), ഖൈദുശ്ശരീദ് അൻ അഖ്ബാരി യസീദ്, പുറം 53

2) ഹാഫിള് ദഹബി , സിയറ് അഅലാമുന്നുബലാ, 3/293
3) അല്ലാമാ ഇബ്നു കസീർ ÿഅല്ബിദായ വന്നിഹായ, 8/150,151
4) ഇബ്നു ത്വൂലൂൻ, ഖൈദ്/33
5) ഇബ്നു ത്വൂലൂൻ, ഖൈദ്
6) ഇബ്നുസഅദു, ത്വബഖാത്,
7) ഇബ്നുസഅദു, ത്വബഖാത്, 1/174 ; ബലാദുരി, അന്സാബുൽ അശ്റാഫ്, 4/154 ;ത്വബരി, താരീഖ്, 5/328 ; ഹാഫിള് ഇബ്നു അസാകിർÿ താരീഖ് ദിമിശ്ഖ് , 16/310 ; ഇബ്നുൽ ഫരീദ്, 4/ 273 ; ഹാഫിള് ദഹബി, താരീഖുൽ ഇസ്ലാം, സിയറ് ..
8) ഇബ്നു ഖല്ദൂൻ ÿതാരീഖ് , 3/25
9) ത്വബരി, 5/393
10) ത്വബരി, 5/463
11) ഇബ്നു ത്വൂലൂൻÿഖൈദ്,
12) ഇബ്നുസഅദ, ത്വബഖാത്ത് 5/397; ദഹബി,സിയർ, 4/386
13) ത്വബരി 5/ 400
14) ഇബ്നു കസീർÿഅല്ബിദായ, 8/235
15) ഇബ്നു ത്വൂലൂൻÿഖൈദ്
16) ഇബ്നു ത്വൂലൂൻ ഉദ്ധരിച്ചത്.
17) ഇമാം ഗസാലി, ഇഹ്യാ ഉലൂമിദ്ധീൻÿഭാഗം 3, അദ്ധ്യായം ശാപം.

(ശ്രദ്ധിക്കുക: ഇമാം ഗസാലി റ യുടെ സ്വഹാബത്തിനെ കുറിച്ചുള്ള വിശ്വാസവും നിലപാടും പകൽപോലെ വ്യക്തമാണ്. അദ്ദേഹത്തിൻറെ പേരിൽ ചില റാഫിദികൾ കിതാബുകൾ അടിച്ചിറക്കി, അദ്ദേഹത്തെ ശിയാ ആക്കാനുള്ള ക്രൂര ശ്രമത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഇത്തരത്തിൽ ഇമാം ഗസാളിയുടെ പേരിൽ പ്രചരിപ്പിക്കുന്ന ഒരു ഗ്രന്ഥമാണ്, സിർറുൽ ആലമീൻÆആരിഫീൻžഈ ഗ്രന്ഥം വ്യാജമാണെന്ന് അല്ലാമാ ശാഹ് അബ്ദുൽ അസീസ് ദഹ്ലവി രേഖപ്പെടുത്തിയിട്ടുണ്ട്. (തുഹ്ഫ ഇസ്നാ അശരി സമ്പൂർണ്ണ അറബി പരിഭാഷ, കയ്യെഴുത്ത് പ്രതി.) സ്വഹാബത്തിനെ കുറ്റപ്പെടുത്തുന്ന പരാമർശങ്ങൾ ഉള്ള പ്രസ്തുത

ക്ഷുദ്ര കൃതിയിൽ നിന്നും എടുത്ത്, യസീദിനെ കുറിച്ചുള്ള ഇമാമിൻറെ വീക്ഷണത്തെ തെറ്റിദ്ധരിപ്പിക്കുന്നതിൽ വഞ്ചിതരാകരുതെന്ന് അറിയിക്കുന്നു.)

18) അല്ലാമാ ഇബ്നു ഹജർ ഹൈതമി, ഫാതാവൽ ഹദീസിയ്യ,
19) സയ്യിദ് സബീദി അല്മുർത്തളാ, ഇത്ഹാഫ്, 9/205
20) ഇബ്നു കസീർÿഅല്ബിദായ; 8/233; ഇബ്നു തൂലൂൻÿവൈദ്
21) ബലാദുരി, അന്സാബ്,
22) ഇബ്നു ത്വൂലൂൻÿവൈദ്
23) അഹ്മദ്, മുസ്ലിം, തിർമിദി
24) ഇബ്നു ത്വൂലൂൻÿവൈദ്
25) ഇമാം ഇബ്നുൽ അറബി അല്മാലികി (സ്വൂഫി പ്രമുഖനായ ഇബ്നു അറബിയല്ല ഇദ്ദേഹം), അൽ അവാസ്വിം മിനൽ ഖവാസ്വിം.
26) ഇബ്നു തൈമിയ്യ , ഫതാവാ 4/ 487
27) അല്ലാമാ ഇബ്നു ഹജർÿ അസ്വവാഇഖുൽ മുഹ്രിഖ 308
28) സയ്യിദ് സബീദി, ഇത്ഹാഫ്..

യസീദ് : കേരള ഉലമാ പാരമ്പര്യം എന്തായിരുന്നു?

യസീദിനെ 'ശപിക്കപ്പെട്ട' എന്ന് വിശേഷിപ്പിച്ച ഏതെങ്കിലും ആലിമിനെ കേരളത്തിനറിയുമോ? പാരമ്പര്യ മുസ്ലിംകൾ അംഗീകരിക്കുന്ന ഒരു പണ്ഡിതനും അങ്ങനെ പ്രയോഗിക്കാറില്ല. അഥവാ കണ്ടിട്ടില്ല. കാരണം അവരെല്ലാം ശാഫിഈ മദ്ഹബ് പഠിച്ചവരും പഠിപ്പിക്കുന്നവരുമാണ്.

അന്വേഷണത്തിൽ മനസ്സിലായത്, കേരളത്തിലെ ഉലമാക്കൾ ഇവ്വിഷയം ഒടുവിൽ ചർച്ച ചെയ്യുന്നത് 1954 april 24,25 തിയ്യതികളിൽ താനൂരിൽ സമസ്തയുടെ സമ്മേളനം സംഘടിപ്പിച്ച സന്ദർഭത്തിലാണ്. സമ്മേളനത്തോടനുബന്ധിച് നടന്ന സമസ്ത മുശാവരയിലേക്ക് തലശ്ശേരിയിൽ നിന്നും ഒരു ചോദ്യം വന്നു, യസീദിനെ ല അനത്ത് ചെയ്യുന്നതിനെ സംബന്ധിച്ച്. അതിന് യോഗം തയ്യാറാക്കിയ ഫതവ എഴുതുവാൻ്പിന്നീട് സമസ്ത വിട്ട കെ അബ്ദുൽ അസീസ് മൌലവിയെ ചുമതലപ്പെടുത്തിയ വിവരം മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളൂ.. ചോദ്യത്തിൻറെ പശ്ചാത്തലം എന്തായിരുന്നു വെന്നോ ഫതവ എന്തായിരുന്നുവെന്നോ വ്യക്തമായി അറിയപ്പെട്ടിട്ടില്ല.

ഇവ്വിഷയം കേരളത്തിൽ ആദ്യമായി രേഖപ്പെടുത്തിയത് സയ്യിദ് ജിഫ്രി അവർകൾ ആയിരിക്കണം. തൻറെ കൻസുൽ ബറാഹീൻ എന്ന കിത്താബിൽ അദ്ദേഹം 'യസീദിനെ ശപിക്കൽ' എന്ന പ്രശ്നത്തിൻറെ മൂന്നു നിലപാടുകളും പരാമർശിക്കുന്നുണ്ട്. അതിൽ്യസീദിനെ ശപിച്ചുകൂടാ എന്ന നിലപാടുള്ള ഇമാം ഗസാലി , ഇമാം മുതവല്ലി, ഇമാം ഇബ്നു സ്വലാഹ് തുടങ്ങിയ ശാഫിഈ വക്താക്കളെ പരാമർശിച്ച ശേഷം, " വഹുവൽ മുവാഫിഖു ലി ഖവാ

ഇദിശ്ശാഫിഇയ്യ" (ഈ വീക്ഷണമാണ് ശാഫിഈ മദ്ഹബിൻറെ അടിസ്ഥാന തത്വങ്ങളോട് യോജിക്കുന്നത്) എന്ന് പ്രഖ്യാപിക്കുന്നത് കാണാം. സത്യ നിഷേധിയായി മരണപ്പെട്ടു എന്ന്ഉറപ്പുള്ള വ്യക്തിയെ അല്ലാതെ പേരെടുത്ത് ശപിക്കാൻ ശാഫിഈ മദ്ഹബ് വകതാക്കൾ അനുവദിക്കുന്നില്ല. സയ്യിദ് ജിഫ്രി റഹി അവിടെ രേഖപ്പെടുത്തുന്നു: " മുഹഖി ഖുകളായ ഒരു സംഘം ജ്ഞാനികൾ പറയുന്നു: ' ഇക്കാര്യത്തിൽ നേരായ വഴി, അല്ലാഹുവിൽ എല്പിക്കലാണ്, കാരണം, മുൻപറഞ്ഞ രണ്ടു കാര്യങ്ങൾക്കും (ശപിക്കാനോ വാഴ്ത്താനോ) ഖണ്ഡിതമായ ഒരു രേഖയും സ്ഥിരപ്പെട്ടിട്ടില്ല. അദ്ദേഹം ഒരു മുസ്ലിം ആയിരുന്നു എന്നതാണ് അസ്ൽž കാഫിറാക്കാൻ ഒരു അസലും ഇല്ലതാനും .." കാഫിറിനെ അല്ലാതെ വ്യക്തിപരമായി ശപിക്കാൻ ശാഫിഈ വക്താക്കൾ അനുവദിക്കുന്നുമില്ല. ഹുസൈൻ തങ്ങളുടെ വധത്തിൽ അയാൾ നേരിട്ട് പങ്കെടുത്തിട്ടില്ല. സ്വകാര്യമായ അനുവാദം ഉണ്ടായിരുന്നതായി സ്ഥിരപ്പെട്ടതുമല്ല.

പാട്ടെഴ്ത്തുകാരും പാടിപ്പറയുന്നവരും ജ്ഞാന ഗഹനത ഇല്ലാത്ത 'ഉറുദി'ക്കാരും വഅളന്മാരും സമുദായത്തെ തെറ്റായ ധാരാളം ചരിത്രങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. പണ്ഡിതന്മാരുടെ രചനകൾ മാത്രമേ നമുക്ക് ആധികാരികമായി കാണാനാകൂ. അണ്ടത്തോട് കുളങ്ങര വീട്ടിൽ ശുജാഈ മൊയ്തു മുസ്ല്യാർ എഴുതി 1304/1886 കാലഘട്ടത്തിൽ പുറത്തിറങ്ങിയ 'ഫൈലുൽ ഫയ്യാള് എന്ന സീറാ പകർപ്പ്' ഖിലാഫത്ത് ചരിത്രം ഹ്രസ്വമായെങ്കിലും മാപ്പിള മലയാളത്തിൽ പറഞ്ഞുതന്ന ആദ്യത്തെ കൃതിയാണ്. അതിൽ ഹുസൈൻ തങ്ങളുടെയും കർബലയുടെയും യസീദിന്റെയും സംഭവം അനുസ്മരിക്കുമ്പോൾ യസീദിനെ ശപിക്കാനോ ഘാതകനാക്കാനോ മുതിരുന്നില്ല. ഹുസൈൻ തങ്ങളുടെ ശിരസ്സുമായി വന്ന സൈനികരുടെ വിശദീകരണം കേട്ടപ്പോൾ ഉണ്ടായ യസീദിന്റെ പ്രതികരണത്തെ ക്കുറിച്ച് ശുജാഈ രേഖപ്പെടുത്തുന്നത് ഇങ്ങനെ: "വിവരം ആകെ പറഞ്ഞതിൽ യസീദിന്നു വ്യസനം തോന്നി. കണ്ണ് നീർ

ഒലിച്ചു. അസ്കറോട്(=സൈനികരോട്) അനിഷ്ട വാക്കുകൾ പറഞ്ഞു. ചിറ പിടിച്ചു(=തടവിലാക്കിയ) കൊണ്ടുവന്ന കുട്ടികളെയും മറ്റും വളരെ സന്തോഷിപ്പിച്ചു. മദീനത്തെക്ക് മുപ്പത് കുതിരക്കാരോട് കൂടി അയച്ചുകൊടുത്തു..” പേജ് 273.

1319 ദുൽ ഹിജ്ജ 16/ 1902 മാർച് 27 ന് പുറത്തിറങ്ങിയ ‘സ്വലാഹുൽ ഇഖ്വാൻ:അറബി മലയാള ദ്വൈവാരിക(ലക്കം 3 വാള്യം 19)യിൽ പത്രാധിപർ സൈദാലിക്കുട്ടി മാസ്റ്റർ തന്നെ “താഴെ പറയുന്ന ചോദ്യങ്ങൾക്ക് തെളിവുകളോട് കൂടി ഉത്തരങ്ങൾ തരുവാൻ: ആവശ്യപ്പെട്ടുകൊണ്ട് ഏതാനും ചോദ്യങ്ങൾ ഉന്നയിച്ചവയിൽ:ഇവിടത്തെ വിഷയവുമായി ബന്ധപ്പെട്ട രണ്ടു ചോദ്യങ്ങൾക്ക് ചാലിലകത്ത് അബ്ദുള്ള മുസ്ല്യാർ നൽകിയ മറുപടി കാണുക:

“ യസീദിനെ ശപിക്കലും ഇമാം ഹുസൈൻ തങ്ങളുടെ ശഹീദ് വർത്തമാനങ്ങൾ പറയലും” (തലവാചകം)

സ്വലാഹുൽ ഇഖ് വാൻ പത്രാധിപർ അവർകൾക്ക്, അസ്സലാമു അലൈകും വറഹ്മത്തുല്ലാഹി വബറകാത്തുഹൂ.

എന്നാൽ:“ആഹ്ലുസ്സുന്നിയാക്കളുടെ അടുക്കൽ മുആവിയാ രളിയല്ലാഹു അന്ഹു എന്നവർ മകൻ യസീദിനെ ലഅനത്ത് ചെയ്യുവാൻ പാടുണ്ടോ ഇല്ലയോ?” എന്നും “ ഇമാം ഹുസൈൻ രളിയല്ലാഹു അന്ഹു അവർകളുടെ ശഹീദ് വർത്തമാനങ്ങൾ പറയുന്ന നൂറുൽ ഐൻ എന്ന പോലത്തെ കിതാബുകൾ സ്വഹീഹോ വിരോധിക്കപ്പെട്ടതോ?” എന്നുമുള്ള രണ്ടു ചോദ്യങ്ങൾ കഴിഞ്ഞ ദുൽ ഹിജ്ജത്തിൽ ഹറാം പത്തൊമ്പതാം നമ്പർ പത്രത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനു ഉത്തരമാവിത്..

“ ഒരു മുഅമിനിനെ ലഅനത്ത് ചെയ്യൽ അല്ലെങ്കിൽ ശപിക്കൽഅവനെ കൊല്ലൽ പോലെയാകുന്നു’ എന്ന് അർത്ഥമുള്ള ‘ലഅനുൽ മുഅമിനി കഖതലിഹീ’ എന്ന ഹദീസിൻറെ വ്യാഖ്യാനത്തിൽ ലഅനത്ത് ചെയ്യൽ കഠിനമായ ഹറാമാകലിൽ കൊല പോലെയാണെന്നും മുസ്ലിമിനെ ലഅനത്ത് ചെയ്യൽ ഹറാം ആണെന്നും

ഹർബിയ്യല്ലാത്ത കാഫിറിനെ ലഅനത്ത് ചെയ്യലും
അപ്രകാരം തന്നെയാണെന്നും എന്ന് മാത്രമല്ല,
പ്രാണികളെ പ്പോലും ലഅനത്ത് ചെയ്യൽ അതേ
പ്രകാരം ആണെന്നും, അതിനു കാരണം ല അനത്ത്
ചെയ്യൽ എന്നത് അള്ളാഹുതആലാനെയും വിട്ടു
അകറ്റി ദൂരപ്പെടുത്താനുള്ള വാചകമാണെന്നും ,
അല്ലാഹു തആലായെതൊട്ട് ദൂരപ്പെടുത്തുന്ന
ചമയങ്ങൾ കൊണ്ട് ചമഞ്ഞവന്റെ മേൽ അല്ലാതെ
ജാഇസാകില്ലെന്നും ആ ചമയം കുഫ്രിയ്യതും
ബിദ്അത്തും ഫിസ്ഖും ആണെന്നും, ഏറ്റവും
പൊതുവിലുള്ള ചമയം പ്രമാണിച്ച്
കാഫിരീങ്ങളുടെയോ മുബ്തദിഈങ്ങളുടെയോ
ഫാസിഖീങ്ങളുടെയോ മേൽ അല്ലാഹു ത ആലാ യുടെ
ഉണ്ടാകട്ടെ എന്നും , പ്രത്യേക സ്ഥിതിയെ പ്രമാണിച്ച്
യഹൂദികളുടെയോ ഖാരിജീങ്ങളുടെയോ
ഖദരീങ്ങളുടെയോ സിന്ദീഖീങ്ങളുടെയോ
ളാലിമീങ്ങളുടെയോ പലിശ തിന്നുന്നവരുടെയോ മേൽ
അല്ലാഹു തആലാ ലഅനത്ത് ചെയ്യട്ടെ എന്നും,
ഇവയിൽ ഒന്ന് കൊണ്ട് ചമഞ്ഞവരെ ലഅനത്ത് ചെയ്യൽ
ജാഇസാകുമെന്നും, ഒരാൾ
ജീവിചിരിക്കുന്നവനാണെങ്കിൽ ഇബ്ലീസിനെപ്പോലെ
കുഫ്രിയ്യത്തിൽ തന്നെ മരിക്കുമെന്ന് തിട്ടമായിട്ടു
അറിഞ്ഞവനെ അല്ലാതെ ഒരുത്തനെയും സ്വന്തമായിട്ട്
ലഅനത്ത് ചെയ്യുന്ന കാര്യം അറമേ ജാഇസല്ലെന്നും ,
തൽകാലം ഒരുത്തൻ കാഫിരായിരുന്നാലും അവൻറെ
മരണം കുഫ്രിയ്യതിലാണെന്ന് അറിയാത്തതാണെന്നും
പക്ഷേ അവൻ ഇസ്ലാമാകുവാനും പടച്ചവനോടടുത്ത്
മരണപ്പെടുവാനും സംഗതിയുള്ളത് കൊണ്ട് അകറ്റി
ദൂരപ്പെടുന്നതായ ലഅനത്ത് കൊണ്ട് അവനിൽ
വിധിക്കുന്നത് എങ്ങിനെ എന്നും, തല്കാലത്തെ
കുഫ്രിയ്യതിനെ നോക്കാതെ അവൻ കാഫിറായി
ത്തന്നെ മരിച്ചെങ്കിലും അതേ പ്രകാരം തീർച്ചപ്പെട്ട
ഫാസിഖും മുബ്തദിഉം തൌബ ചെയ്യാതെ മരിച്ചാലും
അല്ലാഹു അവനെ ലഅനത്ത് ചെയ്യട്ടെ എന്ന്
പറയപ്പെടാമെന്നും, അത് കൊണ്ട് ഇമാം ഹുസൈൻ
രളിയല്ലാഹു അന്ഹു അവർകളെ കൊന്നതോ
കൊല്ലാൻ കല്പിച്ചതോ യസീദ് ആകയാൽ അവനെ
ലഅനത്ത് ചെയ്യൽ ജാഇസാണെന്ന് , തൻറെ പിന്നാലെ

ശറഇയ്യായ ഹുക്മുകളിൽ എണ്ണാത്ത ചിലർ ഊഹിച്ചു പറഞ്ഞതിന് മാറ്റമായിട്ടു ഇമാം ഗസാലി രഹിമഹുല്ലഹ് മുതലായവർ പറഞ്ഞ പ്രകാരം അത് ജാഇസാകയില്ലെന്നും, ചില ചരിത്രങ്ങളിൽ പറയപ്പെട്ടിട്ടുള്ളതല്ലാതെ അദ്ദേഹം അവരെ കൊന്നിരിക്കുന്നു എന്നോ കൊല്ലുവാൻ കല്പിച്ചിരിക്കുന്നു എന്നോ കൊന്നത് സമ്മതിച്ചിരിക്കുന്നു എന്നോ തെളിഞ്ഞിട്ടില്ലെന്നും, ഇങ്ങനെയുള്ള സംഗതികൾ തെളിവിന് മതിയാകുന്നതല്ലെന്നും അതിനാൽ ഇമാം ഗസാലി രഹിമഹുല്ലാഹ് അവർകൾ വീണ്ടും പറഞ്ഞിട്ടുള്ളതുപോലെ, ഇത് തന്നെക്കൊള്ളെ (=യസീദിലേക്ക്) ചേർക്കുന്നത് ജാഇസ് അല്ലെന്നും, ഒരു മുസ്ലിമിൻറെ മേൽ പൂർത്തിയായ തെളിവോടു കൂടാതെ ഒരു മഹാ പാപത്തെ ചുമത്തുന്നത് ജാഇസല്ലെന്നും, 'ഇമാം ഹുസൈൻ രളിയല്ലാഹു അന്ഹു അവർകളെ കൊന്നവരോ കൊല്ലുവാൻ കല്പിച്ചവരോ അതിനെ അനുസരിച്ചവരോ തൌബയുടെ മുമ്പായി മരിച്ചവനാനെങ്കിൽ അവനെ അല്ലാഹു ലഅനത്ത് ചെയ്യട്ടെ' എന്ന് പറയുന്നത് ജാഇസാകുമെന്നും, സയ്യിദുനാ ഹംസ റളിയല്ലാഹു അന്ഹു അവർകളെ കൊന്ന വഹ്ശീ എന്നവർക്ക് ഉണ്ടായതുപോലെ തൌബയുടെ ശേഷമുള്ള മരണം പാപത്തെ ചുമക്കുന്നതല്ലെന്നും മറ്റും അസ്ശൈഖ് അല്ലാമാ ശിഹാബുദ്ധീൻ അഹ്മദ് ബ്നു ഹജറിൽ ഹൈതമി രഹിമഹുല്ലാഹ് അവർകളുടെ ഫതാവാ ഹദീസിയ്യ എന്ന കിതാബിലും, മുആവിയ രളിയല്ലാഹു അന്ഹു അവർകളിൽ ദൂഷ്യം പറയുന്നതും അവരുടെ മകൻ യസീദിനെ ലഅനത്ത് ചെയ്യുന്നതും ഇമാം ഹുസൈൻ രളിയല്ലാഹു അന്ഹു അവർകളെ കൊന്ന വർത്തമാനവും അസ്വഹാബിമാരുടെ ഇടയിൽ നടന്ന വർത്തമാനവും പരസ്യമാക്കിപ്പറയുന്നതും ഹറാമാണെന്നും, അത് അവരുടെ മേൽ ദൂഷ്യം ജനിപ്പിക്കുമെന്നും അവരെല്ലാം ദീനിൻറെ കൊടികൾ ആണെന്നും അവരെ ദൂഷ്യം പറയുന്നവൻ സ്വന്ത ദേഹത്തെ ദൂഷ്യം പറയുന്നവനാനെന്നും അവരൊക്കെയും നീതിമാന്മാർ ആണെന്നും അവരുടെ ഇടയിൽ നടന്ന സംഗതികൾക്ക് മതിയായ സംഗതികൾ

കൊണ്ട് അവ നേർവഴിയിൽ
എടുക്കപ്പെടേണ്ടതാണെന്നും ഉബാബ് എന്ന
കിത്താബിലും പറഞ്ഞിരിക്കുന്നു എന്ന് സാരമുള്ള.....
എന്ന ഇബാരത്ത് കൊണ്ടും,

ഇമാം ഹസൻ രളിയല്ലാഹു അന്ഹു അവര്കളുടെയും
ഇമാം ഹുസൈൻ രളിയല്ലഹു അന്ഹു
അവര്കളുടെയും കൊല വർത്തമാനങ്ങളെയും
അവയെ സംബന്ധിച്ച കഥകളെയും
അസ്വഹാബിമാരുടെ ഇടയിൽ നടന്ന വിവരങ്ങളെയും
പറയുന്നത് ഉറുദി പറയുന്നവരിലും മറ്റും ഹറാ
മാണെന്ന് ഇമാം ഗസാലി രളിയല്ലാഹു അന്ഹുവും മറ്റും
പറഞ്ഞിരിക്കുന്നു എന്ന അർത്ഥമുള്ള .... എന്ന
ഇബാരത്ത് കൊണ്ടും മറ്റും ഇബ്നു ഹാജർ തങ്ങൾ തൻറെ
'തുഹ്ഫതുൽ മുഹ്താജ്'എന്ന കിതാബിന്റെ ഹാശിയ
മുതലായ കിതാബുകളിലും പറഞ്ഞിരിക്കയാൽ
യസീദിനെ ലഅനത്ത് ചെയ്യുന്നതും ഇമാം ഹുസൈൻ
രളിയല്ലാഹു അന്ഹു അവർകളുടെ ശഹീദ്
വർത്തമാനങ്ങൾ പറഞ്ഞിരിക്കുന്നതായ നൂറുൽ ഐൻ
പോലോത്തതായ കിതാബുകളിലുള്ള വർത്തമാനങ്ങൾ
ജനങ്ങളുടെ ഇടയിൽ വഅള് പോലെയും മറ്റും
പരസ്യമാക്കി പറയുന്നതും അവയെ പ്രമാണിക്കുന്നതും
ഹറാ മാണെന്ന് തീർച്ചപ്പെട്ടിരിക്കുന്നു." എന്ന്,
ചാലിലകത്ത് അബ്ദുല്ല മുസ്ല്യാർž

ഈ ഫതവക്ക് ശേഷമാണ്, അണ്ടത്തോട് കുളങ്ങര
വീട്ടിൽ ശുജാഈ മൊയ്തു മുസ്ല്യാരുടെ 'ഫത്ഹുൽ
ഫത്താഹ് എന്ന സീറാ വിസ്തീർണ്ണം' ഇറങ്ങുന്നത്,
1322/1904 ൽžപ്രസ്തുത കൃതിയുടെ 'മൂന്നാം ജില്ദ്' പുറം 179
ൽ യസീദിനെ പരാമർശിക്കുമ്പോൾ 'ശപിക്കപ്പെട്ട',
'അഭിശപ്തനായ' തുടങ്ങിയ യാതൊരു ആക്ഷേപവും
കാണുന്നില്ല. ഇതിൽÿകർബലാനന്തര അവസ്ഥ
വിവരിക്കുന്നത് ഇപ്രകാരമാണ്: "ഹുസൈൻ
അവർകളുടെ മക്കൾ അഹ്ലുകാർ ഖാദിമീങ്ങൾ
അവർകളെ ദിമിശ്ഖിൽ യസീദിന്നു അയച്ചു. യസീദ്
അവരെ ബഹുമാനിച്ചു..." വീണ്ടും : ഹുസൈൻ
അവർകളുടെ തല യസീദിന്നു എത്തി. ശമീർ ബിൻ
ദിൽ ജൌശൻ വിവരം പറഞ്ഞാരെ, യസീദിന്നു
കണ്ണുനീർ ഒലിച്ചു. അവനോട് അനിഷ്ട വാചകം

പറഞ്ഞു. പിന്നെ ഹുസൈൻ എന്നവരെ കുട്ടികളെയും സ്ത്രീകളെയും യസീദുടെ സ്ത്രീകളെ വീട്ടിൽ കടത്തി. ആദരിച്ചു. യസീദിന്നു ഭക്ഷണം കൊണ്ടുവന്നാൽ ഹുസൈൻ അവർകളെ മക്കൾ അലി,ഉമർ അവർകൾ ഒരുമിച്ചല്ലാതെ കഴിക്കയില്ല. പിന്നെ അവര്കളെയെല്ലാം മദീനം കൊള്ളെ കാവൽക്ക് കുതിരക്കാർ മുമ്പും പിൻപും അണിനിരത്തി അയച്ചു കൊടുത്തു...” യസീദിനെ മഹത്വപ്പെടുത്തുക എന്ന ലക്ഷ്യമല്ല ഇതിലൊന്നും. അഹ്ലുസ്സുന്നയുടെ സ്തുത്യർഹമായ സുരക്ഷിത നിലപാട് പഠിപ്പിക്കുക മാത്രമാണ്.

1351/1932 ലാണ് പരൂർ വെളിയത്ത് കുഞ്ഞഹമ്മദ് മുസ്ല്യാരുടെ വിഖ്യാതമായ ‘ഫൈളുൽബാരി അഥവാ പരോപകാരി’ ഇറങ്ങുന്നത്. തികഞ്ഞ സ്വൂഫിയും ആഹ്ലുല്ബൈത്ത് പ്രേമിയുമായ അദ്ദേഹം, യസീദിന്റെ കൊള്ളരുതായ്മകൾ സൂചിപ്പിക്കുന്നുവെങ്കിലും ശാപമോ ഘാതക ആരോപണമോ നടത്തുന്നില്ല. പരോപകാരിയുടെ പുറം 192 ൽ അദ്ദേഹം രേഖപ്പെടുത്തുന്നു: “ഇതെല്ലാം യസീദ് കേട്ടപ്പോൾ രണ്ട് കണ്ണിൽ നിന്ന് കണ്ണീർ ഒലിച്ചു. ഇപ്രകാരം പറഞ്ഞു: ഹുസൈൻ റ എന്നവരെ കൊന്നത് എനിക്ക് ഒട്ടും തൃപ്തിപ്പെട്ടില്ല.അതല്ലാത്ത കാര്യങ്ങൾ ചെയ്താൽ മതിയായിരുന്നു. ഞാൻ അവിടെ ഉണ്ടെങ്കിൽ തീർച്ചയായും അവർക്ക് മാപ്പ് ചെയ്യുവായിരുന്നു..”

കേരളമുസ്ലിംകൾ മാതൃകയാക്കുന്ന ജ്ഞാന മാതൃകകളെ അവഗണിച്ചു കൊണ്ട് ഈ വിനീതൻ ഇവ്വിഷയത്തിൽ മറ്റെന്തു പറയും, എന്തൊക്കെയോ ഊഹാപോഹങ്ങളും അവിശുദ്ധ വികാരങ്ങളും ചുമന്നു നടക്കുന്ന ഏതാനും അല്പജ്ഞാന്മാർക്ക് വേണ്ടി.. ?